യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 16 ലക്കം 7 | ജൂലൈ 2018 | വില 15 രൂപ



**കീഴടങ്ങൽ: ഒരേയൊരു പ്രതിവിധി**

*സ്റ്റാൻലി ജോൺസ്*

**ബൈബിളിലൂടെ...**

*സാക് പുന്നൻ*

JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 16 ജൂലൈ 2018 ലക്കം 7

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs. 150/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.1200/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:
**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കാക്കനാട് | 9446095370 |
| അടിമാലി | 9446556890 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


## മൊഴിമുത്തുകൾ

# അനുസരണത്തിനു പകരം പ്രാർത്ഥനയോ?



അനുസരണത്തിനു പകരം വയ്ക്കാനുള്ളതല്ല പ്രാർത്ഥന. അനുസരണത്തോടു കൂടി അല്ലാത്ത യാതൊരു യാഗവും പ്രാർത്ഥനയും കർത്താവു സ്വീകരിക്കുകയില്ല. തിരുവചനത്തിലെ വ്യക്തമായ ചട്ടങ്ങളെയും പ്രമാണങ്ങളെയും കല്പനകളെയും കാറ്റിൽ പറത്തി ഉണർവ്വിനായി പ്രാർത്ഥിക്കുന്നതു വെറും പാഴ്‌വേല മാത്രമാണെന്നു നാം ഓർക്കണം.

- എ. ഡബ്ല്യു.ടോസർ

## ഭാവിയിലേക്കു നോക്കുമ്പോൾ...




*നിന്റെ ഭക്തന്മാർക്കുവേണ്ടി നീ സംഗ്രഹിച്ചതും... നീ പ്രവർത്തിച്ചതുമായ നിന്റെ നന്മ എത്ര വലിയതാകുന്നു. (സങ്കീർത്തനം 31:19)*

**എഡിറ്റോറിയൽ**

# സ്വാതന്ത്ര്യത്തിലേക്കു കീഴടങ്ങുക



'ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ' (യാക്കോബ് 4:7)

ദൈവത്തിനു നമ്മുടെ അനുസരണം പോരാ, കീഴടക്കമാണു വേണ്ടത്. സമൂഹവും സർക്കാരും നിയമത്തോടുള്ള നമ്മുടെ അനുസരണം മാത്രം ആവശ്യപ്പെടുമ്പോൾ ദൈവം ഒരു പടി കൂടെ കടന്നു തന്റെ മുൻപാകെയുള്ള നമ്മുടെ കീഴടക്കവും ആഗ്രഹിക്കുന്നു. ഉവ്വ്, നാം കീഴടങ്ങാൻ അവിടുന്ന് ആവശ്യപ്പെടുന്നത് ആത്യന്തികമായി നമ്മുടെ തന്നെ നന്മയ്ക്കായാണ്.

അനുസരണവും (obedience) കീഴടക്കവും (submission, surrender) -എന്താണ് ഇവ തമ്മിലുള്ള വ്യത്യാസം? വേഗത്തിൽ മനസ്സിലാകാൻ, കേട്ടിട്ടുള്ള ഒരു ഉദാഹരണം ഇങ്ങനെ പറയട്ടെ: കുസൃതി കാട്ടിയ അഞ്ചു വയസ്സുകാരൻ മകനോട് അച്ഛൻ ആജ്ഞാപിച്ചു: 'ഇരിക്കവിടെ.' മകൻ അനുസരിച്ചില്ല. അവൻ അവിടെ തന്നെ നിന്നു. രോഷാകുലനായ അച്ഛൻ വടിയെടുത്തുകൊണ്ട് അവന്റെ നേരെ ചീറി: 'ഇരിക്കാനല്ലേ നിന്നോടു പറഞ്ഞത്?' പേടിച്ചുപോയ കുഞ്ഞ് വേഗം ഇരുന്നു. എന്നാൽ കുറുമ്പോടെ അവൻ അച്ഛനോട് ഇങ്ങനെ പറയാൻ മടിച്ചില്ല: 'ഞാൻ ഇരുന്നെങ്കിലും മനസ്സിൽ എഴുന്നേറ്റു നിൽക്കുകയാണ്.' ഇതാണ് അനുസരണവും കീഴടക്കവും തമ്മിലുള്ള വ്യത്യാസം. കുട്ടി അനുസരിച്ചില്ലേ? അനുസരിച്ചു. എന്നാൽ കീഴടങ്ങിയോ? ഇല്ല.

കീഴടക്കത്തിനു താഴെ അനുസരണംകൊണ്ടു തൃപ്തിപ്പെടും മിക്കപ്പോഴും സർക്കാരും സമൂഹവും. നിയമം പാലിക്കുന്നുണ്ടോ, നികുതി അടയ്ക്കുന്നുണ്ടോ എന്നെല്ലാം മാത്രമേ ഗവൺമെന്റ് നോക്കുന്നുള്ളു. ചുവപ്പു സിഗ്നൽ കണ്ടപ്പോൾ വണ്ടി നിർത്തിയാൽ, സമയത്തിനു കരം അടച്ചാൽ നിയമം തൃപ്തിപ്പെട്ടുകൊള്ളും. മുറുമുറുപ്പോടെയും ഉള്ളിലുള്ള മത്സരത്തോടെയുമാണോ അതനുസരിച്ചതെന്നതു സർക്കാരിനെ സംബന്ധിച്ചു പ്രശ്നമല്ല. (അനുസരണത്തിനും അപ്പുറത്തു കീഴടക്കമാണ് നിയമവും ആവശ്യപ്പെട്ടിരുന്നതെങ്കിൽ നമ്മുടെ നാട്ടിൽ പണ്ടേ ജയിലുകളെല്ലാം നിറഞ്ഞുകവിയുമായിരുന്നു).

എന്നാൽ ദൈവത്തിന് കേവല അനുസരണത്തിനും അപ്പുറത്ത് കീഴടക്കം വേണം. മൂന്നു തലങ്ങളിലുള്ള കീഴടക്കമാണു ദൈവം ആവശ്യപ്പെടുന്നത്. ദൈവത്തോട്, ദൈവവചനത്തോട്, അധികാരങ്ങളോട് എന്നിവയാണവ. അവ ഓരോന്നായി നോക്കാം:

**ദൈവമുൻപാകെയുള്ള കീഴടക്കം**

യേശു ശിഷ്യന്മാരോട് ഒരിക്കൽ ഇങ്ങനെ പറഞ്ഞു : "നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു. ഞാൻ അങ്ങനെ ആകകൊണ്ടു നിങ്ങൾ പറയുന്നതു ശരി. കർത്താവും ഗുരുവുമായ ഞാൻ

നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു' (യോഹ 13:13,14). യേശുവിനെ ശിഷ്യന്മാർ വിളിക്കുന്നതു 'ഗുരു' (teacher) എന്നും 'കർത്താവ്' (Lord) എന്നുമാണ്. ഗുരുവിന്, അദ്ധ്യാപകന് അനുസരണം മതി. എന്നാൽ യേശുവിനെ കർത്താവെന്നും (തങ്ങളുടെ മേൽ കർതൃത്വം- Lordship - ഉള്ളവൻ) അവർ വിളിക്കുന്നതുകൊണ്ട് ശിഷ്യന്മാർ യേശുവിനു കീഴടങ്ങുകയും വേണമെന്ന് അവിടുന്നു ചൂണ്ടിക്കാട്ടി. മാത്രമല്ല തുടർന്നു സംസാരിക്കുമ്പോൾ യേശു, 'ഗുരുവും കർത്താവും' എന്ന ക്രമം മാറ്റി 'കർത്താവും ഗുരുവും' എന്നാക്കുന്നു. കർതൃത്വത്തെ ഒന്നാമതു അവിടുന്നു പ്രതിഷ്ഠിക്കുന്നു. തന്റെ ശിഷ്യന്മാർ തന്റെ കർതൃത്വത്തെ അംഗീകരിക്കണമെന്ന് അവിടുന്ന് ആവശ്യപ്പെടുമ്പോൾ കീഴടങ്ങാതെ അതു സാദ്ധ്യമല്ലല്ലോ. അവിടുത്തെ ശിഷ്യന്മാരായ നാമും ഒന്നാമതു തനിക്കു കീഴടങ്ങി അവിടുത്തെ കർതൃത്വത്തെ അംഗീകരിക്കുകയാണു വേണ്ടത്. ദൈവമുൻപാകെയുള്ള ഈ കീഴടക്കത്തിന്റെ ഭാഗവും തുടർച്ചയുമാണ് ദൈവവചനത്തോടുള്ള കീഴടക്കവും അധികാരത്തോടുള്ള കീഴടക്കവും.

**ദൈവവചനത്തോടുള്ള കീഴടക്കം**

ദൈവവചനത്തോടുള്ള കീഴടക്കമാണു തുടർന്നു വേണ്ടത്. 'തന്റെ നാമത്തിനു മീതെ ഒക്കെയും അവിടുന്നു തന്റെ വചനത്തെ മഹിമപ്പെടുത്തിയിരിക്കുന്നു' എന്നു ദാവീദു പറയുമ്പോൾ (സങ്കീ. 138:2 മലയാളത്തിൽ 'വാഗ്ദാനം മഹിമപ്പെടുത്തിയിരിക്കുന്നു' എന്നതു ഇംഗ്ലീഷിൽ 'വചനത്തെ മഹിമപ്പെടുത്തിയിരിക്കുന്നു' എന്നാണല്ലോ) ദൈവവചനത്തിന്റെ അതുല്യമായ പ്രാധാന്യത്തിലേക്കാണതു വിരൽ ചൂണ്ടുന്നത്. സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമാക്കിയിരിക്കുന്നതാണു വചനം. ദൈവം പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തതും അന്ത്യകാലത്തു പുത്രൻ മുഖാന്തരം അരുളിച്ചെയ്തതുമാണത് (എബ്രായ 1:1,2). 'ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവൃത്തിയാകുവോളം ഇതിലെ വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകുകയില്ല' എന്നും യേശു ഈ വചനത്തെപ്പറ്റിയാണു പറഞ്ഞത് (മത്തായി 5:18).

ദൈവനിശ്വാസ്യമായ ഈ വചനത്തിനു കീഴടങ്ങണമെന്നു പറയുമ്പോൾ ഇന്നു ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്നവർ പോലും പലരും അതിനോടു മുഖം തിരിക്കുന്നു. അങ്ങനെ പറയുന്നതു സങ്കുചിതമായ ക്രിസ്തീയ മൗലികവാദത്തിന്റെ (Christian fundamentalism) ലക്ഷണമാണെന്ന് അവർ മുദ്രകുത്തുന്നു. എല്ലാ മതഗ്രന്ഥങ്ങളിലും നല്ല കാര്യങ്ങളുണ്ടെന്നും ബൈബിളും അങ്ങനെയൊക്കെയാണെന്നും പറഞ്ഞ് മാനവവാദത്തിലൂന്നിയ ഒരുതരം വിശാലതയാണ് അവർ പ്രഘോഷിക്കുന്നത്. ഫലത്തിൽ അവർ ദൈവവചനത്തിന്റെ ആധികാരികതയേയും അതുല്യതയെയും നിഷേധിക്കുകയാണ്. വാസ്തവത്തിൽ ദൈവവചനം അതായിരിക്കുന്നതുപോലെ ദൈവവചനമായി കണ്ട് അതിനു കീഴടങ്ങുന്നതു ജീവിതത്തിനു വ്യക്തതയും മൂർച്ചയും സുരക്ഷിതത്വവും

*(ശേഷം പേജ് 38 ൽ)*

**സന്ദേശം**

# കീഴടങ്ങൽ: ഒരേയൊരു പ്രതിവിധി

**സ്റ്റാൻലി ജോൺസ്**

ഒരു മീറ്റിംഗിന്റെ അവസാനം വചനം കേട്ടുകൊണ്ടിരുന്ന ഒരു സ്ത്രീ എന്നെ സമീപിച്ച് ഇങ്ങനെ പറഞ്ഞു "എനിക്കു താങ്കളുടെ പ്രസംഗത്തിന്റെ ഗുട്ടൻസ് പിടികിട്ടി. നിങ്ങൾക്ക് എല്ലാറ്റിനും ഒരേയൊരു പ്രതിവിധിയേ ഉള്ളൂ- സ്വയം കീഴടങ്ങുക".

ഉവ്വ്, സ്വയം സമർപ്പണമാണോ എല്ലാറ്റിനും ഉള്ള ഏകഉത്തരം എന്ന കാര്യം വിശദമായി ചർച്ച ചെയ്യാനാണു ഞാൻ മുതിരുന്നത്.

ദുഃഖിതയായ ഒരു സ്ത്രീ കഴിഞ്ഞ രാത്രി നന്നേ വൈകി എനിക്കു ടെലിഫോൺ ചെയ്തു.



*ഒരുവൻ വ്യക്തിപരമായി ദൈവത്തിനായി സമർപ്പിച്ചിട്ടില്ലെങ്കിൽ, ഏകാന്തതയെന്ന പ്രശ്നത്തിന് അടിസ്ഥാനപരമായ ഒരു വിടുതൽ ലഭ്യമാകുകയില്ല.*

**ദൈവത്തോടും നമ്മളോടും മറ്റുള്ളവരോടും ഉള്ള ബന്ധത്തിലെ പൂട്ടുകൾ തുറക്കുവാനുള്ള താക്കോൽ സ്വയം കീഴടങ്ങലാണ്. ന്യായമായും അപ്പോൾ ഒരു സംശയം ഉണ്ടാകാം: എപ്പോഴും കീഴടങ്ങുകയാണെങ്കിൽ വളർച്ച പിന്നെ എങ്ങനെയാണ്? വളർച്ച കീഴടങ്ങലിനെ തുടർന്നു മാത്രമേ സംഭവിക്കുകയുള്ളൂ. കീഴടങ്ങാത്ത ഒരുവനെ ആത്മീയമായി വളർത്താൻ നിങ്ങൾക്കാവില്ല. കാരണം തെറ്റായ കേന്ദ്രത്തിനു ചുറ്റുമാണ് അവൻ കറങ്ങുന്നത്.**

എന്റെ യോഗത്തിൽ ഈ സ്ത്രീയും ഭർത്താവും സംബന്ധിച്ചിരുന്നു. അവർ മീറ്റിംഗിനു വരുന്നതിനു മുൻപു പതിനെട്ടുകാരനായ മകനോട് നിർബന്ധമായും ഈ മീറ്റിംഗിൽ പങ്കെടുത്തു കൊള്ളണമെന്ന് പറഞ്ഞിരുന്നു. 'പഠിക്കാനുണ്ട്. പോരെങ്കിൽ യോഗത്തിൽ പങ്കെടുക്കാൻ താത്പര്യവുമില്ല' അതായിരുന്നു മകന്റെ മറുപടി. രണ്ടായാലും മീറ്റിംഗിനു വന്നു കൊള്ളണമെന്നാജ്ഞാപിച്ചിട്ട് അച്ഛനമ്മമാർ യോഗത്തിനു പോയി. മടങ്ങി വീട്ടിൽ എത്തിയപ്പോൾ പറഞ്ഞിട്ടുകേൾക്കാതിരുന്ന മകനോട് അച്ഛൻ ദേഷ്യപ്പെട്ടു. മകനോട് വീടുവിട്ടുപോകാൻ ആവശ്യപ്പെട്ടു. അമ്മ എനിക്കു ഫോൺ ചെയ്യുമ്പോൾ മകൻ വീടു നിൽക്കുന്ന തെരുവിന്റെ കോണിലും അച്ഛൻ വീട്ടിനുള്ളിലും കലി തുള്ളി നിൽക്കുകയാണ്. രണ്ടുപേരും കീഴടങ്ങാൻ ഒരുക്കമല്ല.

ഇവിടുത്തെ പ്രശ്നം യഥാർത്ഥത്തിൽ എന്താണ്? കീഴടങ്ങാത്ത സ്വയം; ഇരുവരെ സംബന്ധിച്ചും ഈ പ്രശ്നം ഒരഴിയാക്കുരുക്കായി നിൽക്കും. ഒരാളോ രണ്ടുപേരുമോ "എന്നോടു ക്ഷമിക്കണം" എന്നു പറയുന്നതുവരെ, അഥവാ കീഴടങ്ങുന്നതു വരെ.

ഞങ്ങൾ കയറിയ വിമാനം ഇന്ത്യയിലെ ഒരു വിമാനത്താവളത്തിൽ മണിക്കൂറുകൾ വെറുതെ കിടന്നു. പ്രശ്നം പൈലറ്റ് ഒരു കീഴ്ജീവനക്കാരനോടു പരുഷമായി പെരുമാറി. ആ ജീവനക്കാരനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് വിമാനത്താവളത്തിലെ അറ്റകുറ്റപ്പണികൾ നടത്തുന്ന ജീവനക്കാർ മിന്നൽ പണിമുടക്കു നടത്തി. ഫലം: നൂറുകണക്കിനു യാത്രക്കാരുടെ പരിപാടികളെല്ലാം അവതാളത്തിലായി. ഒരു 'മാന്ത്രികവാക്കി'നു മാത്രമേ ആ പ്രശ്നത്തിന്റെ കുരുക്കഴിക്കുവാൻ കഴിയുമായിരുന്നുള്ളൂ- "ഞാൻ ഖേദിക്കുന്നു. ക്ഷമിക്കണം" ഒടുവിൽ അതുതന്നെ സംഭവിച്ചു. തുടർന്നു വിമാനങ്ങൾ വീണ്ടും പറക്കാൻ തുടങ്ങി.

ഇന്ത്യയിലെ ഒരു പത്രമോഫീസിൽ പണിമുടക്ക് ഒന്നരക്കൊല്ലം നീണ്ടുനിന്നു. പ്രശ്നം നിസ്സാരം. ഒരു കീഴുദ്യോഗസ്ഥൻ മേലുദ്യോഗസ്ഥനോട് മോശമായി പെരുമാറി. അയാളെ ജോലിയിൽ നിന്നു പിരിച്ചുവിട്ടു. മറ്റുജീവനക്കാർ അയാളെ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടു സമരവും ആരംഭിച്ചു. ഒടുവിൽ

ക്രിസ്ത്യാനിയായ ഒരു ലേബർ ഓഫിസർ ഒരു മധ്യസ്ഥത പറഞ്ഞു: “മോശമായി പെരുമാറി ജോലി നഷ്ടപ്പെട്ട ആൾ തെറ്റു സമ്മതിച്ചു മാപ്പു പറയണം. ഓഫിസർ മാപ്പു സ്വീകരിച്ച് അയാളെ വീണ്ടും ജോലിയിൽ പ്രവേശിപ്പിക്കണം.” ഈ നിർദ്ദേശം സ്വീകരിക്കപ്പെട്ടു. പണിമുടക്കു തീർന്നു. പിറ്റേന്നത്തെ പത്രത്തിലെ തലക്കെട്ട്: “പണിമുടക്ക് അവസാനിപ്പിക്കാൻ ഒരു പുതിയ വഴി.”

ഒരു പുതിയ വഴി? ഇല്ല. ഇതാണ് ഒരേയൊരു വഴി-സ്വയത്തിന്റെ കീഴടങ്ങൽ; ഇരുവശത്തുനിന്നും!

ദൈവത്തോടും നമ്മളോടും മറ്റുള്ളവരോടും ഉള്ള ബന്ധത്തിലെ പൂട്ടുകൾ തുറക്കുവാനുള്ള താക്കോൽ സ്വയം കീഴടങ്ങലാണ്. ന്യായമായും അപ്പോൾ ഒരു സംശയം ഉണ്ടാകാം: എപ്പോഴും കീഴടങ്ങുകയാണെങ്കിൽ വളർച്ച പിന്നെ എങ്ങനെയാണ്? വളർച്ച കീഴടങ്ങലിനെ തുടർന്നു മാത്രമേ സംഭവിക്കുകയുള്ളൂ. കീഴടങ്ങാത്ത ഒരുവനെ ആത്മീയമായി വളർത്താൻ നിങ്ങൾക്കാവില്ല. കാരണം തെറ്റായ കേന്ദ്രത്തിനു ചുറ്റുമാണ് അവൻ കറങ്ങുന്നത്. തെറ്റായ കേന്ദ്രമുള്ള ഒരുവന് പണിയുവാനോ അച്ചടക്കം പഠിപ്പിക്കുവാനോ കഴിയുകയില്ല. കീഴടങ്ങലിലൂടെ ജീവിതകേന്ദ്രത്തിൽ അവൻ ക്രിസ്തുവിനെ പ്രതിഷ്ഠിക്കണം. അങ്ങനെ ചെയ്യുമ്പോൾ പുതിയൊരു കേന്ദ്രം ലഭിച്ച ഈ പുതിയ വ്യക്തിയെ പണിയുവാനും അച്ചടക്കം പഠിപ്പിക്കുവാനും നമുക്കു കഴിയും. അനന്തമായ വളർച്ചയ്ക്ക് അതോടെ വഴിതുറക്കുകയായി.

നിങ്ങൾക്കും വീണ്ടെടുപ്പുകാരനായ ക്രിസ്തുവിനും ഇടയിൽ തടസ്സം ഒന്നും ഇല്ലെങ്കിൽ അവിടുത്തെ രക്ഷാകരമായ വീചികളോട് ദിനം തോറും നാഴികതോറും നിമിഷം തോറും നിങ്ങൾ മുഖാമുഖം നില്ക്കുകയാണ്. ശാരീരിക, മാനസിക, ആത്മീയ തലങ്ങളെല്ലാം ഈ രീതിയിൽ ദൈവത്തെ അഭിമുഖീകരിക്കുവാനും അവിടുത്തെ പാതയിൽ വളരുവാനും സഹായകരമാണല്ലോ.

ഏകാന്തതയ്ക്കുള്ള ദൈവിക പ്രതിവിധിയും ക്രിസ്തുവിനു മുന്നിലെ കീഴടങ്ങലാണ്. നിങ്ങൾ ഒറ്റയ്ക്കല്ലെങ്കിൽ (ക്രിസ്തു എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടെങ്കിൽ) നിങ്ങൾ ഏകാകിയായിരിക്കുന്നതെങ്ങനെ? ഏകാകിയായി, ഒറ്റയ്ക്കായിപ്പോയി, എന്നു പരാതി പറയാവുന്ന ഒരു നിമിഷംപോലും ഇന്നെന്റെ ജീവിതത്തിലില്ല. കഴിഞ്ഞ അമ്പതു വർഷമായി അത്തരം ഒരു സമയം എനിക്കുണ്ടായിട്ടില്ല. അവിടുന്ന് എന്നോടൊപ്പം ഇവിടെയുണ്ട്, അവിടെയുണ്ട്, എല്ലായിടത്തുമുണ്ട്. അതുകൊണ്ടുതന്നെ ഒരിക്കലും നിരാശാഭരിതമായ. തനിയെ ആയിപ്പോയ ഒരു നിമിഷം എന്റെ ജീവിതത്തിലില്ല.

ഒരുവൻ വ്യക്തിപരമായി ദൈവത്തിനായി സമർപ്പിച്ചിട്ടില്ലെങ്കിൽ, ഏകാന്തതയെന്ന പ്രശ്നത്തിന് അടിസ്ഥാനപരമായ ഒരു വിടുതൽ ലഭ്യമാകുകയില്ല. ടെലിവിഷൻ, പുസ്തകങ്ങൾ, ആൾക്കൂട്ടം, കച്ചേരികൾ, വിനോദങ്ങൾ ഇവയൊക്കെ നൈമിഷകമായി നിങ്ങളുടെ ശ്രദ്ധയെ വ്യതിചലിപ്പിച്ചിട്ടുണ്ടാകും. പക്ഷേ ആ പരിപാടികളൊക്കെ കഴിയുമ്പോൾ അടിസ്ഥാനപരമായ ആ

ഏകാന്തത നിങ്ങളെ വീണ്ടും വേട്ടയാടുകയായി. എന്നാൽ ദൈവവുമായി ഒരു ബന്ധം നിങ്ങൾ കീഴടങ്ങലിലൂടെ സാധിച്ചു കഴിയുമ്പോൾ ലോകത്ത് എവിടെപ്പോയാലും വീട്ടിലായിരിക്കുന്ന ഒരു സ്വസ്ഥത നിങ്ങൾക്ക് അനുഭവവേദ്യമാകും. നിങ്ങൾ ഒരിക്കലും അന്യനായിരിക്കുകയില്ല. ഒരു സ്ഥലവും അപരിചിതമായിരിക്കുകയില്ല. നിങ്ങൾ എപ്പോഴും സ്വന്തം ഭവനത്തിൽ കഴിയുന്ന അവസ്ഥയിലായിരിക്കും. അവിടുന്നാണു നമ്മുടെ ഭവനം.

സ്വയം സമർപ്പണം ഏകാന്തതയെ മാത്രമല്ല മരണഭയത്തേയും എടുത്തുകളയുന്നു. അതു മരണഭയത്തെ ഇല്ലാതാക്കുന്നതിനു കാരണം ഇതാണ്: നിങ്ങൾ നേരത്തെ തന്നെ മരിച്ചുകഴിഞ്ഞിരിക്കുന്നു. നിങ്ങളുടെ സ്വയം ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടു കഴിഞ്ഞു. ''ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.'' എന്ന പൗലൊസിന്റെ വാക്കുകൾ ഓർക്കുക. നേരത്തെ മരിച്ചുകഴിഞ്ഞവർക്കു പിന്നീടു മരണത്തെ പേടിക്കേണ്ടല്ലോ. ഞാൻ ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടിരിക്കുന്നത് ഒരു സാധാരണ ക്രൂശീകരണമല്ല. ആ ക്രൂശീകരണത്തോടൊപ്പം ഒരു പുനരുത്ഥാനമുണ്ട്. "ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്." (ഗലാത്യർ 2:20). പൗലൊസിന്റെ ഈ പ്രസ്താവനയിൽ തേജസ്സേറിയ പരസ്പരലയനം കാണാം- എവിടെയാണു നിങ്ങൾ അവസാനിച്ചു ക്രിസ്തു ആരംഭിക്കുന്നതെന്നോ ക്രിസ്തു അവസാനിച്ചു നിങ്ങൾ ആരംഭിക്കുന്നതെന്നോ പറയുവാൻ കഴിയുകയില്ല. മരണത്തെ വിജയം വിഴുങ്ങിക്കഴിഞ്ഞിരിക്കുന്നു. "ഇതാണ് മരണമെങ്കിൽ അത് അനുഗൃഹീതമാണ്- അത് ജീവനാണ്" എന്നു നിങ്ങൾ ഉദ്ഘോഷിക്കും. മരണാസന്നനായിരിക്കെ ഇപ്രകാരമുള്ള ഒരു വ്യക്തി എന്നോട് ഇങ്ങനെയാണു പറഞ്ഞത്: "ഇതാണു മരണമെന്ന് അവർ എന്നോട് പറയുന്നു. ഇതു ജീവനാണല്ലോ''. അവർ തുടർന്നു മരണത്തെ ഇങ്ങനെ സ്വാഗതം ചെയ്തു: "ഓ, മരണമേ, നീ നിന്റെ ഗേറ്റ് മലർക്കെ തുറന്നാലും". നിങ്ങൾ ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കുന്നുവെങ്കിൽ മരണം നിങ്ങൾക്കു കീഴ്പ്പെട്ടിരിക്കുന്നു. ജോർജ് മക്ലിയോഡ് ഇങ്ങനെ പറഞ്ഞു: "നിങ്ങൾക്ക് ഇനി നുറുക്കുവാൻ കഴിയാത്തത് ഒരേ ഒരു മനുഷ്യനെയാണ്; നേരത്തെ നുറുങ്ങപ്പെട്ട ഒരു മനുഷ്യനെ- സ്വന്ത സമ്മതത്തോടെ തകർക്കപ്പെട്ട ഒരു മനുഷ്യനെ".

സ്വയം സമർപ്പിക്കുന്നതിന്റെ മറ്റൊരു ഉപോത്പന്നമാണ് ദിനംതോറും ഉയർന്നു വരുന്ന ഭാരങ്ങളെ സമർപ്പിക്കുവാൻ കഴിയുന്നു എന്ന സാധ്യത. സ്വയം ഇപ്പോഴും നിങ്ങളുടെ കരങ്ങളിലാണെങ്കിൽ, കീഴടങ്ങാത്ത സ്വയം ഉത്പാദിപ്പിക്കുന്ന ദൈനംദിനഭാരങ്ങൾ കീഴടങ്ങാത്ത സ്വയത്തോടു പറ്റിപ്പിടിച്ച് ഭാരങ്ങളെ ഇരട്ടി ഭാരമുള്ളതാക്കിത്തീർക്കുന്നു. അതേ സമയം ഒരിക്കൽ സ്വയം, സമർപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഭാരങ്ങൾ സ്വാഭാവികമായിത്തന്നെ

കൊഴിഞ്ഞുപോകും. കാരണം, ഈ ഭാരങ്ങൾ സമർപ്പിതമല്ലാത്ത ഒരു സ്വയത്തിന്റെ സൃഷ്ടിയാണ്.

സ്വയം കീഴടങ്ങിയിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും നാം ജീവിക്കുന്ന സാഹചര്യത്തിൽ നിന്നു ധാരാളം ഭാരങ്ങൾ കടന്നുവരാം. എന്നാൽ നാം സ്വയത്തെ സമർപ്പിക്കുന്നുണ്ടെങ്കിൽ നമുക്ക് ഈ ഭാരങ്ങളെയും സമർപ്പിക്കുവാൻ കഴിയും. സ്വയത്തെ സമർപ്പിക്കുകയാണു കൂടുതൽ പ്രയാസമുള്ളത്. അത് ചെയ്തിട്ടുണ്ടെങ്കിൽ ഭാരങ്ങളെ സമർപ്പിക്കുന്നത് താരതമ്യേന എളുപ്പമാണ്. ഭാരങ്ങളെ സംബന്ധിച്ചിടത്തോളം എന്റെ താക്കോൽ വാക്യം ഇതാണ്: ''ആധിപത്യം അവന്റെ തോളിലാണ്''. അവന്റെ തോളിലാണ്; എന്റെ തോളിലല്ല. സ്വയസമർപ്പണത്തെ തുടർന്ന് അവിടുന്ന് എന്റെ ഉടമസ്ഥനായെങ്കിൽ അവിടുത്തേക്ക് ഇപ്പോൾ നിയന്ത്രണം ഏറ്റെടുത്ത് ഈ ഭാരങ്ങളെ കൈകാര്യം ചെയ്യാൻ കഴിയും. ഇനി എല്ലാ തീരുമാനങ്ങളും എടുത്തുനടപ്പാക്കുന്ന ചുമതല അവിടുത്തേക്കു കൊടുത്തു; എനിക്കു കൈകഴുകി മാറിയിരിക്കാം എന്നല്ല ഞാൻ അർത്ഥമാക്കിയത്. ഞാൻ എന്റെ ഭാരങ്ങളെ ദൈവത്തെ ഏല്പിച്ച ശേഷം ഞാൻ പറയുന്നത് "ഞാൻ ചെയ്യാൻ അവിടുന്ന് ആഗ്രഹിക്കുന്നത് എന്താണെന്ന് അവിടുന്ന് ഇനി എന്നെ കാണിക്കുക'' എന്നാണ്. അത് കൂട്ടായ ഒരു ഉത്തരവാദിത്വമാണ്. ഭാരങ്ങൾ അവിടുത്തെ തോളിലാണ്. അതുകൊണ്ട് ഞാൻ ഭാരം ഒഴിഞ്ഞു സ്വതന്ത്രനാണ്. അതേസമയം ഞാൻ ഉത്തരവാദിത്വം എടുക്കുന്നവനും സഹകരിക്കുന്നവനുമാണ്.

**ഞങ്ങളുടെ ആശ്രമത്തിൽ വന്ന ഒരു ചെറുപ്പക്കാരൻ ദൈവത്തിനായി സ്വയം സമർപ്പിച്ചശേഷം ഇങ്ങനെ ഹൃദയം തുറന്നു: "ഞാൻ ഈ പ്രപഞ്ചത്തിന്റെ ജനറൽ മാനേജർ എന്ന തസ്തികയിൽ നിന്നു രാജിവച്ചിരിക്കുന്നു." സ്വയം സമർപ്പണം അവന്റെ വലിപ്പം കുറച്ചു. അവന്റെ ജോലിയുടെ ഭാരവും ലഘൂകരിച്ചു. ഇനിയുള്ളത് അവനും ദൈവത്തിനും കൂടെ കൂട്ടായി കൈകാര്യം ചെയ്യാനുള്ളതേ ഉള്ളൂ!.**

ഞങ്ങളുടെ ആശ്രമത്തിൽ ഉപദേശം തേടിവന്ന ഒരു സ്ത്രീ പറഞ്ഞു: "എന്റെ കുടുംബത്തെ എങ്ങനെ കൈകാര്യം ചെയ്യണമെന്നതു സംബന്ധിച്ച ഉപദേശം തേടിയാണ് ഞാൻ ഇവിടെ എത്തിയിരിക്കുന്നത്." കൈകാര്യം ചെയ്യുക എന്ന പദമാണ് അവൾ ഉപയോഗിച്ചതെന്ന് ശ്രദ്ധിക്കുക. തന്റെ കുടുംബത്തെ അടക്കിഭരിക്കുവാനുള്ള അദമ്യമായ ഒരു വാഞ്ഛ അവളിൽ ആഴത്തിലുണ്ടായിരുന്നു! തന്റെ 'യജമാനഭാവത്തെ' അവൾ ക്രിസ്തുവിനു മുൻപിൽ സമർപ്പിച്ചുകഴിഞ്ഞപ്പോൾ ഒരു വലിയ ഭാരം എടുത്തുമാറ്റപ്പെട്ടതുപോലെ. തന്റെ ഭവനത്തെ 'കൈകാര്യം ചെയ്യുന്ന' വിഷമം പിടിച്ച ജോലിയിപ്പോൾ അവൾക്കില്ല. അവൾ ആകെ ചെയ്യേണ്ടത് ഭവനത്തിലുള്ളവരെ സ്നേഹിക്കുകയാണ്. "സ്നേഹത്തിന് നേരിടാൻ കഴിയാത്തത് ഒന്നുമില്ല" (1 കൊരിന്ത്യർ 13:7 ന്യൂ ഇംഗ്ലീഷ് ബൈബിൾ).

ഞങ്ങളുടെ ആശ്രമത്തിൽ വന്ന ഒരു ചെറുപ്പക്കാരൻ ദൈവത്തിനായി

സ്വയം സമർപ്പിച്ചശേഷം ഇങ്ങനെ ഹൃദയം തുറന്നു: "ഞാൻ ഈ പ്രപഞ്ചത്തിന്റെ ജനറൽ മാനേജർ എന്ന തസ്തികയിൽ നിന്നു രാജിവച്ചിരിക്കുന്നു.'' സ്വയം സമർപ്പണം അവന്റെ വലിപ്പം കുറച്ചു. അവന്റെ ജോലിയുടെ ഭാരവും ലഘൂകരിച്ചു. ഇനിയുള്ളത് അവനും ദൈവത്തിനും കൂടെ കൂട്ടായി കൈകാര്യം ചെയ്യാനുള്ളതേ ഉള്ളൂ!.

ഇൻകംടാക്സ് ഓഫിസിൽ ജോലി ചെയ്തിരുന്ന ഇന്ത്യക്കാരനായ ഒരു ക്രിസ്ത്യാനിയോട് ഞാൻ ഒരിക്കൽ ഇങ്ങനെ ചോദിച്ചു ‘‘എന്താണു താങ്കളുടെ ഏറ്റവും വലിയ തലവേദന?'' ജോലിയിൽ അവനു ധാരാളം 'തലവേദനകൾ' ഉണ്ടാകുമെന്നായിരുന്നു എന്റെ ധാരണ. പക്ഷേ അവന്റെ ആശ്ചര്യപൂർവമായ മറുപടി ഇങ്ങനെ: "ഞാൻ ഒരു ക്രിസ്ത്യാനിയാണ്. എനിക്കു തലവേദനകൾ ഇല്ല". ആധിപത്യം അവിടുത്തെ തോളിലാണ്.

അതേസമയം ഏറെ ഭാരങ്ങളുള്ള മറ്റൊരു മനുഷ്യൻ എന്നോട് ഇങ്ങനെ പറഞ്ഞു "നാല് അൾസറുള്ള ഒരു ജോലി ചെയ്യുന്ന രണ്ട് അൾസറുള്ള ഒരു മനുഷ്യനാണ് ഞാൻ.'' ആധിപത്യം അവിടുത്തെ തോളിലല്ല. ഇപ്പോൾ അറ്റ്ലാന്റയിലേക്കുള്ള ഒരു വിമാനത്തിൽ സഞ്ചരിക്കവേ ഇതെഴുതുമ്പോൾ അവിടുത്തെ ഒരു ഡോക്ടർ എന്നോടു പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുന്നു: 'ഞാൻ ജോലി നോക്കുന്ന കോർപ്പറേഷനിലെ 75% വകുപ്പുമേധാവികൾക്കും വയറ്റിൽ അൾസറാണ്. അവർക്കുവേണ്ടി എന്തു ചെയ്യണമെന്ന് എനിക്കറിഞ്ഞുകൂടാ. ആളുകളുടെ ശാരീരിക പ്രശ്നങ്ങൾക്കു ചികിത്സ വിധിക്കാൻ മാത്രമേ എനിക്കറിയൂ. പക്ഷേ ആത്മാവിൽ വേരൂന്നിയിരിക്കുന്ന പ്രശ്നങ്ങൾക്കു ശാരീരികമായ അവശതകൾ അനുഭവിക്കുകയാണിവർ. ഇവരെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് എനിക്കറിഞ്ഞുകൂടാ." ഇവിടെ ഡോക്ടറും രോഗികളും ഒരു പോലെ ചെയ്യേണ്ട ഒരു കാര്യമുണ്ട്- തങ്ങളെത്തന്നെ ദൈവത്തിനായി സമർപ്പിക്കുക.

ദൈവത്തിനായി സമർപ്പിച്ചതിന്റെ ഫലമായി സന്തോഷവതിയായിത്തീർന്ന ഒരു കൃഷിവലപത്നി ഒരു വലിയ വ്യവസായിയോടു പറഞ്ഞു. "മിസ്റ്റർ ബിൽ, യേശു ക്രിസ്തുവിനു മുൻപിൽ നിങ്ങളെത്തന്നെ സമർപ്പിക്കുക എന്നതാണു നിങ്ങൾക്ക് അവശ്യം വേണ്ടത്.'' വൈകാതെ അദ്ദേഹം അതു ചെയ്തു. അദ്ദേഹം വ്യത്യസ്തനായി. തന്റെ അനുഭവം വിശദീകരിച്ചുകൊണ്ട് അദ്ദേഹം ആ വനിതയ്ക്കും എനിക്കും ഓരോ കത്ത് എഴുതുവാൻ തീരുമാനിച്ചു. കത്ത് അദ്ദേഹം തന്റെ സെക്രട്ടറിക്കു ഡിക്ടേറ്റു ചെയ്തു കൊടുത്തുകഴിഞ്ഞപ്പോൾ അവർ അദ്ദേഹത്തോടെ പറഞ്ഞു: "മിസ്റ്റർ ബിൽ, അങ്ങേയ്ക്കു സംഭവിച്ചത് ഞങ്ങൾക്കും ആവശ്യമുള്ളതാണെന്നു തോന്നുന്നു." ആ വാക്കുകൾ മുഖവിലയ്ക്കു തന്നെ എടുത്ത അദ്ദേഹം തന്റെ ഫാക്ടറിയിലുള്ള എല്ലാവരെയും വിളിച്ചു കൂട്ടി തനിക്കു സംഭവിച്ചത് അവരോട് സാക്ഷീകരിച്ചു. എന്നിട്ടു പറഞ്ഞു: ‘‘നിങ്ങൾ ജോലിക്കിടയിൽ എപ്പോഴെങ്കിലും നിരാശരായിത്തീർന്നാൽ കമ്പനി സമയം ഉപയോഗിച്ചു തന്നെ നിങ്ങൾ പ്രാർത്ഥനാ മുറിയിലേക്ക് ചെന്ന്

*(ശേഷം പേജ് 34 ൽ)*

# സ്നേഹത്തിൽ നിന്ന് വരുന്ന യഥാർത്ഥവിശ്വാസം

**ഡേവിഡ് വിൽക്കേഴ്സൺ**

**ദൈവത്തോടുള്ള** നിർമലമായ സ്നേഹത്തിൽ നിന്ന് ഉത്ഭവിക്കാത്ത വിശ്വാസം യഥാർത്ഥ വിശ്വാസമല്ല. 'വിശ്വാസവീരന്മാരുടെ' ചരിത്രം ഈ സത്യം വെളിവാക്കുന്നു. ഹാബേൽ, ഹാനോക്ക് എന്നിവർക്കു ശേഷം നമുക്കു നോഹയുടെ അനുഭവം നോക്കാം.

**3. നോഹ**

ദൈവത്തോടു ചേർന്നുള്ള വിശ്വാസത്തിന്റെ നടപ്പിന് മറ്റൊരു ഉദാഹരണമാണ് നോഹ. എബ്രായ ലേഖനകാരൻ ഇങ്ങനെ പറയുന്നു "വിശ്വാസത്താൽ നോഹ അതുവരെ കണ്ടിട്ടില്ലാത്ത കാര്യങ്ങളെക്കുറിച്ചു ദൈവത്തിൽ നിന്നു മുന്നറിയിപ്പു കിട്ടിയപ്പോൾ ഭയത്തോടെ പ്രവർത്തിച്ചു തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായി ഒരു പെട്ടകം തീർത്തു. അങ്ങനെ അവൻ ലോകത്തെ ന്യായം വിധിച്ചു. വിശ്വാസത്താൽ നീതിക്കു കൂട്ടവകാശിയായിത്തീർന്നു" (എബ്രായർ 11:7).

ഉല്പത്തി പുസ്തകത്തിൽ ഈ മനുഷ്യനെപ്പറ്റി നാം വായിക്കുന്നു. 'നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു' (6:8) തൊട്ടടുത്ത വാക്യത്തിൽ എങ്ങനെയാണ് അദ്ദേഹത്തിന് ഈ കൃപ ലഭിച്ചതെന്നും നാം കാണുന്നു-"നോഹ ദൈവത്തോടു കൂടെ നടന്നു" (6:9) നോഹയ്ക്കു ദൈവത്തിന്റെ സ്വരം വ്യക്തമായിട്ടും അറിയാമായിരുന്നു. എപ്പോഴൊക്കെ ദൈവം സംസാരിച്ചോ അപ്പോഴൊക്കെ നോഹ അത് അനുസരിക്കുകയും ചെയ്തു. അതുകൊണ്ട് വീണ്ടും വീണ്ടും നാം വായിക്കുന്നു. "ദൈവം നോഹയോട് അരുളിച്ചെയ്തു. നോഹ അനുസരിച്ചു" (6:13-22,7:1,5;8:15,18).

നോഹ ദൈവത്തോടൊപ്പം തനിയെ എത്ര സമയം ചെലവഴിച്ചു കാണുമെന്ന് ചിന്തിക്കുക. പെട്ടകം പണിയുടെ വിശദാംശങ്ങൾ ദൈവം തന്നെ നോഹയ്ക്കു പറഞ്ഞുകൊടുത്തു. മാത്രമല്ല, തിരുവചനം പറയുന്നത് തന്റെ ഹൃദയ രഹസ്യങ്ങൾ ദൈവം നോഹയുമായി പങ്കുവെച്ചെന്നാണ്. മനുഷ്യഹൃദയത്തിലെ തിന്മ എത്രയുണ്ടെന്നു നോഹയ്ക്കു ദൈവം കാണിച്ചുകൊടുത്തു. മനുഷ്യരാശിയുടെ ഭാവി സംബന്ധിച്ച പദ്ധതികളും ദൈവം നോഹയ്ക്കു വെളിപ്പെടുത്തി!

**4. അബ്രഹാം**

അബ്രഹാം ദൈവത്തോട് അടുത്ത കൂട്ടായ്മ പുലർത്തി 'എന്റെ സ്നേഹിതനായ അബ്രഹാം' (യെ

ദൈവത്തിന്റെ സ്നേഹിതൻ!- എത്ര അവിശ്വസനീയമായ ഒരു പദവിയാണത്. "യേശുവിലെൻ തോഴനെ ഞാൻ കണ്ടേൻ"-മിക്ക ക്രിസ്ത്യാനികളും പാടാറുള്ള പ്രശസ്തമായ ആ കീർത്തനം ബൈബിളിലെ ഈ സത്യം ശക്തിയോടെ പ്രഘോഷിക്കുന്നതാണ്. ഈ പ്രപഞ്ചസ്രഷ്ടാവ് ഒരു മനുഷ്യനെ സ്നേഹിതനെന്നു വിളിക്കുക! മനുഷ്യധാരണയിൽ ഒതുങ്ങാത്ത ഒരു കാര്യമാണിത്. എന്നാൽ അത് അബ്രഹാമിന്റെ കാര്യത്തിൽ സത്യമായി പരിണമിച്ചു. ദൈവത്തോടുള്ള അബ്രഹാമിന്റെ വലിയ അടുപ്പമാണ് ഇത് കാണിക്കുന്നത്.

ശയ്യ 41:8) എന്നു ദൈവം അബ്രഹാമിനെ പരിചയപ്പെടുത്തുമ്പോൾ അവർ തമ്മിലുള്ള അടുപ്പത്തിന്റെ ആഴം നമുക്ക് മനസ്സിലാകും. അതുപോലെ പുതിയനിയമം പറയുന്നതു ശ്രദ്ധിക്കുക: "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു..... അവൻ ദൈവത്തിന്റെ സ്നേഹിതനെന്ന് അറിയപ്പെട്ടു" (യാക്കോബ് 2:23).

ദൈവത്തിന്റെ സ്നേഹിതൻ!- എത്ര അവിശ്വസനീയമായ ഒരു പദവിയാണത്. "യേശുവിലെൻ തോഴനെ ഞാൻ കണ്ടേൻ"-മിക്ക ക്രിസ്ത്യാനികളും പാടാറുള്ള പ്രശസ്തമായ ആ കീർത്തനം ബൈബിളിലെ ഈ സത്യം ശക്തിയോടെ പ്രഘോഷിക്കുന്നതാണ്. ഈ പ്രപഞ്ചസ്രഷ്ടാവ് ഒരു മനുഷ്യനെ സ്നേഹിതനെന്നു വിളിക്കുക! മനുഷ്യധാരണയിൽ ഒതുങ്ങാത്ത ഒരു കാര്യമാണിത്. എന്നാൽ അത് അബ്രഹാമിന്റെ കാര്യത്തിൽ സത്യമായി പരിണമിച്ചു. ദൈവത്തോടുള്ള അബ്രഹാമിന്റെ വലിയ അടുപ്പമാണ് ഇത് കാണിക്കുന്നത്.

**കർത്താവിനോടുള്ള വർദ്ധിച്ച സ്നേഹം-മാത്രമല്ല ലോകത്തോടു വർദ്ധിച്ചുവരുന്ന**

**അകലവും ദൈവത്തോടുള്ള അടുപ്പത്തിന്റെ ഫലമാണ്.**

ക്രിസ്തുവിനോടുള്ള നമ്മുടെ അടുപ്പം വർദ്ധിക്കുന്തോറും അവിടുത്തെ സാന്നിദ്ധ്യത്തിൽ പൂർണമായി ജീവിക്കാനുള്ള നമ്മുടെ വാഞ്ഛ വർദ്ധിച്ചുവരും. യേശു മാത്രമാണ് നമ്മുടെ യഥാർത്ഥ അടിസ്ഥാനമെന്ന സത്യവും നാം കൂടുതൽ മിഴിവോടെ കാണാൻ തുടങ്ങും.

'ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി അബ്രഹാം കാത്തിരുന്നതായി' ബൈബിൾ പറയുന്നു (എബ്രായർ 11:10) അബ്രഹാമിനെ സംബന്ധിച്ചിടത്തോളം ഈ ജീവിതത്തിൽ ഒന്നും സ്ഥിരമായിരുന്നില്ല. ഈ ലോകം അബ്രഹാമിന് 'അന്യദേശ'മായിരുന്നുവെന്നു തിരുവെഴുത്തു പറയുന്നു. അതു വേരുകൾ താഴ്ത്തുവാനുള്ള സ്ഥലമായിരുന്നില്ല.

അതേ സമയം അബ്രഹാം ഒരു സന്ന്യാസിയോ ലോകവുമായി ബന്ധപ്പെടാത്ത ഒരു വിരക്തനോ ആയിരുന്നില്ല. ലോകകാര്യങ്ങളുമായി നിരന്തരം ബന്ധപ്പെട്ടു നിൽക്കുന്ന, ഭൂമിയിലുള്ള ഒരു ജീവിതം തന്നെയാണ് അദ്ദേഹം നയിച്ചിരുന്നത്. ധാരാളം മൃഗസമ്പത്തും ദാസീദാസന്മാരും ഒക്കെയായി തിരക്കുള്ള ജീവിതം നയി

ക്കവെ തന്നെ അദ്ദേഹം കർത്താവി നോട് അടുത്ത ബന്ധം സ്ഥാപി ക്കാൻ സമയം കണ്ടെത്തി. ദൈവ ത്തോടു ചേർന്നുള്ള ആ നടപ്പിൽ വളരുന്തോറും ഈ ലോകത്തെ സംബന്ധിച്ചുള്ള അസംതൃപ്തിയും അബ്രഹാമിൽ വളർന്നുകൊണ്ടിരു ന്നു. അബ്രഹാം ധനികനായിരുന്നു. ധാരാളം നല്ല കാര്യങ്ങൾ തന്നെ അവനെ തിരക്കുള്ളവനാക്കിയിരുന്നു. എന്നാൽ അവയൊന്നും മുമ്പിലുള്ള സ്വർഗ്ഗീയദേശത്തിനായി വാഞ്ഛരിച്ചു മുന്നോട്ട് ആയുന്നതിൽ നിന്ന് അബ്ര ഹാമിനെ വ്യതിചലിപ്പിച്ചില്ല. ആ നല്ല നാടിനോട് കൂടുതൽ അടുക്കാൻ അവൻ ഓരോ ദിവസവും ദാഹിച്ചു.

അബ്രഹാം വാഞ്ഛരിച്ച ആ പിതൃദേശം അക്ഷരാർത്ഥത്തിലുള്ള ഒരു സ്ഥലമല്ല, മറിച്ച് പിതാവിനോ ടൊത്ത് ആയിരിക്കുക, എന്നതാണ് അതിന്റെ അർത്ഥം. പിതൃദേശം എന്ന ഈ പ്രയോഗത്തിന്റെ എബ്രായ മൂലപദം 'പാറ്റർ' എന്നാ ണ്, പിതാവ് എന്ന അർത്ഥമാണ് ആ മൂലപദത്തിനുള്ളത്. അതുകൊണ്ട് അബ്രഹാം അന്വേഷിച്ച ആ പിതൃ ദേശം അക്ഷരാർത്ഥത്തിൽ പിതാവി നോടൊത്തുള്ള ഒരു സ്ഥലമാണ്.

ഇതിന്റെ എല്ലാം സമകാലിക പ്രസക്തി നമ്മെ സംബന്ധിച്ച് എന്താണ്? പിതൃദേശത്തേക്ക് അടു ത്തുകൊണ്ടിരിക്കുന്നു എന്നു പറയു മ്പോൾ ഭാവിയിൽ എന്നെങ്കിലും സ്വർഗ്ഗത്തിലെത്തുന്നതിനെക്കുറിച്ചല്ല ഉദ്ദേശിക്കുന്നത്. പിതാവിന്റെ സാന്നിദ്ധ്യം ഇന്നു ദിനംപ്രതി അനുഭവിക്കുവാൻ വാഞ്ഛരിക്കുന്ന തിനെക്കുറിച്ചാണത്.

നാം ചിന്തിച്ച ഹാബേൽ, ഹാനേ ക്ക്, നോഹ, അബ്രഹാം എന്നീ നാലുപേരും 'വിശ്വാസത്തിൽ മരിച്ചു.' അവർ ജീവിച്ച കാലഘട്ടത്തിന്റെ ആത്മാവിൽ നിന്ന് അവർ വേറിട്ടു നിന്നു. അവർ എല്ലാവരും മറ്റൊരു രാജ്യത്തിന്റെ അന്വേഷണത്തിലായി രുന്നു. ഈ ലോകം അവരുടെ ഭവന മായിരുന്നില്ലെന്നു സാരം.

എന്നെങ്കിലും സ്വർഗ്ഗത്തിൽ ചെന്ന ശേഷം പിതാവുമായുള്ള കൂട്ടായ്മ ആസ്വദിക്കാം എന്ന് അവർ കരുതി യില്ല. പകരം തീർത്ഥാടകരെപ്പോലെ ഈ ജീവിതം പിന്നിടുമ്പോൾ തന്നെ അവർ ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കാൻ കൊതിച്ചു. പിതാവി നോടു എത്രയും ചേർന്നുള്ള ഒരു നടപ്പ് അന്വേഷിക്കുന്നതിന് ഈ ലോകത്തിലെ ഒന്നും തന്നെ അവർക്കൊരു തടസ്സമായിരുന്നില്ല.

എബ്രായർ 11 ൽ ദൈവത്തോടു ചേർന്നു നടന്നു കർത്താവിനെ പ്രസാദിപ്പിച്ച മറ്റു വിശ്വാസവീരന്മാ രെക്കുറിച്ചും നാം വായിക്കുന്നു. അവ രിൽ പലരും അത്ഭുതങ്ങൾ ചെയ്യു കയും വലിയ കാര്യങ്ങൾ പ്രവർത്തി ക്കുകയും ചെയ്തു. പക്ഷേ എല്ലാ വർക്കും പൊതുവായി ഉണ്ടായിരു ന്നത് ഒരു കാര്യമാണ് - അവരെല്ലാം ലോകത്തെയും അതിന്റെ സുഖങ്ങ ളേയും ദൈവത്തോടു ചേർന്നുള്ള നടപ്പിനായി ത്യജിച്ചവരായിരുന്നു.

നിങ്ങൾക്ക് ഈ ഒരു അവകാശ വാദം ഉന്നയിക്കാൻ കഴിയുമോ? കർത്താവിനോട് ചേർന്നുള്ള ഒരു നട പ്പിനായി നിങ്ങളുടെ ഉള്ളം കൊതി ക്കുന്നുണ്ടോ? ഈ ലോകത്തിലെ കാര്യങ്ങളോടുള്ള അതൃപ്തി നിങ്ങ ളിൽ വർദ്ധിച്ചുവരുന്നുണ്ടോ? അതോ താൽകാലികമായ കാര്യങ്ങളിൽ നിങ്ങളുടെ ഹൃദയം തളച്ചിട്ടിരി ക്കുന്നുവോ?

വിശ്വാസത്തിനു വേദശാസ്ത്രപരമായ വിശദീകരണങ്ങൾ ഇനി തെരയേണ്ട. അതു ലഭിക്കാനുള്ള ശ്രമത്തിൽ പുതിയ മാർഗ്ഗങ്ങൾക്കും നോക്കേണ്ട. യേശുവുമായി തനിയെ ആയിരിക്കുക. അവിടുന്നു നിന്നോടു സംസാരിക്കട്ടെ. ദൈവവുമായി ഏറ്റവും അടുത്തു സമയം ചെലവഴിക്കുന്ന രഹസ്യ പ്രാർത്ഥനാവേളകളിലാണു യഥാർത്ഥ വിശ്വാസം പിറക്കുന്നത്. അതുകൊണ്ട് യേശുവിന്റെ അടുത്തേക്കു പോകുക. തന്നിൽ നിന്നു തന്നെ കേൾക്കുക. അവിടുത്തെ മന്ദമധുരസ്വരം കേൾക്കുമ്പോൾ നിങ്ങളിൽ വിശ്വാസത്തിന്റെ സ്ഫോടനം ഉണ്ടാകും.

**അടുപ്പമില്ലാത്ത വിശ്വാസം ദൈവദൃഷ്ടിയിൽ യഥാർത്ഥ വിശ്വാസമല്ല.**

മർക്കോസ് നാലാം അദ്ധ്യായത്തിൽ യേശുവും ശിഷ്യന്മാരും പടകിൽ സമുദ്രത്തിലൂടെ യാത്ര ചെയ്ത സംഭവം കാണുന്നു. അവിടെ കാറ്റും കോളും മൂലം തിരമാലകൾ ആർത്തലച്ച് പടകിനെ വിഴുങ്ങുവാൻ അടുത്തപ്പോൾ യേശുക്രിസ്തു ഒരു വാക്കുകൊണ്ട് കടലിനെ ശാന്തമാക്കി എന്നിട്ടു തന്റെ ശിഷ്യന്മാരോടു ചോദിച്ചു: "നിങ്ങൾക്ക് ഇപ്പോഴും വിശ്വാസമില്ലയോ?" (മർക്കോസ് 4:40)

വലിയ കൊടുങ്കാറ്റിനു മുമ്പിൽ പേടിച്ചുപോകുന്നതു മനുഷ്യസഹജമാണ്. യേശു അതിനല്ല അവരെ കുറ്റപ്പെടുത്തിയത്. മറിച്ച് അവിടുന്നു പറഞ്ഞത് ഇതാണ്: "ഇത്രയും നാൾ എന്നോടൊപ്പം ഉണ്ടായിട്ടും ഞാൻ ആരാണെന്നു നിങ്ങൾക്ക് അറിഞ്ഞുകൂടല്ലോ. ഇത്രയും ദൂരം എന്നോടൊപ്പം നടന്നിട്ടും എന്നെ നിങ്ങൾ അടുത്തറിഞ്ഞിട്ടില്ലല്ലോ."

തീർച്ചയായും യേശു പ്രവർത്തിച്ച ആ അത്ഭുതം അവരെ അമ്പരിപ്പിച്ചു. തിരുവചനം ഇങ്ങനെ പറയുന്നു "അവർ അത്യധികം ഭയന്ന്" പരസ്പരം പറഞ്ഞു : "ഇവൻ ആരാണ്? കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നല്ലോ!" (മർക്കോസ് 4:41).

നിങ്ങൾക്ക് ഇതു സങ്കൽപിക്കാൻ കഴിയുമോ? യേശുവിന്റെ ശിഷ്യന്മാർക്കുപോലും അവനെ ശരിക്ക് അറിയാമായിരുന്നില്ല! യേശുതന്നെയാണ് ഇവരെ ഓരോരുത്തരേയും തന്നെ അനുഗമിക്കാൻ വ്യക്തിപരമായി വിളിച്ചത്. യേശുവിനോടൊപ്പം ശുശ്രൂഷകളിൽ അവരും പങ്കാളികളായി. വിശന്നവരെ അവർ പോഷിപ്പിച്ചു. രോഗശാന്തിയുടെ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിൽ അവരും ഭാഗഭാക്കുകളായി. എന്നിട്ടും അവർ അപ്പോഴും തങ്ങളുടെ ഗുരു എങ്ങനെയുള്ളവനാണെന്നു മനസ്സിലാക്കിയിരുന്നില്ല!

ദുഃഖകരമെന്നു പറയട്ടെ, ഇന്നും അവസ്ഥ ഇതുതന്നെയാണ്. വലിയൊരു ക്രിസ്തീയപുരുഷാരം യേശുവിനോടൊപ്പം ഒരേ വഞ്ചിയിൽ പോകുന്നുണ്ട്. തന്നോടൊപ്പം അവർ ജനത്തെ ശുശ്രൂഷിക്കുന്നുണ്ട്. അവിടുത്തെ നാമത്തിൽ അവർ അനേകരുടെ അടുത്തേക്കു ചെല്ലുന്നുണ്ട്. എല്ലാം ശരിയാണ്. പക്ഷേ അവർ അവരുടെ ഗുരുവിനെ വാസ്തവമായി അറിഞ്ഞിട്ടില്ല. തന്നോടൊപ്പം

രഹസ്യമായി സമയം പങ്കിടാനും തന്നെ അടുത്തറിയുവാനും അവർ അവസരം എടുത്തിട്ടില്ല. അവിടുത്തെ സന്നിധിയിൽ സ്വസ്ഥമായിരുന്ന് അവിടുത്തോട് ഹൃദയം തുറന്ന്, തന്നിൽനിന്നു കേൾക്കുവാനും ഉൾക്കൊള്ളുവാനും അവർ തയ്യാറായിട്ടില്ല.

ശിഷ്യന്മാരുടെ വിശ്വാസത്തെക്കുറിച്ചുള്ള മറ്റൊരു രംഗം ലൂക്കോസ് 17 ൽ ആണ്. ശിഷ്യന്മാർ യേശുവിന്റെ അടുത്തുവന്ന് 'ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിച്ചു തരണമേ' എന്നു പ്രാർത്ഥിക്കുന്നു. (ലൂക്കോസ് 17:5)

ഇന്നും പല ക്രിസ്ത്യാനികളും ഇതേ ചോദ്യം തന്നെ ചോദിക്കുന്നു: ''എനിക്ക് എങ്ങനെ വിശ്വാസം നേടാം?'' പക്ഷേ ഉത്തരത്തിനായി അവർ കർത്താവിനെത്തന്നെ സമീപിക്കുന്നില്ല. പകരം അവർ 'വിശ്വാസം എങ്ങനെ വർദ്ധിപ്പിക്കാം' എന്നു പഠിപ്പിക്കുന്ന സെമിനാറുകൾക്കു പോകുന്നു. അല്ലെങ്കിൽ വിശ്വാസം വർദ്ധിപ്പിക്കാനുള്ള പത്ത് എളുപ്പവഴികൾ നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ വാങ്ങുന്നു. അല്ലെങ്കിൽ പ്രശസ്ത സുവിശേഷകരും വേദപണ്ഡിതന്മാരും വിശ്വാസത്തെക്കുറിച്ചു നടത്തുന്ന പ്രസംഗങ്ങൾ കേൾക്കാൻ അവർ നൂറുകണക്കിനു മൈലുകൾ യാത്ര ചെയ്യുന്നു.

എന്നാൽ ഈ മാർഗ്ഗങ്ങളിലൂടെയൊന്നും നിങ്ങൾക്കു വിശ്വാസം വർദ്ധിപ്പിക്കാൻ കഴിയുകയില്ലെന്ന് ഞാൻ സംശയലേശമെന്യേ പ്രഖ്യാപിക്കട്ടെ. വിശ്വാസം വർദ്ധിപ്പിക്കണമെങ്കിൽ യേശു ശിഷ്യന്മാരോട് ഈ ഭാഗത്തു പറഞ്ഞതു തന്നെ ചെയ്യേണ്ടിയിരിക്കുന്നു. വിശ്വാസം വർദ്ധിപ്പിക്കണമേ എന്ന അപേക്ഷയോട് അവിടുന്ന് എങ്ങനെയാണു പ്രതികരിച്ചത്? ''ഞാൻ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതുവരെ അരമുറുക്കി എന്നെ പരിചരിക്കുക" (ലൂക്കോസ് 17:8).

യേശു പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: ''നിങ്ങൾ ക്ഷമയുടെ വസ്ത്രം ധരിച്ച് എന്റെ മേശയിൽ വന്ന് എന്നോടു കൂട്ടായ്മ പുലർത്തുക. നിങ്ങൾ ഹൃദയം തുറക്കുക. എനിക്കും ധാരാളം കാര്യങ്ങൾ നിങ്ങളുടെ ജീവിതം സംബന്ധിച്ചു പറയാനുണ്ട്."

വിശ്വാസത്തിനു വേദശാസ്ത്രപരമായ വിശദീകരണങ്ങൾ ഇനി തെരയേണ്ട. അതു ലഭിക്കാനുള്ള ശ്രമത്തിൽ പുതിയ മാർഗ്ഗങ്ങൾക്കും നോക്കേണ്ട. യേശുവുമായി തനിയെ ആയിരിക്കുക. അവിടുന്നു നിന്നോടു സംസാരിക്കട്ടെ. ദൈവവുമായി ഏറ്റവും അടുത്തു സമയം ചെലവഴിക്കുന്ന രഹസ്യ പ്രാർത്ഥനാവേളകളിലാണു യഥാർത്ഥ വിശ്വാസം പിറക്കുന്നത്. അതുകൊണ്ട് യേശുവിന്റെ അടുത്തേക്കു പോകുക. തന്നിൽ നിന്നു തന്നെ കേൾക്കുക. അവിടുത്തെ മന്ദമധുരസ്വരം കേൾക്കുമ്പോൾ നിങ്ങളിൽ വിശ്വാസത്തിന്റെ സ്ഫോടനം ഉണ്ടാകും.

**ആ സ്വർഗ്ഗീയദേശം-അടിസ്ഥാനങ്ങളുള്ള ആ നഗരം-അവിടെയാണ് നാം ഇന്നു ജീവിക്കുന്നത്.**

ആ സ്ഥലം, ആ നഗരം, വിശ്വാസത്തിൽ ക്രിസ്തുവിൽത്തന്നെയാണ്. നമ്മുടെ പിതാക്കന്മാർ അന്വേഷിച്ച ആ സ്വസ്ഥത തന്നിൽ കണ്ടെത്താം. അവർ വിശ്വാസത്താൽ ദൂരവെ കണ്ട് അഭിനന്ദിച്ച ആ വാഗ്ദാനം ഇന്നു നമുക്കു ലഭിച്ചിരിക്കുന്നു.

യേശു പറഞ്ഞു: "എന്റെ ദിവസം കാണാം എന്ന പ്രതീക്ഷയിൽ നിങ്ങ

നിങ്ങൾ ഒരാളോട് സ്നേഹത്തിലാണെങ്കിൽ ആ വ്യക്തിയുടെ സാന്നിദ്ധ്യം എപ്പോഴും കൊതിക്കും. അന്യോന്യം രഹസ്യങ്ങൾ പങ്കിടുവാനും ഹൃദയം തുറക്കുവാനും അടുപ്പം ഉണ്ടാക്കാനും നിങ്ങൾ ഇരുവരും ആഗ്രഹിക്കും. യേശുവുമായുള്ള ബന്ധവും ഈ വിധത്തിലാണ്. നിങ്ങളെപ്പോലെ അവിടുന്നും നിങ്ങളോടൊപ്പം ആയിരിക്കാൻ ആഗ്രഹിക്കുന്നു. അങ്ങനെ നിങ്ങളിൽ വിശ്വാസം പകരുവാനും അവിടുന്നു വാഞ്ഛിക്കുന്നു.

ളുടെ പിതാവായ അബ്രഹാം ആനന്ദിച്ചു. അവൻ അതു കാണുകയും സന്തോഷിക്കുകയും ചെയ്തു" (യോഹന്നാൻ 8:56) ക്രിസ്തു ഒരിക്കൽ ഭൂമിയിൽ വന്ന് താൻ ദർശിച്ച അടിസ്ഥാനങ്ങളിടുന്ന ദിവസം അബ്രഹാം മുൻകൂട്ടി കണ്ടു. ആ കാലത്തു ജീവിക്കാൻ പോകുന്ന അനുഗൃഹീതരായ ജനതയെക്കുറിച്ച് ഓർത്ത് അബ്രഹാം സന്തോഷിച്ചു. ദൈവത്തോടു തടസ്സമില്ലാത്ത കൂട്ടായ്മയും സാമീപ്യവും അവർ പുലർത്തുമെന്ന് അവൻ അറിഞ്ഞു.

എന്നാൽ ഇന്നു മിക്ക ക്രിസ്ത്യാനികൾക്കും ഈ വാഗ്ദാനം കൈമോശം വന്നിരിക്കുകയാണ്. പകരം അവർ ആവശ്യമില്ലാത്ത അസ്വസ്ഥയിലാണ്. അവർ അവിടെയും ഇവിടെയും പാഞ്ഞു നടന്ന് 'ഫലം കിട്ടുന്ന' ഒരു വിശ്വാസം ഉണ്ടാക്കിയെടുക്കുവാൻ ശ്രമിക്കുകയാണ്. അവർ ദൈവത്തിനായി ധാരാളം ചെയ്യുന്നതിൽ മുഴുകിയിരിക്കുന്നു. അനേകം പ്രവർത്തനങ്ങളിലാണവർ. ഒടുവിൽ അതുതന്നെ അവർക്ക് ഒരു ഭാരമായിത്തീരുന്നു. അവർ ക്രിസ്തുവിൽ പൂർണ്ണമായ സ്വസ്ഥതയിലല്ല. എന്തുകൊണ്ട്? അവർ പ്രവർത്തനങ്ങളിൽ നിന്ന് മാറി കർത്താവിനോടൊപ്പം ഒറ്റയ്ക്ക് സമയം എടുക്കുന്നില്ല.

നിങ്ങൾ ഒരാളോട് സ്നേഹത്തിലാണെങ്കിൽ ആ വ്യക്തിയുടെ സാന്നിദ്ധ്യം എപ്പോഴും കൊതിക്കും. അന്യോന്യം രഹസ്യങ്ങൾ പങ്കിടുവാനും ഹൃദയം തുറക്കുവാനും അടുപ്പം ഉണ്ടാക്കാനും നിങ്ങൾ ഇരുവരും ആഗ്രഹിക്കും. യേശുവുമായുള്ള ബന്ധവും ഈ വിധത്തിലാണ്. നിങ്ങളെപ്പോലെ അവിടുന്നും നിങ്ങളോടൊപ്പം ആയിരിക്കാൻ ആഗ്രഹിക്കുന്നു. അങ്ങനെ നിങ്ങളിൽ വിശ്വാസം പകരുവാനും അവിടുന്നു വാഞ്ഛിക്കുന്നു.

"ഞാൻ എന്റെ കർത്താവിനോടൊപ്പം ആയിരിക്കാൻ ആഗ്രഹിക്കുന്നു. അവിടുത്തെ സാന്നിദ്ധ്യം ആസ്വദിക്കാൻ ഞാൻ കൊതിക്കുന്നു. അവിടുത്തേക്കു തൃപ്തിയാകുന്നതുവരെ അവിടുത്തെ സാന്നിദ്ധ്യത്തിൽ തന്നെ കാത്തിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു" എന്നു പറയുന്നവർ എത്ര പേരുണ്ട്? വളരെ ചുരുക്കം. അതുകൊണ്ടാണ് 'മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ യഥാർത്ഥവിശ്വാസം കണ്ടെത്തുമോ' എന്ന് യേശു ചോദിച്ചത്.

(അവസാനിച്ചു)

കടപ്പാട് : വേൾഡ് ചലഞ്ച്

❖

ധ്യാനചിന്തകൾ

# നഷ്ടപ്പെട്ട മുഖം, വീണ്ടെടുത്ത മുഖം

**'പാഷൻ ഓഫ് ദ് ക്രൈസ്റ്റ്'** എന്ന പ്രസിദ്ധ ചിത്രത്തിന്റെ സംവിധായകൻ മെൽ ഗിബ്സണിന്റെ മറ്റൊരു ചിത്രമാണു 'മുഖമില്ലാത്ത മനുഷ്യൻ'. മെൽ ഗിബ്സൺ സ്വന്തം ജീവിതകഥയാണ് (തന്നെ ആഴത്തിൽ സ്പർശിച്ച, പറഞ്ഞുകേട്ട, മറ്റൊരാളുടെ കഥയാണെന്നും അത്ര പ്രസിദ്ധമല്ലാത്ത പാഠഭേദമുണ്ട്) ഇതിൽ വിവരിക്കുന്നത്.

ചെറുപ്പത്തിൽ ഏറെ സുമുഖനായ ഒരു ചെറുപ്പക്കാരനായിരുന്നു മെൽഗിബ്സൺ. ന്യൂയോർക്കിൽ നിന്ന് ഓസ്ട്രേലിയയിലേക്കു കുടിയേറിയ ഒരു കുടുംബത്തിലെ അംഗമായിരുന്നു അവൻ. സർക്കസിൽ ചേർന്നു പേരുകേട്ട ട്രപ്പീസു കളിക്കാരനായിത്തീരുക ഇതായിരുന്നു മെൽ അന്നു സ്വപ്നം കണ്ടിരുന്നത്.

ഈ സ്വപ്നത്തെ താലോലിച്ചുകൊണ്ട് ഒരു രാത്രി ജോലി കഴിഞ്ഞു വീട്ടിലേക്കു നടന്നു പോകുകയായിരുന്നു മെൽ. സ്വപ്നത്തിൽ ലയിച്ചു നടന്നു പോകുകയായിരുന്നതിനാൽ അടുത്തുവരുന്ന അപകടം അവൻ മനസ്സിലാക്കിയില്ല. പെട്ടെന്ന് അഞ്ചു കള്ളന്മാർ ചാടിവീണു. അവർക്ക് വേണ്ടത് അവന്റെ കയ്യിലെ പണമായിരുന്നു. പക്ഷേ യുവത്വത്തിന്റെ തിളപ്പിൽ വിട്ടുകൊടുക്കാൻ അവൻ തയ്യാറായില്ല. അവൻ അവരോട് പൊരുതി നിന്നു. എന്നാൽ കള്ളന്മാർ മൃഗീയമായി മെൽഗിബ്സണെ ആക്രമിച്ചു. കല്ലുകൊണ്ട് അവർ അവന്റെ മുഖം ചതച്ചു. ചോരയിൽ കുതിർന്ന് അവൻ അനങ്ങാതായപ്പോൾ മരിച്ചുകാണുമെന്നു കരുതി കള്ളന്മാർ പണവുമായി കടന്നു!

പോലീസുകാരാണ് ജീവച്ഛവമായി കിടന്ന മെൽഗിബ്സണെ ആശുപത്രിയിലെത്തിച്ചത്. ആർക്കും നടുക്കമുണ്ടാക്കുന്നതായിരുന്നു ആ രൂപം. മുഖം എന്നൊന്നേ ഉണ്ടായിരുന്നില്ല. കല്ലുകൊണ്ട് ഇടിച്ച് തകർത്തിരുന്നതിനാൽ മുഖം ആകെ വലിയ ഒരു ചോരക്കട്ടയായി മാറിയിരുന്നു. തലയോടു തെളിഞ്ഞു കാണാമായിരുന്നു. മുടിയും തൊലിയും നഷ്ടപ്പെട്ടിരുന്നു.

ഒരു പ്രതീക്ഷയും ആദ്യം ഡോക്ടർമാർക്ക് ഉണ്ടായിരുന്നില്ല. ക്രമേണ മെൽഗിബ്സൺ ചികിത്സയോടു പ്രതികരിച്ചു തുടങ്ങി. ഒടുവിൽ ഒരു വർഷത്തെ ചികിത്സ കഴിഞ്ഞു മെൽ ആരോഗ്യത്തോടെ ആശുപത്രി വിട്ടു. പക്ഷേ മുഖമില്ലാത്ത ഒരുവനായിട്ടാണ് അവൻ പുറത്തുവന്നത്. മുഖത്തിന്റെ സ്ഥാനത്ത് ഒരു കുഴി. ആരും ഒന്നേ നോക്കുമായിരുന്നുള്ളു.

പിന്നെയും ജോലിക്കുവേണ്ടിയുള്ള ശ്രമങ്ങൾ. ഒടുവിൽ അവന്റെ വികൃതമായ മുഖം ആളുകളെ രസിപ്പിച്ചേക്കുമെന്നു കരുതി ഒരു സർക്കസ് മുതലാളി അവനു സർക്ക

സിൽ ഒരു ജോലി നല്കി. ഒരു കോമാളിയായി. ജീവിക്കാനുള്ള വക യായി. പക്ഷേ അവന് ആരും കൂട്ടു കാരുണ്ടായിരുന്നില്ല. ആരും അവ നോടു സംസാരിക്കാൻ പോലും ഇഷ്ടപ്പെട്ടില്ല. തീർത്തും ഒറ്റപ്പെട്ട ആ നാളുകളിൽ മെൽ ആത്മ ഹത്യയെക്കുറിച്ചു പോലും ചിന്തിച്ചു.

അങ്ങനെയിരിക്കെ ഒരു ദിവസം അവന്റെ ജീവിതം ആകെ മാറി. അതിനു നിമിത്തമായത് വഴിയിലൂടെ നടന്നുപോകുമ്പോൾ കേട്ട ഒരു ക്രിസ്തീയ ഗാനം. അതിന്റെ ഈണം അവനെ പിടിച്ചു നിർത്തി. അതിലെ വരികൾ അവനെ സ്പർശിച്ചു. അവൻ മെല്ലെ ആ ഗാനം ഒഴുകി വന്ന സമീപത്തെ പള്ളിയിലേക്കു കയറിച്ചെന്നു. അവിടെ അവൻ ഒരാളെക്കുറിച്ചു കേട്ടു. ആകാശത്തിനും ഭൂമിക്കും മദ്ധ്യേ ഏറെക്കുറെ നഗ്നനായി തൂങ്ങിക്കിടന്ന ഒരുവൻ. മുറിവേറ്റ, തകർന്ന ഒരുവൻ. തലയിൽ മുൾക്കി രീടം വച്ച് അടിച്ചതിനാൽ മുഖത്തു കൂടി ചോരച്ചാലുകൾ ഒഴുകിയിറ ങ്ങിയ ഒരുവൻ. 'രൂപം കണ്ടാൽ ആളല്ല എന്നും ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറു വിരൂപമായിരിക്കകൊണ്ടു കാണുന്ന വർ സ്തംഭിച്ചു പോകുന്ന' ഒരുവൻ. കാണുന്നവർ മുഖം മറച്ചുകളയത്ത ക്കവണ്ണം നിന്ദിതനായ ഒരുവൻ. 'നസ്റെത്തിലെ യേശു'വായിരുന്നു അത്. മെൽഗിബ്സൺ യേശുവിൽ കണ്ടത് തന്റെ തന്നെ രൂപമാണ്! അവൻ ക്രൂശിലെ ആ സ്നേഹ ത്തിനു മുൻപിൽ തന്റെ ജീവിതം സമർപ്പിച്ചു. അതോടെ പള്ളി അവന്റെ രണ്ടാം വീടായി. സമയം കിട്ടുമ്പോഴൊക്കെ അവൻ അവിടെ എത്തും. ക്രമേണ പള്ളിയിലുള്ള വരും അവനെ ശ്രദ്ധിച്ചു. അവർ അ വന്റെ നഷ്ടപ്പെട്ട മുഖത്തിന്റെ കഥ സഹതാപത്തോടെ കേട്ടു. ആ കഥ അവർ ഓസ്ട്രേലിയയിലെ അതിപ്ര ശസ്തനായ ഒരു പ്ലാസ്റ്റിക് സർജന്റെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹത്തിനു മെൽഗിബ്സണിൽ താല്പര്യമായി.

ഒരു അവസരം വന്നപ്പോൾ ഡോക്ടർ അവനെ പ്ലാസ്റ്റിക് സർജ റിക്കു വിധേയനാക്കി. സർജറി വൻ വിജയമായിരുന്നു. മുഖത്തെ കെട്ടഴി ച്ചപ്പോൾ അതിസുന്ദരമായ ഒരു മുഖം. അവന്റെ ആദ്യത്തെ സുന്ദര മായ മുഖത്തെക്കാളും അതീവ സുന്ദരം! ഇതാണ് 'മുഖമില്ലാത്ത മനുഷ്യൻ' എന്ന ചിത്രത്തിന്റെ ഇതി വൃത്തം.

യേശു ഒരിക്കൽ തന്റെ കേഴ്വിക്കാരോടു പറഞ്ഞു: 'വയ ലിലെ താമരയെ നോക്കുവിൻ, അവ അദ്ധ്വാനിക്കുന്നില്ല.... എന്നാൽ സോളമൻപോലും തന്റെ സർവ്വമഹ ത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങ ളോടു പറയുന്നു. ഇന്നുള്ളതും നാളെ തീയിൽ ഇടുന്നതുമായ പുല്ലിനെ ദൈവം ചമയിക്കുന്നുവെ ങ്കിൽ അല്പവിശ്വാസികളെ, നിങ്ങളെ എത്ര അധികം!

ആകയാൽ വിചാരപ്പെടരുത്'

സെന്റ് പോൾ റോമക്കാർക്കു ലേഖനം എഴുതുമ്പോൾ ഇങ്ങനെ എഴുതി: ' ദൈവത്തെ സ്നേഹിക്കു ന്നവർക്കു നിർണയപ്രകാരം വിളിക്ക പ്പെട്ടവർക്കു സകലവും നന്മ യ്ക്കായി കൂടി വ്യാപരിക്കുന്നു' ജീവി തത്തിലെ നിഷേധാത്മകമായ കാര്യ ങ്ങളെപ്പോലും ദൈവം നന്മയ്ക്കാക്കി ത്തീർക്കും എന്നു മെൽഗിബ്സൺ മുഖമില്ലാത്ത മനുഷ്യനിലൂടെ വരച്ചു കാട്ടുമ്പോൾ 'എത്രയോ ശരി' എന്നല്ലേ നമുക്കും പറയാനാകൂ?

❖

ചിന്തയ്ക്ക്

## ശിഷ്യത്വവും സഭയും III

# ദൈവസഭയിലെ അധികാരങ്ങൾ

**ദൈവത്തിന്റെ** സഭയിൽ അധികാരം മുകളിൽനിന്ന് അടിച്ചേല്പിക്കയല്ല, മറിച്ച് താഴെനിന്ന് സ്വീകരിക്കപ്പെടുകയാണ് ചെയ്യുന്നത്.

ഇതിന്റെ അർത്ഥം നിങ്ങൾ ഏതു മൂപ്പന്മാരെ ബഹുമാനിക്കുന്നുവോ അവർക്കുമാത്രം കീഴടങ്ങിയിരുന്നാൽ മതി എന്നാണ്. ഒരു മൂപ്പനെ ദൈവഭക്തിയുള്ള ഒരാൾ എന്ന നിലയിൽ അംഗീകരിക്കാൻ നിങ്ങൾക്കു കഴിയുന്നില്ലെങ്കിൽ അദ്ദേഹത്തിന് നിങ്ങൾ കീഴടങ്ങിയിരിക്കേണ്ട ആവശ്യമില്ല. എങ്കിലും അപ്രകാരം ഒരു ഘട്ടം വരുമ്പോൾ നിങ്ങൾ ആ സഭ വെടിയുകയും ദൈവഭക്തിയുള്ള ഒരു മൂപ്പനെ കണ്ടെത്തുവാൻ കഴിയുന്ന മറ്റൊരു സഭയോട് ചേരുകയും ചെയ്യുന്നതാണ് ഉത്തമം. ദൗർഭാഗ്യവശാൽ ഇന്ന് ലോകത്തിൽ ദൈവഭക്തിയുള്ള അധികം സഭാമൂപ്പന്മാരില്ല. എങ്കിലും അത്തരം ഒരാളെ കണ്ടെത്തുന്ന സ്ഥലത്ത് നിങ്ങൾ അദ്ദേഹത്തെ ബഹുമാനിക്കയും അഭിനന്ദിക്കുകയും വേണം. (1 തിമൊഥി : 5:17, 1തെസ്സ: 5:12,13)

ഒരിക്കൽ ഒരാളെ നിങ്ങൾ നിങ്ങളുടെ മൂപ്പനായി അംഗീകരിച്ചു കഴിഞ്ഞാൽ നിങ്ങൾ അദ്ദേഹത്തിനു കീഴടങ്ങിയിരിക്കണം. ഒരു സഭയിലെ കീഴടക്കത്തിന്റെ ഉദ്ദേശ്യം ഒരു ഭവനത്തിലേതുപോലെ തന്നെയാണ്. മക്കൾ അമ്മയപ്പന്മാർക്കു കീഴടങ്ങിയിരിക്കുന്നതുമൂലം അസംഖ്യം ആപത്തുകളിൽ നിന്നും അവർ സംരക്ഷിക്കപ്പെടുന്നു. ഒരു ഇടയൻ തന്റെ ആടിനെ കാവൽ ചെയ്യുന്നതുപോലെ ഒരു ദൈവഭക്തനായ മൂപ്പൻ നിങ്ങളുടെ ആത്മാവിന്റെ കാവൽക്കാരനായിരിക്കും. ഒരു യഥാർത്ഥമൂപ്പൻ തന്റെ ഓരോ ആടിന്റെയും ആത്മീയാവസ്ഥ അറിഞ്ഞിരിക്കണം (സദൃശ. 27:23). ഒരു മൂപ്പൻ തന്റെ ആട്ടിൻകൂട്ടത്തെ ഹൃദയത്തിൽ വഹിക്കുന്നുവെങ്കിൽ തന്റെ ആടുകളിൽ ഓരോന്നിന്റെയും അവസ്ഥയെപ്പറ്റി അയാൾക്ക് ദൈവം വിവേചനം നൽകും. വേണ്ടിവന്നാൽ പ്രകൃത്യതീതമായ വിവേചനം തന്നെ നൽകും. അപ്രകാരമുള്ള ഒരു മൂപ്പൻ സഭയിൽ നൽകുന്ന ദൂതുകൾ അദ്ദേഹത്തിന്റെ ആടുകൾക്ക് ആവശ്യമുള്ള അതേ കാര്യങ്ങൾ തന്നെ ആയിരിക്കയും ചെയ്യും. ഒരു വേള അവരുടെ ആവശ്യത്തെപ്പറ്റി അദ്ദേഹം ബോധവാനല്ല എന്നു വന്നാൽ തന്നെയും. അതിനാൽ എല്ലാ മൂപ്പന്മാർക്കും ഉണ്ടായിരിക്കേണ്ട പ്രാഥമികമായ ഗുണവിശേഷം ഇതാണ്. അവർ തങ്ങളുടെ ആട്ടിൻകൂട്ടത്തെ ഹൃദയത്തിൽ വഹിക്കണം. തങ്ങൾ മൂപ്പന്മാരല്ലെങ്കിൽ തന്നെയും തങ്ങളുടെ സഹവിശ്വാസികളെപ്പറ്റിയുള്ള കരുതലും ഭാരവും

ഹൃദയത്തിൽ പേറുന്ന ഒട്ടനേകം സഹോദരന്മാരുണ്ട്. അത്തരം സഹോദരന്മാർ ദൈവത്തിന്റെ ദൃഷ്ടിയിൽ യഥാർത്ഥ ഇടയന്മാർ തന്നെയാണ്. ആടുകൾക്ക് അവരിൽ വിശ്വാസമുണ്ടായിരിക്കും. അവർ സഹായത്തിനായി അവരുടെ അടുക്കൽ വരികയും ചെയ്യും.

**പണവും ക്രിസ്തീയപ്രവർത്തനവും**

ശിഷ്യന്മാരുടെ സമൂഹമായ സഭയ്ക്ക് പണസംബന്ധമായ കാര്യത്തിൽ വ്യക്തമായൊരു സാക്ഷ്യം ഉണ്ടായിരിക്കണം. നമ്മുടെ സഭായോഗങ്ങൾക്കുവരുന്ന ആരിൽ നിന്നെങ്കിലും പണമോ മറ്റെന്തെങ്കിലും ആനുകൂല്യമോ ലഭിക്കണമെന്ന ആഗ്രഹം നമുക്കുണ്ടാകരുത്. അത് അവർ വ്യക്തമായി അറിയുകയും വേണം. നമുക്ക് അവരെ അനുഗ്രഹിക്കുന്നതിൽ മാത്രമേ താൽപര്യമുള്ളൂവെന്ന് അവർ വ്യക്തമായി ധരിക്കണം.

നമ്മുടെ സഭകളിൽ മീറ്റിംഗ് സമയത്ത് നാമൊരിക്കലും സ്തോത്രകാഴ്ച എടുക്കുന്നില്ല. ഇതിനു പല കാരണങ്ങളുണ്ട്. ഒന്നാമതായി ത്തന്നെ ദൈവത്തിനു നാം നൽകുന്ന ദാനങ്ങളെല്ലാം സന്തോഷത്തോടുകൂടിയതും സ്വയം പ്രേരിതവുമായിരിക്കണമെന്ന് നാം വിശ്വസിക്കുന്നു. പരസ്യമായി ഒരു സ്തോത്രകാഴ്ച എടുക്കുന്ന പക്ഷം ഇതു സാധിക്കുക പ്രയാസമായിരിക്കും. രണ്ടാമത്, ദൈവത്തിനു നൽകുന്നതെല്ലാം രഹസ്യത്തിലായിരിക്കണം. ആളുകൾ നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കെ രഹസ്യമായി നൽകുക സാധ്യമല്ല. (നിങ്ങൾ എത്ര കൊടുക്കുന്നുവെന്നു കാര്യം അവർ അറിയും) മൂന്നാമത്, നമ്മുടെ മീറ്റിംഗുകളിൽ അവിശ്വാസികൾ സന്നിഹിതരായിരിക്കാം. തങ്ങളുടെ പണം ദൈവത്തിനു നൽകുവാനുള്ള അവകാശം അഥവാ പദവി അവർക്കില്ല. അവർ തങ്ങളുടെ പണം ദൈവത്തിനു നൽകുന്നതിനുമുൻപ് ആദ്യമായി തങ്ങളെത്തന്നെ ദൈവത്തിനു നൽകണം. (2 കൊരി. 8:4,5;3 യോഹ: 7) തങ്ങൾ സഭയിൽ കേൾക്കുന്ന സുവിശേഷം സൗജന്യമായിട്ടുള്ളതെന്ന് അവർ അറിയുകയും വേണം. അതുകേൾക്കുവാൻ അവർ എന്തെങ്കിലും വില നൽകേണ്ടതില്ല. അതിനാൽ ഒരു സ്തോത്രകാഴ്ച എടുക്കുന്നതിലൂടെ അവരെ ഒരു വിഷമസന്ധിയിലാക്കുവാൻ നാം മുതിരുന്നില്ല.

അതേ സമയംതന്നെ തങ്ങളുടെ നന്ദിയുടെ സൂചനയായി തങ്ങൾക്കുള്ളതിൽനിന്നു ദൈവത്തിനു നൽകുവാനാഗ്രഹിക്കുന്നവർക്ക് ഒരവസരം നൽകേണ്ടതിന് മീറ്റിംഗ് സ്ഥലത്ത് നാം ഒരു പെട്ടി വയ്ക്കാറുണ്ട്. സന്തോഷപൂർവ്വമായും രഹസ്യമായും നൽകുവാനാഗ്രഹിക്കുവന്നവർക്ക് അതിൽ പണം ഇടാവുന്നതാണ്.

മിക്ക ക്രിസ്തീയപ്രവർത്തകരും മറ്റു വിശ്വാസികൾ നൽകുന്ന ദാനങ്ങളും കാണിക്കകളും കൊണ്ടാണ് ഉപജീവിക്കുന്നത്. "സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കണം" എന്നു കർത്താവു കല്പിച്ചിട്ടുള്ളതിനാൽ ഇതിൽ തെറ്റൊന്നുമില്ല. (1 കൊരി. 9:14) പത്രോസും മറ്റ് അപ്പോസ്തലന്മാർ മിക്കവരും ഇപ്രകാരം മറ്റു വിശ്വാസികളുടെ ദാനങ്ങൾ കൊണ്ട് ഉപജീവിച്ചിരുന്നതായിത്തോന്നുന്നു. (1 കൊരി: 9:5, 6)

എന്നാൽ പൗലൊസിൽ നാം

മറ്റൊരു ദൃഷ്ടാന്തം കാണുന്നു. അദ്ദേഹം സ്വയം വേല ചെയ്തു ഉപജീവിക്കയും സഭയെ സേവിക്കയും ചെയ്തുപോന്നു. (1 കൊരി. 9:15-18; 2 കൊരി. 12:14 12 തെസ്സ. 3:7-9; അപ്പോ. പ്ര. 20:33-35) ഇന്ത്യയിലെ ഇന്നത്തെ സാഹര്യത്തിൽ പൗലൊസിനെപ്പോലെ കർത്താവിനെ സേവിക്കുന്നവർ ഉണ്ടാകേണ്ടത് വലിയൊരാവശ്യമാണ്.

ഈ കാരണത്താലാണ് നമ്മുടെ സഭകളിൽ മൂപ്പന്മാരായവർ മിക്കവരും പൗലൊസ് ചെയ്തതുപോലെ സ്വയം വേല ചെയ്ത് ഉപജീവിക്കയും സഭകളെ സേവിക്കയും ചെയ്യുന്നത്. ഇന്ത്യയെപ്പോലെയുള്ള ദരിദ്രരാജ്യങ്ങളിൽ ഈ സമ്പ്രദായത്തിനു കൂടുതലായ ഒരു പ്രയോജനം കൂടെയുണ്ട്. സാമ്പത്തിക ലാഭം കരുതി സഭാപ്രവർത്തനത്തിനിറങ്ങുവാനാഗ്രഹിക്കുന്നവരെ തിരിച്ചറിയുകയാണ് ആ പ്രയോജനം.

പൂർണ്ണസമയക്രിസ്തീയപ്രവർത്തനത്തെപ്പറ്റി ചിന്തിക്കുന്ന ക്രിസ്തു ശിഷ്യൻമാർക്ക് ഏതാനും മാർഗ്ഗനിർദ്ദേശങ്ങൾ ഇവിടെ ഞാൻ നൽകിക്കൊള്ളട്ടെ:

1) ദൈവത്തിൽനിന്നു വ്യക്തമായൊരു വിളി നിങ്ങൾക്കു ലഭിച്ചിട്ടുണ്ടെങ്കിൽ മാത്രമേ പൂർണ്ണസമയക്രിസ്തീയപ്രവർത്തനത്തിനായി നിങ്ങൾ പുറപ്പെടാവൂ.

2) ലൗകികമായ ഒരു ജോലിയിൽ വിശ്വസ്തതയോടെ ഏർപ്പെട്ടിരുന്നവരെ മാത്രമാണ് തന്റെ അപ്പോസ്തലന്മാരാകുവാൻ യേശു വിളിച്ചത്. ഇതിൽ നിന്നു വ്യത്യസ്തമായി ദൈവം ചിലപ്പോൾ പ്രവർത്തിച്ചെന്നു വരാമെങ്കിലും ദൈവവചനത്തിൽകാണുന്ന സാമാന്യനിയമം ഇതാണെന്നു തോന്നുന്നു. ലൗകികമായ തൊഴിലുകളിൽ പ്രവർത്തിക്കുന്നവരെ കർത്താവു തിരഞ്ഞെടുക്കുന്നതിന് ഏതാനും കാരണങ്ങൾ ഉള്ളതായിത്തോന്നുന്നു:

(i) ദൈവം ഒരു മനുഷ്യനെ അവൻ അദ്ധ്വാനശീലനും പണം കൈകാര്യം ചെയ്യുന്നതിൽ വിശ്വസ്തനുമാണോ എന്നു ശോധന ചെയ്യുന്നത് അവന്റെ ലൗകികമായ തൊഴിലിന്റെ രംഗത്താണ്. യേശു വിളിച്ച ആളുകൾ മീൻപിടിത്തക്കാരോ കണക്കെഴുത്തുകാരോ ആയി വിശ്വസ്തരും കഠിനാദ്ധ്വാനികളും ആയിരുന്നു.

(ii) ത്യാഗം സഹിക്കുവാനുള്ള സന്നദ്ധതയും ഈ വിധത്തിൽ ശോധന ചെയ്യപ്പെടുന്നു. എന്തെന്നാൽ ഒരു ജോലിയും വിട്ടുകളവാനില്ലാത്തവനിൽ നിന്നു വ്യത്യസ്തമായി കർത്താവിനെ സേവിക്കുവാൻ വേണ്ടി തന്റെ ലൗകികമായ ജോലി വിട്ടുകളയുന്ന ഒരുവൻ ഒരു വലിയ വിലകൊടുക്കേണ്ടി വരുന്നു. ഈ വിധശോധനയിലൂടെത്തന്നെ ഒരുവന് തന്റെ "വിളി" ദൈവത്തിൽ നിന്നാണോ അല്ലയോ എന്നറിവാനും സാധിക്കുന്നു. ഒന്നും വെടിയുവാനില്ലാത്തവർക്ക് തങ്ങൾ "ദൈവത്താൽ വിളിക്കപ്പെട്ടു" എന്നു ചിന്തിക്കുക എളുപ്പമാണ്. പലരും ഇന്ന് ഇന്ത്യയിൽ ക്രിസ്തീയവേല ചെയ്യുന്നത് മറ്റൊരു ജോലിയും തങ്ങൾക്കു കിട്ടാതിരുന്നതു നിമിത്തമാണ്. അതിനാൽ അവർക്ക് അത് ഒരു വിളിയായിട്ടല്ല; തൊഴിലായിട്ടാണ് തീരുന്നത്.

(iii) തങ്ങളുടെ ലൗകികമായ ജോലിയിൽ വിശ്വസ്തരായിരിക്കുവാൻ പാടുപെടുന്ന മറ്റു ക്രിസ്ത്യാ

*(ശേഷം പേജ് 33 ൽ)*





*ബൈബിളിലൂടെ........*

**എബ്രായലേഖനം**

# മൽക്കീസേദെക്കിന്റെ പൗരോഹിത്യം

**സാക് പുന്നൻ**

എബ്രായർ 6:20 ൽ യേശു നമ്മുടെ മുന്നോടിയായി തിരശ്ശീലയ്ക്കകത്തേക്കു പ്രവേശിച്ചിരിക്കുന്നു എന്നു നാം വായിക്കുന്നു. 'മുന്നോടി' എന്ന ബഹുമതി അധികം പ്രചാരം ലഭിച്ചിട്ടില്ലാത്ത ഒന്നാണ്. അധികം ക്രിസ്ത്യാനികളും യേശുവിനെ തങ്ങളുടെ രക്ഷിതാവ്, കർത്താവ്, രാജാവ്, സൗഖ്യദായകൻ എന്നൊക്കെ നിലയിൽ മാത്രമേ കേട്ടിട്ടുള്ളു. 'മുന്നോടി' എന്ന നിലയിൽ വളരെ കുറച്ചു പേർ മാത്രമേ യേശുവിനെ കേട്ടിട്ടുള്ളൂ. ഏറെ വിശ്വാസികളും ഇങ്ങനെയൊരു വാക്യത്തെക്കുറിച്ചു ശ്രദ്ധിച്ചിട്ടുപോലുമുണ്ടാവില്ല.

സുവിശേഷങ്ങൾ കഴിഞ്ഞാൽ പുതിയ നിയമത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന പുസ്തകങ്ങ



*ലേവ്യർക്കു ജനം ദശാംശം നൽകാതായപ്പോൾ അവർ പുരോഹിതവൃത്തി ഉപേക്ഷിച്ച് നിലത്തിൽ കൃഷി ചെയ്‌വാനും മറ്റും തിരിഞ്ഞു.*

ളിലൊന്നാണ് എബ്രായർ. എബ്രായ ലേഖനത്തിൽ മാത്രമാണ് യേശു നമ്മുടെ മുന്നോടിയാണെന്നു പറയുന്നത്. യേശു സകലത്തിലും നമുക്കു സദൃശനായിരുന്നു എന്നും സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടു എന്നും കണ്ണുനീരോടും നിലവിളിയോടും കൂടെ പ്രാർത്ഥിച്ചതു മൂലം പാപം ചെയ്യാതെ ജീവിക്കുവാൻ കഴിഞ്ഞു എന്നും എബ്രായലേഖനം മാത്രമാണു നമ്മോടു പറയുന്നത് (2:17, 4:15, 5:7). എബ്രായലേഖനത്തിൽ മാത്രമാണു നാം പുതിയ നിയമത്തിന്റെ വ്യവസ്ഥകൾ എന്തെന്നു വായിക്കുന്നത് (8:10–12). അതുപോലെ തന്റെ ജഡത്തിൽകൂടി യേശു തുറന്ന ജീവനുള്ള പുതുവഴിയെക്കുറിച്ചും (10:19) തന്റെ കാൽച്ചുവടുകളിലൂടെ നാമും പരിജ്ഞാനപൂർണ്ണതയിലേക്കു നടക്കേണ്ടതിനെക്കുറിച്ചും (6:1, 2; 12:1,2) ഇതിൽ വായിക്കുന്നു. ഇത് അത്യധികം പ്രാധാന്യമുള്ള ഒരു പുസ്തകമാണ്. എന്നാൽ ഈ പുസ്തകം ഗൗരവമായി പഠിക്കുന്നതിൽനിന്നു സാത്താൻ വിശ്വാസികളെ നിരുത്സാഹപ്പെടുത്തുന്നു. അവർ ജയാളികളായിത്തീരുവാനോ പരിജ്ഞാനപൂർത്തിയിലേക്കു വളരുവാനോ ഒഴുകിപ്പോകാതെവണ്ണം നങ്കൂരമിടുവാനോ ഒന്നും അവൻ ആഗ്രഹിക്കുന്നില്ല.

**മൽക്കീസേദെക്കിന്റെ പൗരോഹിത്യം**

7:1 ൽ ശാലേം (പിൽക്കാലത്ത് യെരുശലേം) രാജാവായിരുന്ന മൽക്കീസേദെക്കിനെക്കുറിച്ചു നാം വായിക്കുന്നു. ലേവ്യ പൗരോഹിത്യത്തെക്കാൾ ഉന്നതമായ പൗരോഹിത്യമായിരുന്നു മൽക്കീസേദെക്കിന്റേത് എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇതു വളരെ രസകരമായ നിലയിലാണ് ഈ ലേഖകൻ സമർത്ഥിച്ചിരിക്കുന്നത്: അബ്രഹാം മൽക്കീസേദെക്കിനെ കണ്ടുമുട്ടിയപ്പോൾ തന്റെ യുദ്ധത്തിൽ പിടിച്ചെടുത്ത കൊള്ള മുതലിന്റെ ദശാംശം അദ്ദേഹത്തിനു നൽകി (7:4). അബ്രാഹം ഇതു നൽകുമ്പോൾ അബ്രഹാമിന്റെ സന്തതിയിൽപ്പെട്ട ലേവിയും അബ്രഹാമിന്റെ ശരീരത്തിന്റെ ഭാഗമായിരുന്നതുകൊണ്ട് ആ പ്രവൃത്തിയിൽ പങ്കാളിയായിരുന്നു. അങ്ങനെ ലേവിയും മൽക്കീസേദെക്കിനു ദശാംശം കൊടുത്തു എന്നു വരുന്നു. അങ്ങനെ വരുമ്പോൾ മൽക്കീസേദെക്ക് ലേവിയെക്കാൾ ഉന്നതനാണ്. മൽക്കീസേദെക്കിന്റെ പൗരോഹിത്യപ്രകാരമാണ് യേശു പുരോഹിതനായത്. അതുകൊണ്ടു തന്നെ യേശുവിന്റെ പൗരോഹിത്യം ലേവിയുടെ പൗരോഹിത്യത്തെക്കാൾ ഉന്നതമാണ്.

ലേവി പുരോഹിതന്മാർ ആളുകളെ ദശാശം കൊടുക്കുവാൻ പഠിപ്പിച്ചു. ദശാംശം കൊടുക്കാത്തവരുടെമേൽ ദൈവിക ശാപം വരുമെന്ന് അവർ ഭീഷണിപ്പെടുത്തിയിരുന്നു (മലാ. 3:9). എന്നാൽ മൽക്കീസേദെക്ക് ഒരിക്കലും അബ്രഹാമിനോടു ദശാംശം ആവശ്യപ്പെട്ടില്ല. അബ്രഹാം മനസ്സോടെ കൊടുത്തത് അദ്ദേഹം വാങ്ങി എന്നു മാത്രം. പുതിയ നിയമത്തിൽ ദശാംശം നൽകുവാനുള്ള കല്പനയില്ല, മനസ്സോടെ കൊടുക്കുന്ന ദാനങ്ങൾ മാത്രം. അബ്രാഹം മൽക്കീസേദെക്കിനു നൽകിയതു പോലെ ദൈവമക്കൾ തങ്ങളുടെ വരുമാനത്തിൽ നിന്നും സന്തോഷത്തോടെ നൽകുന്നു. യേശു ആരോടും ഒരിക്കലും ദശാംശം നൽകണമെന്ന് ഉപദേശിച്ചി

ക്രൈസ്തവഗോളത്തിൽ അധികവും ലേവി പൗരോഹിത്യ മര്യാദകളാണ് പിന്തുടരുന്നത്. ദശാംശം നൽകുവാൻ ഒരു പാസ്റ്റർ ആവശ്യപ്പെടുമ്പോൾ അദ്ദേഹം യേശുവിന്റെ മാതൃകയല്ല ലേവി പുരോഹിതന്മാരുടെ മാതൃകയാണു പിൻപറ്റുന്നത്. ആ പുരോഹിതന്മാർ തങ്ങൾ സാധാരണ ജനങ്ങളിൽ നിന്നു വ്യത്യസ്തരാണെന്നു കാണിക്കും വിധം വസ്ത്രധാരണം ചെയ്തിരുന്നു. ഇന്നും ക്രൈസ്തവ പുരോഹിതന്മാരും ബിഷപ്പുമാരും അപ്രകാരം പ്രത്യേകരീതിയിലുള്ള വസ്ത്രധാരണം നടത്തി വരുന്നു. യേശുവും അപ്പൊസ്തോലന്മാരും സാധാരണ ജനം അക്കാലത്തു ധരിച്ചിരുന്ന വേഷം തന്നെയായിരുന്നു ധരിച്ചിരുന്നത്.

ല്ല. മനസ്സോടെ ആളുകൾ നൽകിയത് അവിടുന്നു സ്വീകരിച്ചു. (ലൂക്കോ. 8:2,3)

ക്രൈസ്തവഗോളത്തിൽ അധികവും ലേവി പൗരോഹിത്യ മര്യാദകളാണ് പിന്തുടരുന്നത്. തന്നെയും തന്റെ പ്രവർത്തനത്തേയും സഹായിക്കുവാൻ വേണ്ടി ദശാംശം നൽകുവാൻ ഒരു പാസ്റ്റർ ആവശ്യപ്പെടുമ്പോൾ അദ്ദേഹം യേശുവിന്റെ മാതൃകയല്ല ലേവി പുരോഹിതന്മാരുടെ മാതൃകയാണു പിൻപറ്റുന്നത്. ആ പുരോഹിതന്മാർ തങ്ങൾ സാധാരണ ജനങ്ങളിൽ നിന്നു വ്യത്യസ്തരാണെന്നു കാണിക്കും വിധം വസ്ത്രധാരണം ചെയ്തിരുന്നു. ഇന്നും ക്രൈസ്തവ പുരോഹിതന്മാരും ബിഷപ്പുമാരും അപ്രകാരം പ്രത്യേകരീതിയിലുള്ള വസ്ത്രധാരണം നടത്തി വരുന്നു. യേശുവും അപ്പൊസ്തോലന്മാരും സാധാരണ ജനം അക്കാലത്തു ധരിച്ചിരുന്ന വേഷം തന്നെയായിരുന്നു ധരിച്ചിരുന്നത്. ലേവി പൗരോഹിത്യകാലത്ത് അവർക്കു ദേവാലയം എന്നു വിളിക്കപ്പെടുന്ന ഒരു പ്രത്യേക ആരാധനാ സ്ഥലം തന്നെ ഉണ്ടായിരുന്നു. ഇന്നും പള്ളികൾ എന്നും ദേവാലയങ്ങൾ എന്നും വിളിപ്പെടുന്ന കെട്ടിടങ്ങൾ ക്രൈസ്തവഗോളത്തിൽ ഉപയോഗിക്കുന്നു. ഇതൊക്കെയും പഴയ ഉടമ്പടിയിലേക്കുള്ള മടങ്ങിപ്പോക്കാണ്. അതുകൊണ്ടു തന്നെ അവർ പരാജയപ്പെട്ടു നിരന്തരം പാപത്തിൽ ജീവിക്കുന്നു.

മൽക്കീസേദെക്ക് ഇതിൽ നിന്നും വ്യത്യസ്തനായ വ്യക്തിയായിരുന്നു. അബ്രഹാമിനെ കാണുവാനായി പോകുമ്പോൾ അദ്ദേഹം അബ്രഹാമിനും കൂടെയുള്ളവർക്കും കുറച്ചു ഭക്ഷണവും കയ്യിൽ കരുതി. അബ്രഹാമിൽ നിന്നും കുറച്ചു സമ്പത്തു കൈക്കലാക്കാം എന്ന ഉദ്ദേശ്യത്തോടെ ആയിരുന്നില്ല അദ്ദേഹം പോയത്. അദ്ദേഹത്തിന് അതാവശ്യമില്ലായിരുന്നു. കാരണം താനൊരു രാജാവായിരുന്നു. തനിക്ക് അബ്രഹാമിന്റെ ദാനങ്ങളെ ആശ്രയിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. തനിക്കും തന്നോടു കൂടെയുള്ള 318 പുരുഷന്മാർക്കും ആവശ്യമായ ഭക്ഷണം കൊണ്ടുവന്നതിന്റെ നന്ദി സൂചകമായി തന്റെ കൊള്ളയിൽ നിന്നും അബ്രഹാം കുറച്ച് മൽക്കീസേദെക്കിനു നൽകി. മൽക്കീസേദെക്ക് അതു വാങ്ങി അബ്രഹാമിനെ അത്യുന്നതനായ ദൈവത്തിന്റെ നാമത്തിൽ അനുഗ്രഹിക്കയും ചെയ്തു. പൗലൊസും മൽക്കീസേദെക്കിനെ

പ്പോലെ ആയിരുന്നു. ദൈവം അവരെ അനുഗ്രഹിക്കേണ്ടതിന്നാണ് താൻ അവരിൽ നിന്നും ദാനങ്ങളെ സ്വീകരിക്കുന്നതെന്ന് അദ്ദേഹം ഫിലിപ്പിയരോടു പറഞ്ഞു (ഫിലി. 4:16-19). ലേവി പൗരോഹിത്യം ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. അവർ ആളുകൾ നൽകുന്ന ദശാംശത്തിൽ ആശ്രയിച്ചിരുന്നതിനാൽ അവർക്ക് അതു മുടക്കം വരാതിരിക്കുവാൻ ആളുകളുടെ മേൽ സമ്മർദ്ദം ചെലുത്തേണ്ടി വന്നിരുന്നു. ക്രിസ്തീയ ശുശ്രൂഷയിലെ പണമിടപാടു സംബന്ധിച്ച ശരിയായ പ്രമാണങ്ങൾ പഠിക്കുവാൻ ലേവിയുടെയും മൽക്കീസേദെക്കിന്റെയും പൗരോഹിത്യത്തെ താരതമ്യം ചെയ്താൽ പലതും ഗ്രഹിക്കാനാകും.

മൽക്കീസേദെക്ക് ഒരു രാജാവിന്റെ അന്തസ്സുള്ളവനായിരുന്നു. യേശുവിനും പൗലൊസിനും അതുണ്ടായിരുന്നു. യഥാർത്ഥ ദൈവഭൃത്യന്മാർ ഒക്കെയും അതു സൂക്ഷിക്കുന്നവരാണ്. യേശുവും പൗലൊസും ഒക്കെ തങ്ങളുടെ ഏത് ആവശ്യങ്ങൾക്കും ദൈവത്തെ മാത്രം ആശ്രയിച്ചു. അവർ ആളുകളിൽ നിന്നും ദാനം സ്വീകരിച്ചപ്പോൾ തന്നെ തങ്ങൾ അതു മോഹിച്ചതുകൊണ്ടല്ല ആളുകൾ അനുഗ്രഹിക്കപ്പെടേണ്ടതിനായിരുന്നു അതു സ്വീകരിച്ചത്. മൽക്കീസേദെക്കിന്റെ പൗരോഹിത്യത്തിന്റെ അന്തസ്സ് (യേശുവിന്റെയും) ഉയർത്തിപ്പിടിക്കുവാനാഗ്രഹിക്കുന്ന ഒരു ശുശ്രൂഷകനും ലേവി പൗരോഹിത്യത്തിന്റെ രീതികളിലേക്കു തരം താഴുന്നതു ശരിയല്ല.

ലേവ്യാ പുരോഹിതന്മാർക്ക് രാജാക്കന്മാരുടെ അന്തസ്സ് ഉണ്ടായിരുന്നില്ല. അവർ ജനത്തോടു ദശാംശം

**ലേവ്യാ പൗരോഹിത്യം ഭൗമികമായ യോഗ്യതകളെ ആശ്രയിച്ചുള്ളതാണ്. പുതിയ ഉടമ്പടിയിൽ അങ്ങനെയല്ല. ദൈവശുശ്രൂഷ ചെയ്‌വാനുള്ള നിങ്ങളുടെ യോഗ്യത ഒരു ബൈബിൾ കോളജ് ബിരുദം മാത്രമാണെന്നു നിങ്ങൾ കരുതുന്നു എങ്കിൽ നിങ്ങൾ ലേവ്യാ പൗരോഹിത്യത്തിലേക്കു മടങ്ങിപ്പോയിരിക്കുന്നു. നിങ്ങൾക്ക് യഥാർത്ഥത്തിൽ ആവശ്യം പാപത്തിന്റെ ശക്തിക്ക് തകർക്കാൻ കഴിയാത്ത ജീവനാണ്.**

ചോദിച്ചു വാങ്ങിയിരുന്നു. ലേവ്യർക്കു ജനം ദശാംശം നൽകാതായപ്പോൾ അവർ പുരോഹിതവൃത്തി ഉപേക്ഷിച്ച് നിലത്തിൽ കൃഷി ചെയ്‌വാനും മറ്റും തിരിഞ്ഞു (നെഹ.13:10). മാസം തോറും തങ്ങളുടെ പ്രതിഫലം ലഭിച്ചിരുന്നപ്പോൾ മാത്രം അവർ ശുശ്രൂഷ ചെയ്തു. ഇന്നും ചില ശുശ്രൂഷകന്മാർ ദൈവവേല ചെയ്യുന്നത് അങ്ങനെയുള്ള അടിസ്ഥാനത്തിലാണ്. മൽക്കീസേദെക്ക് തികെച്ചും വ്യത്യസ്തനായിരുന്നു. അബ്രഹാമിനെപ്പോലെ വലിയ ധനികനായ ഒരാളുടെ മുമ്പിൽപ്പോലും ഒരു രാജാവിന്റെ അന്തസ്സോടെ അദ്ദേഹം പെരുമാറി. ഇന്ന് അത്തരം ശുശ്രൂഷകന്മാർ എവിടെ? അധികം ശുശ്രൂഷകരും ധനികർക്കു സ്തുതി പാടുന്നു. -അവരുടെ പണം മോഹിച്ച്.

**നമ്മുടെ ഉള്ളിൽ ദ്രവത്വമില്ലാത്ത യേശുവിന്റെ ജീവന്റെ ശക്തി യുണ്ടെങ്കിൽ മാത്രമേ പുതിയ ഉട മ്പടിയിലെ ദൈവശുശ്രൂഷകരാ കുവാൻ നമുക്കു കഴിയൂ. സ്വർഗ്ഗീയമായ ഈ ജീവൻ എത്ര സമൃദ്ധമായ അളവിൽ നമ്മി ലുണ്ടോ അത്രയും ഫലപ്രദമായി മൽക്കീസേദെക്കിൻ ക്രമപ്രകാര മുള്ള പുതിയ ഉടമ്പടിയുടെ പുരോഹിതന്മാരായി നില്ക്കു വാൻ നമുക്കു കഴിയും.**

മൽക്കീസേദെക്ക് മറ്റു പലതിലും ക്രിസ്തുവിന്റെ പ്രതിരൂപമായിരുന്നു. അവൻ പേരുകൊണ്ട് 'നീതിയുടെ രാജാവും' 'സമാധാനത്തിന്റെ രാജാവും' (ശാലേം എന്നാൽ സമാ ധാനം എന്നർത്ഥം) ആയിരുന്നു (7:2). നീതിയും സമാധാനവും ക്രിസ്തുവിൽസമഞ്ജസമായി സമ്മേളിച്ചിരുന്നു. (സങ്കീ.85:10). കൂടാതെ മൽക്കീസേദെക്ക് എന്ന കഥാപാത്രം ആദ്യം കടന്നു വരു ന്നതു ഉൽപ്പത്തിപ്പുസ്തകത്തിലാണ്. ഉല്പത്തി എന്നും ആരംഭങ്ങളുടെ പുസ്തകമാണ്. എല്ലാ ദൈവമനുഷ്യ രുടെയും വംശാവലി അവിടെ രേഖ പ്പെടുത്തിയിരിക്കുന്നു. ഉദാഹരണ മായി ഹാനോക്ക്, അബ്രഹാം, ഇസ ഹാക്ക്, യാക്കോബ്, യോസേഫ് മുത ലായവർ. ആദാം മുതലുള്ള ഇവരു ടെയെല്ലാം വംശപാരമ്പര്യം കൃത്യ മായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മൽക്കിസേദെക്കിന്റെ പിതാ വിനെക്കുറിച്ചോ മാതാവിനെക്കു റിച്ചോ വംശാവലിയെക്കുറിച്ചോ ഒരു രേഖയുമില്ല. അതുപോലെതന്നെ മേൽപ്പറഞ്ഞ എല്ലാവരുടെയും മര ണവിവരങ്ങളും ഉല്പത്തി പുസ്ത കത്തിൽ രേഖപ്പെടുത്തിയിരിക്കു ന്നതു നമുക്കു കാണാം. എന്നാൽ മൽക്കീസേദെക്കിന്റെ മരണവിവര ങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാ ര്യങ്ങളിൽ മൽക്കീസേദെക്ക് സ്വർഗ്ഗ ത്തിൽ നിത്യതയിൽ വസിച്ചിരുന്ന ദൈവപുത്രനായ യേശുവിനു സദൃ ശനായിരിക്കുന്നു–“പിതാവില്ലാതെ, മാതാവില്ലാതെ, വംശാവലിയില്ലാതെ ജീവന് ആരംഭമോ അവസാനമോ ഇല്ലാതെ” (7:3).

ഇനിയുമുണ്ട് യേശുവിന് പ്രത്യേ കത. പഴയ ഉടമ്പടിയിലെ പുരോഹി തന്മാർ നാൾതോറും പാപങ്ങൾക്കു യാഗം കഴിക്കേണ്ടിയിരുന്നു. എന്നാൽ യേശുവാകട്ടെ ഒരിക്കലാ യിട്ടു തന്റെ ശരീരം തന്നെ അർപ്പിച്ചു (7:26,27). പഴയനിയമപുരോഹിതർ യാഗം അർപ്പിച്ചിരുന്നത് ഒന്നാമതു സ്വന്ത പാപങ്ങൾക്കും പിന്നെ ജന ത്തിന്റെ പാപങ്ങൾക്കു വേണ്ടിയും ആയിരുന്നു. എന്നാൽ യേശുവാകട്ടെ തന്റെ ശരീരം ജനത്തിന്റെ പാപ ത്തിനു വേണ്ടിത്തന്നെ അർപ്പിച്ചു. യേശുക്രിസ്തുവിന്റെ വിശുദ്ധിയുടെ പാരമ്യമാണ് 26–ാം വാക്യത്തിൽ നാം കാണുന്നത് – “ഇങ്ങനെയുള്ള മഹാപുരോഹിതനാണല്ലോ നമുക്കു വേണ്ടത്. പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേർപെ ട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതനാ യിത്തീർന്നവൻ”. ബോധമനസ്സിലോ അബോധതലങ്ങളിലോ പോലും പാപത്തിന്റെ കണികയെങ്കിലും ഇല്ലാതിരുന്ന വ്യക്തിയായിരുന്നു യേശു. അവിടുന്ന് സമ്പൂർണ്ണത യുള്ള ജീവിതമായിരുന്നു ഈ ഭൂമി യിൽ നയിച്ചിരുന്നത്.

ഈ രണ്ടു പൗരോഹിത്യങ്ങളിലും

നാം കാണുന്ന മറ്റൊരു വ്യത്യാസം ശ്രദ്ധിക്കുക. പഴയ ഉടമ്പടിയിൽ ഒരു വ്യക്തി പുരോഹിതനാകുന്നതു ജഡ പ്രകാരമുള്ള ഒരു കല്പനയുടെ അടിസ്ഥാനത്തിലാണ്. അയാൾ ലേവിയുടെ സന്തതിയായിരിക്കണം. എന്നാൽ യേശു അഴിഞ്ഞുപോകാത്ത ജീവന്റെ ശക്തിയാൽ ഏറെ നല്ല ഉടമ്പടിയെ ഉറപ്പിച്ചു തന്നിരിക്കുന്നു (7:15,22). ലേവ്യാ പൗരോഹിത്യം ഭൗമികമായ യോഗ്യതകളെ ആശ്രയിച്ചുള്ളതാണ്. പുതിയ ഉടമ്പടിയിൽ അങ്ങനെയല്ല. ദൈവശുശ്രൂഷ ചെയ്‌വാനുള്ള നിങ്ങളുടെ യോഗ്യത ഒരു ബൈബിൾ കോളജ് ബിരുദം മാത്രമാണെന്നു നിങ്ങൾ കരുതുന്നു എങ്കിൽ നിങ്ങൾ ലേവ്യാ പൗരോഹിത്യത്തിലേക്കു മടങ്ങിപ്പോയിരിക്കുന്നു. നിങ്ങൾക്ക് യഥാർത്ഥത്തിൽ ആവശ്യം പാപത്തിന്റെ ശക്തിക്ക് തകർക്കാൻ കഴിയാത്ത ജീവനാണ് (7:16). നമ്മുടെ ഉള്ളിൽ ദ്രവത്വമില്ലാത്ത യേശുവിന്റെ ജീവന്റെ ശക്തിയുണ്ടെങ്കിൽ മാത്രമേ പുതിയ ഉടമ്പടിയിലെ ദൈവശുശ്രൂഷകരാകുവാൻ നമുക്കു കഴിയൂ. സ്വർഗ്ഗീയമായ ഈ ജീവൻ എത്ര സമൃദ്ധമായ അളവിൽ നമ്മിലുണ്ടോ അത്രയും ഫലപ്രദമായി മൽക്കീസേദെക്കിൻ ക്രമപ്രകാരമുള്ള പുതിയ ഉടമ്പടിയുടെ പുരോഹിതന്മാരായി നില്ക്കുവാൻ നമുക്കു കഴിയും.

7:25 -ൽ യേശു നമുക്കു വേണ്ടി മദ്ധ്യസ്ഥത അർപ്പിക്കുവാൻ സ്വർഗ്ഗത്തിൽ ജീവിക്കുന്നു എന്നു നാം വായിക്കുന്നു. മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിത ശുശ്രൂഷയുടെ മറ്റൊരു അടയാളമാണത്. അവർ മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുന്നു. തങ്ങൾ ആരോടു

**യേശു നമുക്കു വേണ്ടി മദ്ധ്യസ്ഥത അർപ്പിക്കുവാൻ സ്വർഗ്ഗത്തിൽ ജീവിക്കുന്നു എന്നു നാം വായിക്കുന്നു. മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിത ശുശ്രൂഷയിൽ തങ്ങൾ ആരോടു പ്രസംഗിക്കുന്നുവോ അവർ അനുഗ്രഹിക്കപ്പെടേണമെന്ന് അവർ പ്രാർത്ഥിക്കുന്നു. ലേവ്യാപൗരോഹിത്യത്തിൽ അവർ എഴുതപ്പെട്ട പ്രാർത്ഥനകൾ ചൊല്ലുകയും മറ്റു ശുശ്രൂഷകൾ നിർവഹിക്കുകയും ചെയ്തു ഭവനത്തിലേക്കു പോകുന്നു. എന്നാൽ യേശുവും തന്റെ പുരോഹിതന്മാരും പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നു.**

പ്രസംഗിക്കുന്നുവോ അവർ അനുഗ്രഹിക്കപ്പെടേണമെന്ന് അവർ പ്രാർത്ഥിക്കുന്നു. യേശു തന്നെ നമുക്കുവേണ്ടി മദ്ധ്യസ്ഥത അർപ്പിക്കുന്നു. ലേവ്യാപൗരോഹിത്യത്തിൽ അവർ എഴുതപ്പെട്ട പ്രാർത്ഥനകൾ ചൊല്ലുകയും മറ്റു ശുശ്രൂഷകൾ നിർവഹിക്കുകയും ചെയ്തു ഭവനത്തിലേക്കു പോകുന്നു. എന്നാൽ യേശുവും തന്റെ പുരോഹിതന്മാരും പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നു. സമയമെടുത്തു എബ്രായലേഖനം ഏഴാം അദ്ധ്യായം പഠിച്ചാൽ പഴയതും പുതിയതുമായ ഉടമ്പടികൾ തമ്മിലുള്ള വ്യത്യാസം അധികമായി നിങ്ങൾക്കു ബോദ്ധ്യപ്പെടും.

(തുടരും)

മൊഴിമാറ്റം: **ബോബി ചെറിയാൻ**

ഒഴുക്കിനെതിരെ

അമേൻ്റ സ്മിത്തിൻ്റെ അനുഭവങ്ങൾ-II

# പരിശോധനകളിൽ പതറാതെ

അമേരിക്കയിലെ ചെറുപട്ടണമായ ബാൽടിമോറിൽ 1837ൽ അടിമകളും കറുത്തവർഗക്കാരുമായ സാമുവലിൻ്റെയും മര്യാമിൻ്റെയും മകളായി ജനിച്ച അമേൻ്റ സ്മിത്ത്. അമേൻ്റയും അടിമയായാണു ചെറുപ്പകാലം കഴിച്ചത്. എന്നാൽ ദൈവത്തിൻ്റെ ആർദ്ര കരുണയാൽ അമേൻ്റയ്ക്കും മാതാപിതാക്കൾക്കും അടിമത്വത്തിൽ നിന്നും മോചനം ലഭിച്ചു.

സ്വതന്ത്രരായ അവർ ഒരു ചെറിയ വീട്ടിൽ താമസം തുടങ്ങി. കേവലം 17 വയസ്സുള്ളപ്പോൾ അമേൻ്റ ചാൾസ് ടെവിൻ എന്ന യുവാവിനെ വിവാഹം കഴിച്ചു. എന്നാൽ അയാൾ കരുതലും സ്നേഹവുമുള്ള ഒരു ഭർത്താവായിരുന്നില്ല. അമേൻ്റയുടെ മാതാപിതാക്കൾ സാമുവലും മര്യാമും യഥാർത്ഥ ദൈവവഴികൾ അറിയുന്നവരായിരുന്നു. അവർ മകൾക്ക് ഒരു യഥാർത്ഥ മാനസാന്തരം ഉണ്ടാകാൻ വേണ്ടി പ്രാർത്ഥിച്ചുവന്നു. വിവാഹജീവിതത്തിലെ പൊരുത്തക്കേടുകളും ദൈവവുമായി ഒരു ശരിയായ ബന്ധത്തിലേക്കു വരുവാൻ അമേൻ്റയ്ക്കു പ്രേരണ നൽകി. അമേൻ്റെ വാസ്തവമായി മാനസാന്തരപ്പെടുവാൻ ആഗ്രഹിച്ചുവെങ്കിലും അത് തൻ്റേതായ രീതിയിൽ മതിയെന്നായിരുന്നു അവളുടെ ചിന്ത. ദൈവവുമായി ഒരു സജീവ ബന്ധത്തിന് ആഗ്രഹിച്ച അവൾ ചില പിരിമുറുക്കങ്ങളിലൂടെ കടന്നുപോയി. ഇതേക്കുറിച്ച് അവളുടെ വാക്കുകൾ ഇങ്ങനെ: "ഞാൻ പ്രാർത്ഥനയിൽ ഓരോ ദിവസവും ഞെരുക്കം അനുഭവിച്ചു. ദിവസങ്ങളും ആഴ്ചകളും കടന്നുപോയി. സമാധാനവും ശാന്തിയും കൈവരിക്കാനുള്ള പോരാട്ടമായിരുന്നു അത്. ഒടുവിൽ ഞാനൊരു പാപിയാണെന്ന ബോധം എനിക്കുണ്ടായി. ഞാൻ വിചാരിച്ചതുപോലെ ഗുണനിലവാരമുള്ള കുടുംബങ്ങളിൽ മാത്രം ജോലി ചെയ്തതുകൊണ്ടോ സ്വഭാവമഹിമയുള്ളവരുമായി മാത്രം കൂട്ടുണ്ടാക്കിയെന്നതുകൊണ്ടോ ഒരു പ്രയോജനവും ഉണ്ടാവുകയില്ലെന്ന് എനിക്ക് മനസ്സിലായി. പാപബോധം ഉണ്ടായ ഞാൻ 'കർത്താവേ എന്നോട് കരുണയുണ്ടാകണേ, എന്നെ രക്ഷിക്കണേ' എന്ന് തൊണ്ടയിടറുന്നതുവരെ നിലവിളിച്ചുകൊണ്ടേയിരുന്നു. അവസാനം ഞാൻ നിശ്ശബ്ദയായി. എനിക്ക് ദിവ്യമായ ഒരു സമാധാനം ലഭിച്ചു. എനിക്ക് കാര്യങ്ങൾ അധികമൊന്നും മനസ്സിലായില്ല."

ഒരു ദിവസം തൻ്റെ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങളെക്കുറിച്ച് ഓർത്ത് അമേൻ്റെ തൻ്റെ മുറിയിലെ മേശയ്ക്കരികിൽ ഇരിക്കുകയായിരുന്നു. ഉടനെ പിശാചിൻ്റെ ചോദ്യം

അമേന്റയുടെ നേർക്കു വന്നു: "നീ മാനസാന്തരപ്പെടാനായി പ്രാർത്ഥിച്ചു. എന്നാൽ ദൈവം നിന്നെ രക്ഷിക്കും എന്നു നീ കരുതുന്നുണ്ടോ?'' അമേന്റെ മറുപടി പറഞ്ഞു: ''തീർച്ചയായും'' പിശാചിന്റെ ചോദ്യങ്ങൾ ഒന്നിനു പുറകെ മറ്റൊന്നായിവന്നു. "നീ മാനസാന്തരപ്പെട്ടു എന്ന് നീ ചിന്തിക്കുന്നു. എന്നാൽ ദൈവം നിനക്ക് ഇതിനായി എന്തെങ്കിലും സാക്ഷ്യം തന്നിട്ടുണ്ടോ?" ചോദ്യം കേട്ട അമേന്റ ഒന്നു കുഴഞ്ഞു. അവൾ ചിന്തിച്ചു. ''സാക്ഷ്യമോ? എന്താണത്?'' അവൾ ദൈവത്തോട് ഒരു കുഞ്ഞിനെപ്പോലെ ഇങ്ങനെ പ്രാർത്ഥിക്കാൻ തുടങ്ങി: "കർത്താവേ.... നീ എന്റെ ആത്മാവിനെ വീണ്ടെടുത്തിരിക്കുന്നുവെന്നു എനിക്ക് ലഭിച്ച മാനസാന്തരത്താൽ ഞാൻ അറിയുന്നു. എന്നിരുന്നാലും പിശാച് എന്നോട് തെളിവ് ചോദിക്കുന്നു. എന്റെ മാനസാന്തരത്തിന്റെ ഉറപ്പിന്നായി നീ എനിക്ക് ഒരു തെളിവ് തരണം." ഒരാഴ്ച മുഴുവൻ അവൾ ഇങ്ങനെ പ്രാർത്ഥിച്ചു. അമേന്റയുടെ ഹൃദയത്തിൽ നിന്നും ഭാരങ്ങൾ നീങ്ങിപ്പോയതും ഹൃദയത്തിൽ സന്തോഷം നിറഞ്ഞതും അവൾക്ക് അനുഭവവേദ്യമായി. മുമ്പ് ചെയ്തിരുന്നതുപോലെ അവൾ സ്വയം സഹതപിച്ചില്ല. ഒടുവിൽ കർത്താവ് അവൾക്ക് ഒരു ഉറപ്പ് കൊടുത്തു. പിന്നീട് അവൾ അനേകം കഷ്ടങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും പോകേണ്ടി വന്നു. എന്നാൽ അവളുടെ മാനസാന്തരത്തെക്കുറിച്ച് പിന്നീടൊരിക്കൽ പോലും അവൾ സംശയിച്ചില്ല. എന്നു മാത്രമല്ല പ്രതിസന്ധികളെ തരണം ചെയ്യുന്നതിന് ഈ ഉറപ്പ് അവൾക്ക് ഒരു നങ്കൂരമായി മാറുകയും ചെയ്തു.

ഇതിനിടയിൽ അമേന്റയ്ക്കും ഭർത്താവിനും ഒരു മകനും മകളും ജനിച്ചിരുന്നു. എന്നാൽ അവർക്കുണ്ടായ മകൻ ചില മാസങ്ങൾക്കുള്ളിൽ മരണപ്പെട്ടു.

അമേന്റയുടെ മാനസാന്തരത്തിനു ശേഷം മൂന്ന് വർഷത്തിനുള്ളിൽ അമേരിക്കയിൽ ആഭ്യന്തര യുദ്ധം പൊട്ടി പുറപ്പെട്ടു. അമേന്റയുടെ ഭർത്താവായ ചാൾസ് ടെവിന് മറ്റനേകരോടുകൂടെ പട്ടാളത്തിൽ ചേരേണ്ടതായി വന്നു. അദ്ദേഹം യുദ്ധഭൂമിയിലേക്കു പോയി. അവിടെവെച്ച് അദ്ദേഹം യുദ്ധത്തിൽ മരണമടയുകയും ചെയ്തു.

ഭർത്താവിന്റെ മരണശേഷം അമേന്റ ജീവസന്ധാരണത്തിനായി വസ്ത്രങ്ങൾ കഴുകുകയും തേക്കുകയും ചെയ്യുന്ന ജോലിയിൽ ഏർപ്പെട്ടു. ഈ തൊഴിൽ ചെയ്തു കിട്ടുന്ന പണമായിരുന്നു ആ കുടുംബത്തിന് ഉണ്ടായിരുന്ന ഏക വരുമാനം.

വിവാഹസമയത്ത് താൻ ഒരു ക്രിസ്ത്യാനി അല്ലായിരുന്നുവെന്നും യഥാർത്ഥത്തിൽ മാനസാന്തരപ്പെട്ടിരുന്നില്ല എന്നും അമേന്റ സമ്മതിക്കുന്നു. ഭർത്താവിന്റെ മരണശേഷം ചില വർഷങ്ങൾ കഴിഞ്ഞു. അമേന്റ ദൈവവചനത്തിൽ അധിഷ്ഠിതമായ ഒരു കുടുംബം കെട്ടിപ്പടുക്കാൻ ആഗ്രഹിച്ചു. ഈ ഉദ്ദേശ്യത്തോടെ അവൾ ജെയിംസ് സ്മിത്ത് എന്ന സഭാ ശുശ്രൂഷകനെ പരിചയപ്പെടുകയും അദ്ദേഹത്തെ വിവാഹം കഴിക്കുകയും ചെയ്തു.

തന്റെ ഭർത്താവായ ജെയിംസ് സ്മിത്തിന്റെ ആഗ്രഹപ്രകാരം തുടർന്ന് അദ്ദേഹവുമൊത്ത് അവൾ ന്യൂയോർക്കിലേക്ക് താമസം മാറ്റി. എന്നാൽ ന്യൂയോർക്കിലെ താമസം അമേന്റയ്ക്കു ദുസ്സഹമായി തോന്നി.

**അവളുടെ കുടുംബത്തിന്റെ ആവശ്യങ്ങൾക്കായുള്ള പണത്തിനായി അമേന്റ കഠിനമായി ജോലിചെയ്തു. പല രാത്രികളിലും കഴുകലും തേപ്പുമായി അവൾ ഉറങ്ങാതെ ജോലി ചെയ്തു. തേക്കാൻ കൽക്കരി ഉപയോഗിക്കേണ്ടിയിരുന്നതിനാൽ പണലാഭത്തിനായി കുറച്ച് കൽക്കരി മാത്രം ഉപയോഗിച്ച് കൂടുതൽ തുണികൾ തേച്ചു. ഇതിനിടയിലും അവൾ ദൈവത്തോട് പരിശുദ്ധാത്മാവിന്റെ വിശുദ്ധീകരണത്തിനായുള്ള പ്രാർത്ഥന തുടർന്നുകൊണ്ടേയിരുന്നു.**

പരിചയമില്ലാത്ത സ്ഥലം. താമസിക്കാൻ മുറി കിട്ടാത്ത അവസ്ഥ. പള്ളിയിൽ പോലും പരിചയമില്ലാത്ത മുഖങ്ങൾ. ഒടുവിൽ പാചകക്കാരിയായി ഒരു വീട്ടിൽ അവൾക്ക് ജോലി ലഭിച്ചു. അധികം കഴിയും മുമ്പേ കാര്യങ്ങൾ തകിടം മറിയാൻ തുടങ്ങി. അമേന്റ ദൈവവേല ചെയ്യുന്ന ഒരു ഭർത്താവിനെ ആഗ്രഹിച്ചു എങ്കിലും ജെയിംസ് സഭയിലെ ശുശ്രൂഷ മതിയാക്കി മറ്റു ജോലികൾ ചെയ്യാൻ തുടങ്ങി. അദ്ദേഹം കുടുംബത്തെ തനിച്ചാക്കി മറ്റൊരിടത്തേക്ക് ജോലിക്കായി പോയി. ജെയിംസ് തനിക്ക് ലഭിച്ച പണത്തിൽ നിന്ന് ഒട്ടും കുടുംബത്തിനായി ചെലവഴിക്കാൻ തയ്യാറായുമില്ല.

അമേന്റ ആകെ വിഷമിച്ചു. അവൾ ദൈവത്തോട് ഇങ്ങനെ പ്രാർത്ഥിച്ചു. ‘‘കർത്താവേ, എനിക്ക് ഇങ്ങനെ മുന്നോട്ട് പോകാൻ കഴിയില്ല. എന്നെ ഈ പരീക്ഷകളിൽ നിന്നു രക്ഷിക്കണേ.’’ വിശുദ്ധീകരണത്തിന്റെ അനുഭവത്തെക്കുറിച്ച് അമേന്റ മുമ്പ് കേട്ടിട്ടുണ്ടായിരുന്നെങ്കിലും അവൾക്ക് ആ അനുഭവത്തെക്കുറിച്ച് ആരും വ്യക്തമാക്കിക്കൊടുത്തിരുന്നില്ല. ഒരു ദിവസം അമേന്റ വളരെ വിഷമിച്ച് മുറിയിൽ അസ്വസ്ഥയായി ഇരുന്നു. അവളുടെ സഭയിലെ സഹോദരി ജോൺസ് അന്ന് അമേന്റയെ കാണാനായി വന്നു. അമേന്റ അവരോട് ഇങ്ങനെ പറഞ്ഞു. ‘‘സഹോദരി ജോൺസ്, ഞാൻ ആകെ ഹൃദയം തകർന്ന അവസ്ഥയിലാണ്. ജെയിംസ് എന്നോട് ദയയില്ലാതെ പെരുമാറുന്നു. അദ്ദേഹം എന്നെ മനസ്സിലാക്കുന്നില്ല.’’ സഹോദരി ജോൺസ് ഇങ്ങനെ മറുപടി പറഞ്ഞു: ‘‘ഞാനും ഒരു സമയത്ത് ഇങ്ങനെയായിരുന്നു. എന്നാൽ ദൈവം എനിക്കു വിശുദ്ധീകരണത്തിന്റെ അനുഭവം നൽകി എന്നെ ശുദ്ധീകരിച്ചു. നിനക്കും അതാണ് ആവശ്യം. ആത്മാവിനാൽ വിശുദ്ധീകരിക്കപ്പെടുക. എന്നാൽ നിനക്ക് അത്യന്തം കൃപ ലഭിക്കും.’’ പരീക്ഷകൾ നീങ്ങി പോകാനായി അവൾ പ്രാർത്ഥിച്ചിരുന്നു. എന്നാൽ പരീക്ഷകളെ ജയിക്കാൻ പരിശുദ്ധാത്മാവിന്റെ ആത്യന്തിക ശക്തിയാണ് ആവശ്യം എന്ന് ഇപ്പോൾ അവൾക്ക് മനസ്സിലായി. സഹോദരി ജോൺസ് വീട്ടിൽനിന്നു പോയതും അമേന്റ വാതിലടച്ച് മുട്ടിന്മേൽ ഇരുന്ന് പ്രാർത്ഥിക്കാൻ തുടങ്ങി. ‘‘ഓ! കർത്താവേ എന്നെ പരിശുദ്ധാത്മാവിന്റെ ശക്തി നൽകി വിശുദ്ധീകരിക്കണേ. എനിക്ക് അത്യന്ത കൃപ നൽകണേ.’’ അവൾ ഈ പ്രാർത്ഥന തുടർന്നു......

അമേന്റ ന്യൂയോർക്കിലെ സാഹചര്യങ്ങളോട് ഒരുവിധം പൊരുത്ത

പ്പെട്ടു തുടങ്ങി. ഈ സമയത്താണ് അവൾക്ക് ആയിടയ്ക്കു ജനിച്ചു മാസങ്ങൾ മാത്രം പ്രായമുണ്ടായിരുന്ന മകൻ പെട്ടെന്ന് രോഗിയായി തീർന്നത്. ചില ആഴ്ചകൾ അങ്ങനെ തുടർന്ന് ഒടുവിൽ ആ മകനും മരിച്ചു. എങ്കിലും കർത്താവ് അവൾക്ക് സമാധാനം നൽകി.

അവളുടെ കുടുംബത്തിന്റെ ആവശ്യങ്ങൾക്കായുള്ള പണത്തിനായി അമേൻ കഠിനമായി ജോലിചെയ്തു. പല രാത്രികളിലും കഴുകലും തേപ്പുമായി അവൾ ഉറങ്ങാതെ ജോലി ചെയ്തു. തേക്കാൻ കൽക്കരി ഉപയോഗിക്കേണ്ടിയിരുന്നതിനാൽ പണലാഭത്തിനായി കുറച്ച് കൽക്കരി മാത്രം ഉപയോഗിച്ച് കൂടുതൽ തുണികൾ തേച്ചു. കൂടുതൽ ഉറങ്ങിയാൽ തീയണഞ്ഞ് തേപ്പുപെട്ടി വീണ്ടും ചൂടുപിടിപ്പിക്കണമെന്നതിനാൽ പരമാവധി ഉണർന്നിരുന്നു കഴിയുന്നത്രയും തുണികൾ തേച്ചു. ഇതിനിടയിലും അവൾ ദൈവത്തോട് പരിശുദ്ധാത്മാവിന്റെ വിശുദ്ധീകരണത്തിനായുള്ള പ്രാർത്ഥന തുടർന്നുകൊണ്ടേയിരുന്നു.

അമേൻയുടെ പ്രാർത്ഥനയ്ക്കു മറുപടിയായി ദൈവം അവൾക്ക് പരിശുദ്ധാത്മാവിനെ നൽകി വിശുദ്ധീകരണത്തിന്റെ അനുഭവത്തിലേക്ക് അവളെ നയിച്ചു. ഈ അനുഭവം ലഭിച്ച അമേൻ അതേക്കുറിച്ചു പറയുന്നതിങ്ങനെയാണ്: "ചെറുപ്പംമുതൽക്കേ 'ദൈവമേ അങ്ങയുടെ ഇഷ്ടം നിറവേറ്റപ്പെടട്ടെ' എന്ന് പ്രാർത്ഥിക്കാറുണ്ടായിരുന്നെങ്കിലും പരിശുദ്ധാത്മാവിൽ നിറയപ്പെട്ടതിനു ശേഷമാണ് ഈ പ്രാർത്ഥനയുടെ ശരിയായ അർത്ഥത്തെക്കുറിച്ച് ബോധ്യമുണ്ടായത്. ഹൃദയപൂർവ്വം 'ദൈവമേ അങ്ങയുടെ ഇഷ്ടം നിറവേറപ്പെടട്ടെ' എന്ന് പറയാൻ കഴിയുന്നത് ആശ്ചര്യകരമായിരിക്കുന്നു. പ്രിയപ്പെട്ടവരുടെ മരണക്കിടക്കയ്ക്കരികിൽ നിൽക്കുമ്പോഴും, അവരുടെ ശവശരീരം മറവുചെയ്യാൻ പണമില്ലാതിരിക്കുമ്പോഴും, ഭർത്താവോ പിതാവോ സഹായത്തിനില്ലാതിരിക്കുമ്പോഴും രാപ്പകൽ വിശ്രമമില്ലാത്ത അദ്ധ്വാനം നിമിത്തം ശരീരത്തിന് ബലമില്ലാതിരിക്കുമ്പോഴും ഭക്ഷണത്തിന് പണമില്ലാതിരിക്കുമ്പോഴും ഇങ്ങനെ പറയാൻ കഴിയുന്നത് യാഗങ്ങളെക്കാളും വിലയേറിയതാകുന്നു."

**അമേൻയുടെ ജീവിതത്തിൽ പിന്നെയും വേർപാടിന്റെ വേദനകളുണ്ടായി. അവൾക്കു ജനിച്ച അഞ്ചു കുട്ടികൾ ഒന്നിനു പുറകെ ഒന്നായി മരണപ്പെട്ടു. ഒരു മകളെ മാത്രമേ അവൾക്ക് ജീവനോടെ ലഭിച്ചുള്ളൂ. എന്നാൽ ഈ ദുഃഖത്തിന്റെ നടുവിലും എല്ലാ കാര്യങ്ങളിലും ദൈവഹിതമാരാഞ്ഞു പ്രാർത്ഥിക്കുന്നതും നിരന്തരമായി ദൈവത്തോടുള്ള കൂട്ടായ്മയിൽ ആയിരിക്കുന്നതും ഇതിനകം അവളുടെ ജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരുന്നു.**

അമേൻയുടെ ജീവിതത്തിൽ പിന്നെയും വേർപാടിന്റെ വേദനകളുണ്ടായി. അവൾക്കു ജനിച്ച അഞ്ചു കുട്ടികൾ ഒന്നിനു പുറകെ ഒന്നായി മരണപ്പെട്ടു. ഒരു മകളെ മാത്രമേ അവൾക്ക് ജീവനോടെ ലഭിച്ചുള്ളൂ. എന്നാൽ ഈ ദുഃഖത്തിന്റെ നടു

വിലും എല്ലാ കാര്യങ്ങളിലും ദൈവഹിതമാരാഞ്ഞു പ്രാർത്ഥിക്കുന്നതും നിരന്തരമായി ദൈവത്തോടുള്ള കൂട്ടായ്മയിൽ ആയിരിക്കുന്നതും ഇതിനകം അവളുടെ ജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരുന്നു. വിശുദ്ധീകരണത്തിന്റെ അനുഭവമുണ്ടായതിനുശേഷം ചെറിയ കാര്യങ്ങളിൽപോലും പരിശുദ്ധാത്മാവ് അവൾക്ക് വഴികാട്ടിയായി. അമേന്റയാകട്ടെ പരിശുദ്ധാത്മാവിനെ അനുസരിക്കാൻ പൂർണ്ണസന്തോഷത്തോടെ തയ്യാറാവുകയും ചെയ്തു.

അവൾക്കു പരിശുദ്ധാത്മനിറവിന്റെ അനുഭവമുണ്ടായെങ്കിലും മറ്റുള്ളവർക്ക് ഇതെങ്ങനെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കാം എന്ന് അവൾക്ക് അറിയില്ലായിരുന്നു. ദൈവം ഈ കാര്യം അവൾക്ക് ഇങ്ങനെ വ്യക്തമാക്കിക്കൊടുത്തു: “മാനസാന്തരപ്പെടുക എന്നാൽ ഒരുവൻ ചന്ദ്രന്റെ പ്രകാശത്തിൽ നടക്കുന്നതുപോലെയാണ്. അവന് വെളിച്ചമുണ്ട്. എന്നാൽ ചിലയിടങ്ങളിൽ മങ്ങിയ വെളിച്ചവും ചിലയിടത്ത് ഇരുട്ടുമാണ്. എന്നാൽ വിശുദ്ധീകരണത്തിന്റെ അനുഭവം ലഭിച്ച ഒരുവൻ സൂര്യന്റെ പ്രകാശത്തിൽ നടക്കുന്നവനെപ്പോലെയാണ്. അവൻ സകലതും വ്യക്തമായി കാണുന്നു. ഒരുവനു സൂര്യപ്രകാശത്തിൽ കാര്യങ്ങൾ ഇരുട്ട് ഒട്ടുമില്ലാതെ തന്റെ ജീവിതം മുഴുവനായി കാണാൻ കഴിയുന്നു. ഈ ബോദ്ധ്യം ഉണ്ടായശേഷം തന്റെ അനുഭവം മറ്റുള്ളവരോട് പങ്കുവയ്ക്കുന്നതിൽ അവൾക്ക് ഒട്ടും ബുദ്ധിമുട്ടു നേരിട്ടില്ല.

അമേന്റയ്ക്ക് 32 വയസ്സായപ്പോൾ അവളുടെ രണ്ടാമത്തെ ഭർത്താവ് ജെയിംസ് സ്മിത്തും മരണപ്പെട്ടു. തുടർന്ന് അവൾ ഒരു വിധവയായി ജീവിച്ചു. അവൾ വസ്ത്രങ്ങൾ അലക്കുകയുംതേക്കുകയും ചെയ്യുന്ന ജോലി തുടർന്നു. പക്ഷേ ഈ ജോലിയിൽ നിന്നു ലഭിച്ച പണം അവൾക്കും പതിമൂന്നു വയസ്സുള്ള മകൾക്കും അവരുടെ ചെലവുകൾക്ക് തികയുമായിരുന്നില്ല. പല സമയത്തും അവൾ പട്ടിണി അനുഭവിച്ചു. പക്ഷേ അവൾ എല്ലാ സാഹചര്യങ്ങളിലും കർത്താവിനെ ആശ്രയിച്ചു.

കർത്താവ് തന്നെത്തന്നെ ഒന്നു വെളിപ്പെടുത്തി കാണിച്ചിരുന്നുവെങ്കിൽ മതിയായിരുന്നു എന്ന് അവൾ വളരെയധികം ആഗ്രഹിച്ചു. രാവും പകലും അവൾ അങ്ങനെ കരഞ്ഞ് പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. അവൾ അത്യന്തം പരവശയായി കരഞ്ഞു പ്രാർത്ഥിച്ചുകൊണ്ട് അവളുടെ ജോലികൾ ചെയ്തു. ഒരു ദിവസം അമേന്റ മറ്റൊരു സഹോദരിയുമായി ഒരുമിച്ചുചേർന്നു പ്രാർത്ഥിക്കുകയായിരുന്നു. അപ്പോൾ അവൾക്ക് യേശുവിന്റെ ഒരു ദർശനമുണ്ടായി. അവൾക്ക് ഈ സംഭവം പിന്നീടൊരിക്കലും മറക്കാനായില്ല.

അമേന്റയ്ക്ക് ആയിടയ്ക്ക് ഒരു വ്യാപാരസ്ഥാപനത്തിൽ ജോലി ലഭിച്ചു. എന്നാൽ ഞായറാഴ്ചകളിൽ അവൾക്ക് ജോലി ചെയ്യേണ്ടിയിരുന്നതിനാൽ സഭായോഗങ്ങളിൽ സംബന്ധിപ്പാൻ അനുവാദം ഉണ്ടായിരുന്നില്ല. ഈ കാരണത്താൽ അവൾ ആ ജോലി ഉപേക്ഷിക്കാൻ തീരുമാനിച്ചു. അവളുടെ സഹപ്രവർത്തകർ അവളെ 'മടയി' എന്ന് വിളിച്ച് പരിഹസിച്ചു. എന്നാൽ അവൾ ദൈവാലോചനപ്രകാരം ആ ജോലി ഉപേക്ഷിക്കുകയും തനിക്കു കഴിയാവുന്ന രീതിയിൽ സുവിശേഷം പങ്കു

# ശിഷ്യത്വവും സഭയും

*(പേജ് 21 ൽ നിന്നു തുടർച്ച)*

നികൾക്കു പ്രയോഗികസത്യങ്ങൾ ഉപദേശിച്ചു കൊടുക്കുവാനാവശ്യ മായ അനുഭവസമ്പത്തും ലൗകിക മായൊരു തൊഴിലിൽ ഏർപ്പെട്ടിരി ക്കുന്നവർക്കേ ഉണ്ടാവുകയുള്ളൂ.

3) ദൈവം ഒരുവനെ പൂർണ്ണ സമയ പ്രവർത്തനത്തിനായി വിളി ക്കുമ്പോൾ താൻ വിളിക്കുന്ന പ്രവർത്തനത്തിനായി ചില ആത്മ വരങ്ങൾ നേരത്തെ തന്നെ ദൈവം അവനു നൽകിയിരിക്കും. അതി നാൽ ദൈവം യഥാർത്ഥമായി നിങ്ങളെ വിളിക്കുന്നുവെങ്കിൽ നിങ്ങൾ ലൗകികജോലിയിലായി രുന്ന സമയത്തുതന്നെ ഫലകരമായ നിങ്ങളുടെ അദ്ധ്വാനത്തെപ്പറ്റി ദൈവം സാക്ഷ്യം വഹിച്ചിട്ടുണ്ടാ വും.

4) അവസാനമായി, നിങ്ങളുടെ ലൗകികമായ തൊഴിലിനൊപ്പം കർത്താവിന്റെ വേലയും കൂടെച്ചെ യ്‌വാൻ വേണ്ടുവോളം സമയം ലഭി ക്കാത്തതുമൂലമുള്ള സമ്മർദ്ദം ദുർവ ഹമായിത്തീരുമ്പോൾ മാത്രമേ നിങ്ങ ളുടെ ലൗകികജോലി ഉപേക്ഷി ക്കുന്ന കാര്യം നിങ്ങൾ പരിഗണിക്കാ വൂ. പല പൂർണ്ണ സമയപ്രവർത്ത കരും യഥാർത്ഥമായി പൂർണ്ണസമ യവും പ്രവർത്തിക്കുന്നവരല്ല. ഭൂരി ഭാഗം സമയവും ഒന്നും ചെയ്യുവാനി ല്ലാത്തവരായി അവർ കഴിയുന്നു. അനന്തരം ചില സായാഹ്നങ്ങളിൽ ഏതാനും വീടുകൾ സന്ദർശിക്കു കയും ആഴ്ചയിൽ രണ്ടു മീറ്റിംഗുക ളിൽ പങ്കെടുക്കുകയും മാത്രമാണ് അവർ ചെയ്യുന്നത്. നിങ്ങൾ ഇതു പോലെ ആയിത്തീരരുത്. അവരിൽ മിക്കവരും തങ്ങൾക്കു ലൗകികമായ

---

വയ്ക്കാൻ സമയം ഉപയോഗിക്കു കയും ചെയ്തു.

അവൾ തെരുവുകളിലും മദ്യശാ ലകളിലും സുവിശേഷം അടങ്ങിയ ലഘുലേഖകൾ വിതരണം ചെയ്യാൻ തുടങ്ങി. ഒരിക്കൽ അമേന്റ നൽകിയ സുവിശേഷ ലഘുലേഖ വായിച്ച ഒരു യുവാവ് മാനസാന്തരപ്പെട്ടു. എന്നാൽ ആരോഗ്യവാനായി കാണപ്പെട്ട അദ്ദേഹം മാനസാന്തരപ്പെട്ടതിന്റെ തൊട്ടടുത്ത ദിവസം മരണമടയു കയും ചെയ്തു. ഈ സംഭവം അമേന്റയുടെ കണ്ണ് തുറപ്പിച്ചു. നശി ച്ചുപോകുന്ന ആത്മാക്കളെക്കുറിച്ച് അവൾക്ക് വലിയൊരു ഭാരം ഉണ്ടാ യി. കഴിയാവുന്ന ഇടങ്ങളിലേക്ക് അവൾ യാത്ര ചെയ്ത് സുവിശേഷം അറിയിക്കാൻ തുടങ്ങി. അവൾ സുവി ശേഷ യോഗങ്ങളിൽ പാടുകയും പ്രബോധിപ്പിക്കുകയും ചെയ്തു. ദൈവവസ്നേഹവും സന്തോഷവും മിക്ക സമയത്തും അവളുടെ ഉള്ളിൽ നിറഞ്ഞു കവിഞ്ഞിരുന്നു. അതു നിമിത്തം അവൾ പാടുന്നതു യോഗ ങ്ങളിൽ വലിയ ആത്മമാരിക്കു കാര ണമായി. അവൾ രോഗികളെ സന്ദർശിച്ച് അവരുടെ സൗഖ്യത്തി നായി പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ടിരുന്നു. ഇങ്ങനെ ക്രമേണ അമേന്റ ഒരു സുവിശേഷക എന്ന നിലയിൽ അറിയപ്പെടാൻ തുടങ്ങി.

(അടുത്ത ലക്കത്തിൽ : സുവിശേ ഷവുമായി ഇന്ത്യയിലേക്കും)

**-നോബിൾ മാത്യു**

❖

# കീഴടങ്ങൽ: ഒരേയൊരുപ്രതിവിധി

*(പേജ് 10 ൽ നിന്ന് തുടർച്ച ...)*

നിങ്ങളെത്തന്നെയും നിങ്ങളുടെ പ്രശ്നങ്ങളും ഭാരങ്ങളെയും ദൈവ മുമ്പാകെ സമർപ്പിക്കുക". തന്റെ പ്രസംഗം ഉപസംഹരിക്കവേ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: "ഞാൻ ജീവിതകാലം മുഴുവൻ ദൈവത്തിന് എന്റെ പണം കൊടുത്തുവരികയായിരുന്നു. എന്നാൽ എന്നെത്തന്നെ ദൈവത്തിനു കൊടുത്തിരുന്നില്ല." താൻ മറ്റൊരു ദിവസം മുതിർന്നവർക്കു വേണ്ടിയുള്ള സണ്ടേസ്കൂൾ ക്ലാസ്സിൽ തന്റെ അനുഭവങ്ങൾ വിവരിച്ചു കഴിഞ്ഞപ്പോൾ ഒരു യുവതി ഇങ്ങനെ പറഞ്ഞു: "മിസ്റ്റർ ബിൽ, ഇക്കാര്യം നിങ്ങൾക്ക് ഒരു പുസ്തകത്തിൽ നിന്നു ലഭിച്ചതല്ല." ശരിയാണ്, ആ വലിയ വ്യവസായിക്ക് ഇക്കാര്യം ലഭിച്ചത് സമർപ്പണത്തിന്റെ മുഴങ്കാലിൽ നിൽക്കുമ്പോഴാണ്.

അതുകൊണ്ട് സ്വയം സമർപ്പണം ഒരിക്കലായി എന്നേക്കുമുള്ളതായിരിക്കുമ്പോൾ തന്നെ ദിനംതോറും സ്വയത്തേയും പ്രശ്നങ്ങളെയും സമർപ്പിക്കുകയും ചെറുതും വലുതുമായ എല്ലാകാര്യങ്ങളിലും നിരന്തരമായ അനുസരണം തുടരുകയും ചെയ്യുക. ഇതാണ് എല്ലാറ്റിന്റേയും ഉത്തരം.

ഒരു ബിസിനസുകാരൻ മുഖവുരയൊന്നും കൂടാതെ ഒരു ദിവസം എന്നോടു പറഞ്ഞു "ഒരു യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കാനാണ് എന്റെ ആഗ്രഹം. പക്ഷെ അതു സംബന്ധിച്ച് ഞാനാകെ പ്രശ്നത്തിലാണ്." എന്താണ് പ്രശ്നമെന്ന് ഞാൻ അന്വേഷിച്ചപ്പോൾ അദ്ദേഹത്തിന്റെ ഉത്തരം. "ഒരു ദിവസം കുറഞ്ഞത് ഇരുപത് തവണയെങ്കിലും എന്റെ സ്വയം (self) എന്നോടു മന്ത്രിക്കും 'ഞാനിത് ഉപേക്ഷിക്കാം. അതു വിട്ടുകളയാം. പക്ഷേ എന്നെ താങ്കളുടെ ജീവിതത്തിന്റെ കേന്ദ്രത്തിൽ തുടരാൻ അനുവദിക്കണേ' എന്ന്." ഞാൻ പറഞ്ഞു: "സുഹൃത്തേ, താങ്കൾ യഥാർത്ഥ പ്രശ്നത്തെ തന്നെയാണു സ്പർശിച്ചിരിക്കുന്നത്. ഇനി എന്തിനു താമസിക്കുന്നു. നേരെ കാര്യത്തിലേക്ക് – സ്വയത്തെ സമർപ്പിക്കുക" ഞങ്ങൾ ഇരുവരും

---

ഒരു ജോലി ഉണ്ടായിരുന്നപ്പോൾ കർത്താവിനുവേണ്ടി കൂടുതൽ പ്രവർത്തിച്ചിരുന്നു. അപ്രകാരമുള്ള മടിയന്മാരായ "പൂർണ്ണസമയപ്രവർത്തകരെ" പിശാച് തനിക്കു പ്രവർത്തിക്കുവാൻ പറ്റിയ 'നല്ലവിളഭൂമിക'ളായി കണ്ടെത്തിയെന്നുവരാം. എല്ലാ ദിവസവും തങ്ങൾക്കു ചെയ്യുവാൻ വേണ്ടുവോളം ജോലിയില്ലാത്തതുമൂലം വ്യർത്ഥസംസാരം, വ്യഭിചാരം തുടങ്ങി എല്ലാത്തരം പാപങ്ങൾക്കും അവർ ഇരയായിത്തീർന്നെന്നും വരാം.

ദൈവം ഇന്ന് തന്റെ രാജ്യത്തിന്റെ പ്രമാണങ്ങൾ ചുറ്റുമുള്ള ലോകത്തിനു കാട്ടിക്കൊടുക്കുവാൻ കഴിവുള്ള ശിഷ്യൻമാർക്കും സഭകൾക്കുമായി നോക്കിപ്പാർത്തിരിക്കയാണ്. നമുക്ക് പൂർണ്ണഹൃദയത്തോടെ അവിടുത്തെ വിളി കേൾക്കാം. (അവസാനിച്ചു)

മുഴങ്കാലിൽ നിന്ന് എഴുന്നേൽക്കുമ്പോഴേക്ക് അദ്ദേഹത്തിന്റെ അസ്വസ്ഥത ശമിച്ചിരുന്നു. കാരണം സ്വയത്തിനു പകരം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ കേന്ദ്രത്തിൽ ഇപ്പോഴുള്ളത് ക്രിസ്തുവാണ്.

വളരെ വർഷങ്ങൾക്കു ശേഷം ഞാൻ വീണ്ടും അദ്ദേഹത്തെ കണ്ടുമുട്ടി. ''താങ്കൾക്ക് എന്നെ അറിയുമോ?" അദ്ദേഹം ചോദിച്ചു. പരിചയം തോന്നുണ്ട്. പക്ഷേ പേരു മറന്നു പോയി. അതുകൊണ്ട് ഞാൻ പറഞ്ഞു: "എനിക്കറിയാം. എന്നാൽ അറിഞ്ഞുകൂടാ." ഞങ്ങൾ തമ്മിലുണ്ടായ ഒടുവിലത്തെ കൂടിക്കാഴ്ചയെപ്പറ്റി അദ്ദേഹം എന്നെ ഓർമിപ്പിച്ചു. ''ഓ താങ്കൾ ആ മനുഷ്യനല്ല'' -ആശ്ചര്യപൂർവ്വം ഞാൻ പറഞ്ഞു. ''അല്ല. ഞാൻ തന്നെ'' ''പക്ഷേ നിങ്ങൾ ആകെ മാറിയിരിക്കുന്നു." "തീർച്ചയായും ഞാൻ മാറിയിട്ടുണ്ട്." അദ്ദേഹം തീർത്തും വ്യത്യസ്തനായ മനുഷ്യനെപ്പോലെ. അദ്ദേഹത്തിന്റെ ഭാര്യ മുന്നോട്ട് വന്ന് പറഞ്ഞു "എന്റെ ഭർത്താവിനെ തിരിച്ച് തന്നതിന് എനിക്ക് താങ്കളോടു നന്ദിയുണ്ട്." ഞാനതിന് ഇങ്ങനെ മറുപടി പറഞ്ഞു: "ഞാനല്ല നിങ്ങൾക്ക് അദ്ദേഹത്തെ തിരിച്ചുതന്നത്. അദ്ദേഹം തന്നെത്തന്നെ ക്രിസ്തുവിനു നൽകി. ക്രിസ്തു അദ്ദേഹത്തെ തിരിച്ച് അദ്ദേഹത്തിനും നിങ്ങൾക്കും എല്ലാവർക്കുമായി നല്കി.'' അദ്ദേഹത്തിന്റെ അസ്വസ്ഥനിമിഷങ്ങൾ സ്വർഗ്ഗീയസന്തോഷത്തിനു വഴിമാറി. സ്വയംസമർപ്പണത്തിന്റെ മുഹർത്തത്തിൽ നരകം സ്വർഗ്ഗമായി രൂപാന്തരപ്പെട്ടു. അദ്ദേഹം ക്രിസ്തുവിന്റേതായി മാറിയ നിമിഷത്തിൽ ക്രിസ്തുജീവൻ അദ്ദേഹത്തിന്റേതുമായി. അങ്ങനെ ജീവിതത്തിനു പുതിയ അർത്ഥമുണ്ടായി. അർത്ഥപൂർണ്ണമായ ആ പുതിയ ജീവിതമാണ് അപ്പോൾ അവർ നയിക്കുന്നത്.

അല്മായർക്ക്, ഇതാകാമെങ്കിൽ വൈദികർക്കും ഇതു പ്രാപിക്കാൻ കഴിയും. പല വൈദികരും നല്ല വൈദികരാകാൻ വേണ്ടി തങ്ങൾക്കുള്ളതെല്ലാം വിട്ടുകളയും-തങ്ങൾ വൈദികരാണെന്ന മതിപ്പ് ഒഴികെ. യേശു പറഞ്ഞു: "ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ അപ്പനേയും അമ്മയേയും സഹോദരങ്ങളേയും സഹോദരികളേയും അതേ സ്വന്ത ജീവനേയും ത്യജിക്കണം." എന്തിനാണ് ഒടുവിൽ 'അതേ, തന്റെ സ്വന്തജീവനേയും' എന്നു പറഞ്ഞത്? കാരണം ഏറ്റവും ഒടുവിലായി മാത്രം നമുക്ക് ഉപേക്ഷിക്കാൻ കഴിയുന്നതാണു 'സ്വന്തജീവൻ'. നാം നമ്മുടെ സ്വന്ത ജീവനെ ഉപേക്ഷിക്കുന്നതുവരെ മുകളിൽപ്പറഞ്ഞ ബിസിനസുകാരനെപ്പോലെ അസ്വസ്ഥരായിരിക്കും. നമ്മുടെ സ്വയത്തെ സമർപ്പിക്കാതെ ലളിതമായിപ്പറഞ്ഞാൽ നമുക്ക് ക്രിസ്തീയ ജീവിതം അസാധ്യമാണ്. ഒരിക്കൽ ഒരു പാസ്റ്റർ തന്റെ ഏറ്റവും മഹത്തരമെന്നു താൻകരുതുന്ന ഒരു പ്രസംഗം നടത്തിയശേഷം ഭാര്യയോടൊപ്പം വീട്ടിലേക്കു നടക്കുകയായിരുന്നു. അദ്ദേഹം പൊടുന്നനെ ഭാര്യയോടു ചോദിച്ചു. "പ്രിയപ്പെട്ടവളെ, ഈ ലോകത്ത് എത്ര മഹാന്മാരായ ആളുകളുണ്ട്? " മിടുക്കിയായ അദ്ദേഹത്തിന്റെ ഭാര്യ ശാന്തമായി മറുപടി നൽകി: "പ്രിയപ്പെട്ടവനേ, നിങ്ങൾ ചിന്തിക്കുന്നതിൽ എപ്പോഴും ഒരാൾ കുറവായിരിക്കും."

(തുടരും)

❖



# FORGIVENESS AND RESTRORATION

Sandeep Poonen

I have been meditating on the forgiveness of God and true repentance. What happens when we sin? Or even when we intentionally disobey God? How do we find full restoration with God?

If we're born again, we will feel sorry for what we have done. And we can ask God to forgive us. But it can feel hollow, because we are not sure if we are *truly* sorry. We can be unsure if we have *truly* repented, or if it was only superficial. What we want is a full restoration with God, back to full fellowship and intimacy with Him.

I want to look at some things from Scripture to see what this would look like.

This is what Peter says in his first sermon after Jesus had ascended to heaven. *Act 2:37-39 - Now when they heard this, they were pierced to the heart (wounded in their conscience), and said to Peter and the rest of the apostles, "Brethren, what shall we do?" Peter said to them, "**Repent**, and each of you be **baptized in the name of Jesus Christ** for the forgiveness of your sins; and you will receive the gift of the Holy Spirit. For the promise is for you and your children and for all who are far off, as many as the Lord our God will call to Himself."*

Peter says two things here:

- Repent of your sins
- Be baptized in the Name of Jesus Christ.

These are the two things that I must do to receive forgiveness from sins, and to receive the Holy Spirit. If I receive the Holy Spirit, I can be sure that I have full intimacy (fellowship) with Jesus.

**1. REPENTANCE**

The first thing I need to do is repent. Repentance is not simply feeling sorry for my sin. It means changing my mindset about the sin I just committed. It means "turning around" in how I view my sinful behavior. *Proverbs 28:13 - He who conceals his transgressions will not prosper, but he who confesses and forsakes them will find compassion*.

**So repentance is confessing where I have sinned PLUS forsaking those sins.**

This is not a complicated truth; it is very simple to understand. But it is very difficult to do. What separates true Christians from the rest is not intelligence but courage. The courage to do that which is not always easy, but which they

know to be right. Many of us need the courage to admit where we have sinned, as well as to utterly forsake those sins.

**2. BE IMMERSED IN THE NAME OF JESUS CHRIST**

To be baptized is to be immersed. When we are not born again, we must repent and proclaim our allegiance to Jesus Christ through the external act of baptism, which is immersion in water.

For those of us who are born again, we do not have to be baptized in water again and again. We only do this once physically. But we must never lose the underlying spiritual reality.

And this spiritual reality of being immersed into Christ must be repeated whenever we sin. This is a KEY step in our restoration to Christ. We must immerse ourselves completely into the Name of Jesus Christ, where He and His Name is most important to us. By immersing ourselves into the Name of Jesus, we are telling Jesus that He will be our only biggest of joy and happiness.

A story that illustrates well is the story of Peter in John 21.

- Peter had shamefully denied Jesus 3 times, right before His crucifixion (John 18:17-27)
- But Jesus had risen from the dead, and had appeared to Peter to comfort Him (John 20:19)
- Jesus had breathed on them for Peter had received the Holy Spirit (John 20:22)

But despite all of this, Peter was not restored in his relationship with Jesus. Despite being forgiven and even receiving the Holy Spirit, Peter still did not have intimacy with Jesus. This nagging lack drove him to go back to his fishing (John 21:3).

Jesus didn’t give up on Peter. He reserved His last miracle on this earth for Peter, to fill his boat once again with fish. Then, after they had breakfast together, Jesus asked Peter just one question, “Do you love Me more than everything else?”

This was the only question that Peter needed to answer. And Jesus repeated the exact same question three times, to tell Peter that there was nothing else that was required of him. Peter just needed to settle one thing to be restored to full intimacy with Jesus: *Do you love Me (Jesus) more than everything else*?

This is what it means to be disciple (Matthew 10:37). Once we settle this question, we can be confident that we have full intimacy with Jesus. The Apostle John calls this walking in the Light as He is in the Light (1 John 1:7). Imagine walking in the same Light of God, who is Light! This is truly unbelievable access. Praise God, this access is available to all who are immersed in the name of Jesus.

**The End Of Repentance**

In the story of the lost sheep, Jesus talks about 99 sheep who need no repentance (Luke 15:7). Who are these 99 sheep who need no repentance? I believe they are those who have repented of all sins that they are aware of

നൽകും. അതിനു പകരം വചനത്തിന്റെ ദൈവനിശ്വാസ്യതയെ മനുഷ്യന്റെ കയ്യടിക്കും 'വിശാലതയ്ക്കും പുരോഗമനത്തിനും' വേണ്ടി സംശയിച്ചാൽ 'അണ മുറിഞ്ഞാൽ വെള്ളം സാഗരത്തിലേ ചെന്നു നില്ക്കുകയുള്ളു' വെന്നു പറഞ്ഞതുപോലെ ആത്യന്തികമായി അത് ഇന്നത്തെ സമൂഹത്തിനു സ്വീകാര്യമായ ഒരുതരം ക്രിസ്തീയ മാനവവാദത്തിലേ (Christian humanism) ചെന്ന വസാനിക്കുകയുള്ളു. പിശാചും ആഗ്രഹിക്കുന്നത് അതു തന്നെയാണ്. ഇതു മനസ്സിലാക്കി വചനത്തിനു കീഴടങ്ങുക. അതു ജീവിതത്തെ ധന്യമാക്കും. 'എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറെക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും' (യെശ 66:2).

**അധികാരങ്ങൾക്കു മുൻപിലുള്ള കീഴടക്കം**

ദൈവ മുൻപാകെയുള്ള കീഴടക്കം പ്രായോഗിക തലത്തിൽ പ്രതിഫലിക്കുന്നതു സമൂഹത്തിൽ, കുടുംബത്തിൽ, സഭയിൽ ഉള്ള അധികാരങ്ങളുടെ മുൻപിലുള്ള കീഴടക്കം എന്ന നിലയിലാണ്. ഇന്നു സമൂഹത്തിൽ നാം എവിടെയും നമുക്കു മുകളിൽ അധികാരങ്ങളെ കാണുന്നു. ഓഫീസിൽ മാനേജരാണ് അധികാരി. ബസിൽ കയറുമ്പോൾ കണ്ടക്ടറാണ് അവിടുത്തെ അധികാരി. കോടതിയിൽ ന്യായാധിപൻ അധികാരിയാണ്. റോഡിൽ ട്രാഫിക് പോലീസുകാരനാണ് അധികാരി. കുടുംബത്തിൽ കുടുംബനാഥൻ. അങ്ങനെ

---

(confessed and forsaken them), and who desire Jesus more than anyone or anything else (they are immersed with the Name of Jesus).

- I need no repentance when I can honestly say that God is my number one and only priority
- I need no repentance when I can honestly say that Jesus is my most favorite Person
- I need no repentance when Jesus and His approval is the ONLY thing that matters to me

This is to be the steady-state position of the Christian. This must be the home and constant place of rest for every Christian. Whenever I don't have this simple and pure devotion to Jesus – where He is most important to me, I am under a cloud of deception (*2 Corinthians 11:3*), and I am in need of restoration.

**FINALLY:**

When I come to the end of my repentance, then I'm ready to understand the full lesson in the story of the lost sheep (Luke 15:1-7).

Because that is when I can understand the heart of the Good Shepherd (Jesus), and even share His heart. I can tell the Good Shepherd, "There's one of us that's lost. Please, dear Shepherd, go get that one lost sheep. And don't worry about me. I'll be waiting here for you. I choose to always make my home in You. Because You are the Only Person who matters to me"

What a blessed life this is to live. May God make this a reality for us.

❖

നമ്മൾ സൂക്ഷ്മതയുള്ളവരാണെങ്കിൽ എവിടെയും നമുക്ക് അധികാരങ്ങളെ കണ്ടെത്തുവാൻ കഴിയും. എല്ലാ അധികാരങ്ങളും സ്വഭാവികമായും അനുസരണം അവകാശപ്പെടുന്നു. നാമാകട്ടെ അവയെ അനുസരിക്കുക മാത്രമല്ല അവയ്ക്ക് കീഴടങ്ങുകയും വേണം. കാരണം ദൈവത്താൽ ആക്കിവയ്ക്കപ്പെട്ടതാണല്ലോ ആ അധികാരങ്ങൾ. അതുകൊണ്ട് പൗലൊസ് ഇങ്ങനെ പറയുന്നു: 'ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ. ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു' (റോമർ 13:1,2). തുടർന്നുള്ള വചനങ്ങളിൽ ഈ അധികാരിയെ 'ദൈവശുശ്രൂഷക്കാരൻ' (God's minister) എന്നു വിളിക്കാനും പൗലൊസ് മടിക്കുന്നില്ല. 'അധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ ഇച്ഛിക്കുന്നുവോ?....... നിന്റെ നന്മയ്ക്കായിട്ടല്ലോ അവൻ ദൈവശുശ്രൂഷക്കാരനായിരിക്കുന്നത്? നീ തിന്മ ചെയ്താലോ ഭയപ്പെടുക. വെറുതെ അല്ല അവൻ വാൾ വഹിക്കുന്നത്. അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷയ്ക്കായി പ്രതികാരിയായ ദൈവശുശ്രൂഷക്കാരൻ തന്നെ. അതുകൊണ്ടു ശിക്ഷയെ മാത്രമല്ല മനസ്സാക്ഷിയെയും വിചാരിച്ചു കീഴടങ്ങുക ആവശ്യം. അതുകൊണ്ടു നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവശുശ്രൂഷകന്മാരും ആ കാര്യം തന്നെ നോക്കുന്നവരുമാകുന്നു. എല്ലാവർക്കും കടമായുള്ളതു കൊടുപ്പിൻ. നികുതി കൊടുക്കേണ്ടവനു നികുതി, ചുങ്കം കൊടുക്കേണ്ടവനു ചുങ്കം, ഭയം കാണിക്കേണ്ടവനു ഭയം, മാനം കാണിക്കേണ്ടവനു മാനം" (13:4-7)

ഒരു ചെറിയ ഖണ്ഡികയിൽ മൂന്നുവട്ടമാണു പൗലൊസ് അധികാരിയെ ദൈവശുശ്രൂഷക്കാരൻ എന്നു വിളിക്കുന്നത്. അതുകൊണ്ടു മനസ്സാക്ഷിയെ വിചാരിച്ചും അവർക്കു കീഴടങ്ങണം. കാരണം അതു ദൈവത്താൽ നിയമിക്കപ്പെട്ട അധികാരമാണ്.

അധികാരത്തെപ്പറ്റിയുള്ള ഈ ബോധ്യം തന്റെ വിചാരണയ്ക്കിടയിൽ യേശുവും വ്യക്തമാക്കുന്നുണ്ട്. പീലാത്തോസ് തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തെക്കുറിച്ചു മേനി പറയുന്ന സന്ദർഭത്തിലാണത്. പീലാത്തോസ് ചോദിച്ചു: 'എനിക്കു നിന്നെ ക്രൂശിപ്പാൻ അധികാരമുണ്ടെന്നും നിന്നെ വിട്ടയപ്പാൻ അധികാരമുണ്ടെന്നും നീ അറിയുന്നില്ലയോ' യേശുവിന്റെ മറുപടി ഇങ്ങനെ: 'മേലിൽ നിന്നു നിനക്കു കിട്ടീട്ടില്ല എങ്കിൽ നിനക്ക് ഒരധികാരവും ഉണ്ടാകയില്ലായിരുന്നു' (യോഹ 19:10,11). ദൈവത്താൽ ആക്കി വയ്ക്കപ്പെട്ട ഈ അധികാരങ്ങൾ ചിലപ്പോൾ നീതിയായി പെരുമാറിയെന്നുവരികയില്ല. പീലാത്തോസ് തന്നെ ഉദാഹരണം. 'ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ലെ'ന്നു പറഞ്ഞു കൈകഴുകിയ പീലാത്തോസ് തന്നെയെഹൂദന്മാരെ ഭയന്നും ജനത്തിന്റെ കയ്യടി കൊതിച്ചും ഒരു ഭീരുവിനെപ്പോലെ 'അവനെ ക്രൂശിക്കേണ്ടതിന് അവർക്ക് ഏല്പിച്ചുകൊടുത്തു.' (19:16). പക്ഷേ പ്രകടമായ ഈ അനീതിക്കു മുൻപിൽ യേശു പ്രതികരിച്ചില്ല. 'കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു' (യെശ 53:7). ഈ സംഭവം പിന്നീടു പത്രോസ് ഇങ്ങനെ അനുസ്മരിക്കുന്നു: 'അവൻ പാപം ചെയ്തിട്ടില്ല. അവന്റെ വായിൽ വഞ്ചന ഒന്നും

ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രേ ചെയ്തത്' (1പത്രോ 2:22,23).അധികാരി നീതിയായി പെരുമാറാതിരുന്നിട്ടും അന്യായമായ വിധി പുറപ്പെടുവിച്ചിട്ടും ഉള്ളിൽ നിന്നു നേരിയ മത്സരം പോലുമില്ലാതെ മേലിൽ നിന്ന് ആക്കിവയ്ക്കപ്പെട്ട ആ അധികാരത്തിനു യേശു കീഴടങ്ങി. യേശുവിന്റെ ഈ കീഴടങ്ങലിന് അവിടുത്തെ ശിഷ്യന്മാരായ നമ്മുടെ ജീവിതത്തിലുള്ള പ്രസക്തിയിലേക്കും പത്രോസ് അവിടെത്തന്നെ വിരൽ ചൂണ്ടുന്നുണ്ട് - 'ക്രിസ്തുവും നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വച്ചേച്ചുപോയി' (1 പത്രോ.2:21). ഈ മാതൃക പിന്തുടർന്നു 'നാം യജമാനന്മാർക്കു, നല്ലവർക്കും ശാന്തന്മാർക്കും മാത്രമല്ല മൂർഖന്മാർക്കു കൂടെ കീഴടങ്ങിയിരിക്കണം. ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദുഃഖവും സഹിച്ചാൽ അതു പ്രസാദം ആകുന്നു. നിങ്ങൾ കുറ്റം ചെയ്തിട്ട് അടി കൊള്ളുന്നതു സഹിച്ചാൽ എന്തു യശ്ശസ്സുള്ളു? അല്ല നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിനു പ്രസാദം. അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്' (1 പത്രോസ് 2:18-20).

നാം നല്ല യജമാനന്മാർക്ക് (അധികാരങ്ങൾക്ക്) മാത്രമല്ല മൂർഖന്മാർക്കും കൂടി കീഴടങ്ങിയിരിക്കണമെന്നാണ് ഇവിടെ ആവശ്യപ്പെട്ടിരിക്കുന്നത്. യജമാനന്മാർ കേവലം അനുസരണം കൊണ്ടുതന്നെ തൃപ്തരായിരിക്കും എന്നിരിക്കെ എന്തിനാണു നമ്മോട് അനുസരണത്തിനമപ്പുറം കീഴടക്കം ആവശ്യപ്പെട്ടിരിക്കുന്നത്? വാസ്തവത്തിൽ നാം ഉള്ളിൽ മത്സരത്തോടെ, പിറുപിറുപ്പോടെ, യജമാനന്മാരെ അനുസരിച്ചാൽ നമ്മിലുള്ള ക്രിസ്തുവിന്റെ ജീവനു തൃപ്തിയാവുകയില്ല എന്നതിനാലാണത്. പുറത്തു മത്സരം (rebellion) കാണിക്കുന്നില്ല; എന്നാൽ അകമേ മത്സരമനോഭാവം പുലർത്തിയാൽ യജമാനന്മാർക്കതു കാണാൻ കഴിയുകയില്ലെങ്കിലും തീജ്വാലയ്ക്കൊത്ത കണ്ണോടു കൂടിയവനായ ദൈവത്തിന് അതു കാണാം. പുറമെ മത്സരം ഇല്ലാത്തതാണ് അനുസരണം. അകമേയും മത്സരം ഇല്ലാത്തതാണു കീഴടക്കം. ക്രിസ്തുവിന്റെ ജീവന് അനുസരണം പോരാ, കീഴടക്കം തന്നെ വേണം. എന്തുകൊണ്ടാണതങ്ങനെ? രണ്ട് കാരണങ്ങളാണ് : ഒന്ന്; യേശു ഈ ഭൂമിയിലായിരുന്നപ്പോൾ അവിടുന്ന് അധികാരങ്ങളോടു പുലർത്തിയിരുന്ന മനോഭാവം അതായിരുന്നു. യേശുവിന്റെ ഈ ജീവന്റെ പങ്കാളിത്തം അവിടുത്തെ കാൽച്ചുവടു പിന്തുടരുന്ന നമ്മെയും അതിനു നിർബന്ധിക്കുന്നു. രണ്ട്: മത്സരത്തിലൂടെയാണ് ആദ്യം പാപം വന്നത് എന്നതുകൊണ്ടു തന്നെ ദൈവത്തിന് അതു സഹിച്ചുകൂടാ (യെശ. 14:12-14, യെഹ:28:16-17). 'മത്സരം ആഭിചാരദോഷം പോലെയും ശാഠ്യം മിത്ഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു' എന്നാണു ദൈവം വിലയിരുത്തുന്നത് (1ശമു. 15:23). മത്സരം ആത്മാവിലെ കളങ്കമാണ്. യിസ്രായേൽ മക്കളുടെ മത്സരങ്ങളെ ദൈവം എത്ര കർശനമായി കൈകാര്യം ചെയ്തതെന്നും ഓർക്കുക. ചുരുക്കത്തിൽ ഭൂമിയിലെ അധികാരങ്ങൾക്കു കീഴടങ്ങുക. ഈ കീഴടക്കം മനുഷ്യജീവികളെന്ന നിലയിലുള്ള നമ്മുടെ മാന്യതയും അന്തസ്സും ചോർത്തിക്കളഞ്ഞുവെന്നോ നാം ലോകമനുഷ്യർക്കു അടിമകളായെന്നോ കരുതേണ്ടതില്ല. കാരണം നാംആത്യന്തികമായി ദൈവത്തിനാണു കീഴടങ്ങുന്നത്. നാം നമ്മുടെ രക്ഷി

താവായ ദൈവത്തിന്റെ ഉപദേശത്തെ ഇതുമൂലം അലങ്കരിക്കുകയാണ് ചെയ്യുന്നത് (തീത്തോസ് 2:9).

'ദാസന്മാർ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ഉപദേശത്തെ സകലത്തിലും അലങ്കരിക്കേണ്ടതിനു കീഴടങ്ങി സകലവിധത്തിലും പ്രസാദം വരുത്തുന്നവർ' ആയിരിക്കണം എന്നു പറയുമ്പോൾ തന്നെ ഇതിനെന്തെങ്കിലും ഒരു ഒഴിവുണ്ടോ എന്നും ചിന്തിക്കേണ്ടതുണ്ട്. ഉവ്വ്, ഒഴിവുണ്ട്. ദൈവവചന വിരുദ്ധമായ ഒരു കാര്യം യജമാനൻ പറഞ്ഞാൽ നാം അതിനു കീഴടങ്ങരുത്. വിനയത്തോടെ 'സാദ്ധ്യമല്ല' എന്നു തന്നെ പറയണം. അതുമൂലം ഉണ്ടാകുന്ന കഷ്ടങ്ങൾ നാം സന്തോഷത്തോടെ സഹിക്കണം. അപ്പോസ്തല പ്രവർത്തികളിൽ നിന്ന് ഒരു ഭാഗം ഇതിന് ഉപോദ്ബലകമായി ഉദ്ധരിക്കട്ടെ: "പിന്നെ അവരെ വിളിച്ചിട്ട് യേശുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുത്, ഉപദേശിക്കയും അരുത് എന്ന് കല്പിച്ചു. അതിനു പത്രോസും യോഹന്നാനും: ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നതു ദൈവത്തിന്റെ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ. ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നതു പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല എന്ന് ഉത്തരം പറഞ്ഞു" (4:18-20) എത്ര വ്യക്തമായ നിലപാട്, ധീരവും!

പൊതുസമൂഹത്തിൽ മാത്രമല്ല സഭയിലും കുടുംബത്തിലും അധികാരങ്ങളുണ്ട്. അവയ്ക്കും കീഴടങ്ങണം. ഭവനത്തിൽ ഭാര്യ ഭർത്താവിനു കീഴടങ്ങണമെന്നു പത്രോസ് പറയുന്നു (1പത്രോ3:1). പൗലൊസ് ഇക്കാര്യം കൂടുതൽ മൂർച്ചയോടെ പറഞ്ഞിട്ടുണ്ട് - 'ഭാര്യമാരേ, കർത്താവിന് എന്നപോലെ സ്വന്തഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ' (എഫെ. 5:22); 'സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കണം' (5:24).

ഈ കല്പനയുടെ ലംഘനമാണ് ഇന്നു പല ഭവനങ്ങളിലെയും പ്രശ്നങ്ങൾക്കു കാരണം. ഇത് അനുസരിക്കാൻ പ്രയാസമായതു കൊണ്ട് വിവാഹ ഉടമ്പടിയിൽ നിന്നു പോലും ഈ ഭാഗം ഇന്ന് ഒഴിവാക്കുന്നു! അല്ലെങ്കിൽ ഈയിടെ ഇംഗ്ലണ്ടിൽ നടന്ന പ്രശസ്തമായ രാജകീയ വിവാഹത്തിന്റെ കാര്യം തന്നെ നോക്കുക. ബ്രിട്ടന്റെ കിരീടാവകാശി ചാൾസിന്റെയും പരേതയായ ഡയാനയുടെയും മകനായ ഹാരി രാജകുമാരനും മേഗൻ മാർക്കിളും തമ്മിലുള്ള വിവാഹമായിരുന്നു അത്. ഭർത്താവിനു കീഴടങ്ങി അനുസരിച്ചു കൊള്ളാം എന്ന വിവാഹപ്രതിജ്ഞയിലെ വാചകം ഒഴിവാക്കിയാണത്രെ ഹോളിവുഡ് നടിയായ മേഗൻ മാർക്കിൾ ഉടമ്പടി വാചകം ചൊല്ലിയത്! ഇതു വാസ്തവത്തിൽ ചരിത്രത്തിന്റെ ആവർത്തനമായിരുന്നു. 1981 ജൂലൈ 29നു നടന്ന ചാൾസ് -ഡയാന വിവാഹത്തിൽ ഡയാന രാജകുമാരിയും കീഴടങ്ങി അനുസരിക്കാം എന്ന ഭാഗം വിട്ടുകളഞ്ഞു. ഇതിന്റെ ഫലം എന്തായിരുന്നു? ഭർത്താവിനു കീഴടങ്ങാത്ത, സ്വേഛാനുസരണമുള്ള ഒരു ജീവിതമായിരുന്നു ഡയാനയുടേതെന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ഒടുവിൽ ആർക്കും കീഴടങ്ങാത്ത ആ സ്വതന്ത്രജീവിതമാണ് അവരെ അന്തിമ ദുരന്തത്തിലേക്കും മരണത്തിലേക്കും നയിച്ചത്. എന്നാൽ അമ്മാവിയമ്മയുടെ ജീവിതം പോലും ഇന്നു മരുമകൾക്കു പാഠമായില്ല! 'യഥാ മാതാ തഥാ പുത്രി' എന്ന ചൊല്ലു ശരിവച്ചുകൊണ്ടു മേഗൻ മാർക്കിളും ഡയാന

യെപ്പോലെ ഭർത്താവിനു 'കീഴടങ്ങാൻ' വിസ്സമ്മതിച്ചു. ഡയാനയുടെ ജീവിതത്തിൽ അതുമൂലം ഉണ്ടായ ദുരന്തത്തിന്റെ ചരിത്രം മേഗന്റെ ജീവിതത്തിൽ ആവർത്തിക്കാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുകയല്ലാതെ നമുക്ക് എന്തു ചെയ്യാൻ കഴിയും?

കുടുംബജീവിതത്തിൽ ഭാര്യഭർത്താവിനു കീഴടങ്ങണം എന്നതിനെക്കുറിച്ചാണല്ലോ നാം പറഞ്ഞുവന്നത്. എന്നാൽ വിജയകരമായ ഒരു കുടുംബജീവിതത്തിനു ഭാര്യമാത്രം കീഴടങ്ങിയാൽ മതിയോ? ദൈവവചനം വളരെ യാഥാർത്ഥ്യബോധം പുലർത്തുന്നതായതുകൊണ്ടു ഭർത്താവും ഭാര്യയ്ക്കു കീഴടങ്ങേണ്ടതുണ്ടെന്നു പറയുന്നുണ്ട് - 'ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴടങ്ങിയിരിപ്പിൻ' എഫേ 5:21)

ഇവിടെ ഒരു കാര്യം കൂടി ചിന്തിക്കേണ്ടതുണ്ട്. സമൂഹത്തിലെന്നപോലെ കുടുംബത്തിലെ കീഴടക്കത്തിനും ദൈവവചനം എന്തെങ്കിലും ഒഴിവു നൽകുന്നുണ്ടോ? നേരത്തെ അധികാരികൾക്കു കീഴടങ്ങുന്നതിനെക്കുറിച്ചു പറഞ്ഞപ്പോൾ ദൈവവചനത്തിനു വിപരീതമായ ഒരു കാര്യത്തിൽ യജമാനനു ദാസൻ കീഴടങ്ങേണ്ടതില്ല എന്നു ചൂണ്ടിക്കാട്ടിയതുപോലെ കുടുംബജീവിതത്തിലും കർത്താവിന് ഉചിതമല്ലാത്ത കാര്യത്തിൽ കീഴടക്കം വേണ്ടെന്നു പൗലൊസ് വ്യക്തമാക്കുന്നുണ്ട് -'ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കർത്താവിൽ ഉചിതമാകുംവണ്ണം കീഴടങ്ങുവിൻ (കൊലോ. 3:18).

ദൈവത്തിനും വചനത്തിനും വിവിധ അധികാരങ്ങൾക്കുംകീഴടങ്ങുന്നതിനെപ്പറ്റിയാണല്ലോ നാം ഇതുവരെ ചിന്തിച്ചത്. എന്നാൽ ഈ നിലയിലെല്ലാം കീഴടങ്ങുന്നതിന്റെ പ്രയോജനം എന്താണ്? അതു നമ്മെ സമാധാനത്തിലേക്കും സന്തോഷത്തിലേക്കും ആത്യന്തികമായ സ്വാതന്ത്ര്യത്തിലേക്കും നയിക്കും എന്നതാണതിന്റെ ഗുണഫലം. ഒറ്റക്കേഴ്വിക്ക് ഇതൊരു കടങ്കഥപോലെ തോന്നും. കീഴടങ്ങിയാൽ എങ്ങനെയാണു സ്വാതന്ത്ര്യം ലഭിക്കുക? ഒരു വാക്യം കാണുക: 'ദൈവരാജ്യം... നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമാണ്' (റോമർ 14:17). ദൈവരാജ്യം, ദൈവം രാജാവായിരിക്കുന്ന ഇടമാണ്. ദൈവം രാജാവാകണമെങ്കിൽ അവിടുത്തേക്കു നാം കീഴടങ്ങേണ്ടതുണ്ടല്ലോ. അങ്ങനെ കീഴടങ്ങി നാം ദൈവരാജ്യാനുഭവത്തിലേക്കു പ്രവേശിക്കുമ്പോൾ അവിടെ നീതിയും സമാധാനവും സന്തോഷവും അതു നല്കുന്ന സുരക്ഷിതത്വവും ആത്യന്തികമായി സുരക്ഷിതബോധം തരുന്ന സ്വാതന്ത്ര്യവും ലഭ്യമാണ്.

ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന പ്രശസ്ത മിഷനറി സ്റ്റാൻലി ജോൺസ് ഒരിക്കൽ 'കീഴടക്കത്തിലൂടെ സ്വാതന്ത്ര്യം' എന്ന വിഷയത്തെക്കുറിച്ച് ഒരു ചെറിയ സദസ്സിൽ പ്രസംഗിക്കുകയായിരുന്നു. ആ സദസ്സിൽ ഒരു പട്ടാളബ്രിഗേഡിയറും ഉണ്ടായിരുന്നു. മീറ്റിംഗ് കഴിഞ്ഞപ്പോൾ അദ്ദേഹം സ്റ്റാൻലി ജോൺസിനോടു പറഞ്ഞു: "ഞങ്ങൾ പട്ടാളക്കാർ ഏറ്റവും കൂടുതൽ ഭയപ്പെടുന്ന ഒരു വാക്കിനെക്കുറിച്ചാണ് താങ്കൾ ഇന്നു പ്രസംഗിച്ചത്. 'കീഴടങ്ങുക' എന്ന വാക്കാണു ഞങ്ങൾ ഏറ്റവും കൂടുതൽ പേടിക്കുന്നത്."

വാസ്തവത്തിൽ സൈനികർ മാത്രമല്ല, എല്ലാ മനുഷ്യരും ഉള്ളിന്റെയുള്ളിൽ കീഴടങ്ങുന്നതിനെ ഭയപ്പെടുന്നു. എന്നാൽ ദൈവം യഥാർത്ഥ സ്വാതന്ത്ര്യവും വിജയവും കീഴടങ്ങുന്നതിലൂടെയാണു നമുക്കു ലഭ്യമാക്കുന്നത്.

'ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ.'

## Thought for the month

# OUR ANCHOR AT THE THRONE OF GOD

### Santosh Poonen

Do you remember the hope that you had when you first became a believer in Jesus? As you reflect on your life now, does it seem like that hope has disappointed? Many Christians, sadly, are not living the reality of the life they hoped to have when they were born again. Yet, God promised us that when the love of God is poured out within our hearts through the Holy Spirit, we will have a hope that does not disappoint (Romans 5:5).

We read in Hebrews 7:19 that when Christ came, we were given a "better hope" – one which allows us to "draw near to God." We read more about this hope in the previous chapter. Firstly, we are told that God wants to encourage strongly to take hold of this hope. So, He not only spoke it, but then – even though it is impossible for Him to lie – also guaranteed it with an oath (Hebrews 6:17-18). Then, we are told that this hope is like an anchor (v19). An anchor is a heavy metal object attached to a chain which is used to prevent boats from drifting out to sea or being dashed on the rocks. But, if you have the anchor just sitting in your boat, it is useless. Likewise, if the anchor is simply hanging over the side of the boat dipping in the water, it is still useless. It is only if the anchor goes all the way to the bottom of the ocean and grips into solid ground there, that it becomes useful.

We are told in Hebrews 6:19-20 that the place where our spiritual anchor will grip is "within the veil where Jesus has entered as a forerunner for us." Here we are reminded about the tabernacle where the Israelites worshiped God under the Old Covenant. The first and largest area of the tabernacle was the "Outer Court", which included the altar of burnt offerings and the bronze laver of water. This was the busiest and most congregated area of the tabernacle. This is a picture of our initial relationship with God as forgiver of our sins, and our death and resurrection with Him represented by water baptism. But, if this is the extent of our relationship with God, our spiritual anchor is not firm.

The next area of the tabernacle was the "Holy Place", which included objects related to Old Covenant priestly worship like the alter of incense, golden candlestick, etc. This area was quieter than the Outer Court, but there was still frequent activity here. This is a picture of a deeper level of relationship with God through being filled with the Holy Spirit, receiving spiritual gifts, and having a ministry in the church. But, if even this is the extent of our relationship with God, our spiritual anchor still does not have a fixed mooring point.

At the end of the Holy Place was the "veil" behind which was the "Most Holy Place". In the Most Holy Place there was no activity at all, but that is where God actually dwelt. So, we are reminded of this Old Covenant tabernacle, to tell us that the only way we will have an unshakeable hope is if we follow Jesus all the way through the veil into the presence of God and are anchored there. Other examples may lead us to many good things related to God. Jesus is the only one, however, who can lead us all the way to the very throne of God.

The result is that we will never be satisfied with any other experience with God, but desire only Him, and to be in His presence at all times. This is what it truly means to worship in spirit and truth in the New Covenant (John 4:24). So, examine your heart, dear friend. If you desire only the good things Jesus can do for you – whether they are good earthly things (healing, material blessing, etc.), or good spiritual things (forgiveness, victory, etc.), your anchor is not firm. If, however, Jesus Himself is truly all that you desire (Psalm 73:25), then you anchor is moored well, and none of life's storm can ever harm you. Amen.

**JEEVA MOZHIKAL** RNI/KERBIL/-2003/21404
**July 2018** www.jeevamozhikal.org
Annual Subscription Rs. 150/-

**Registered No: KL/KTM/46/2018-20**
Licence No: KL/CR/KTM/WPP-15/2018-20
Licence to Post without prepayment
Date of Publication 28-06-2018

# സത്യസന്ധതയാണ് ഏറ്റവും നല്ല നയം

'ഏറ്റവും വിദഗ്ധമായ നുണകൾക്ക് ഒരാഴ്ചത്തെ ആയുസ്സേയുള്ളു' - തമിഴിലെ ഒരു ചൊല്ലാണ്. ജർമൻ ഭാഷയിൽ ഇതുപോലെ ഒരു ചൊല്ലുണ്ട്. - 'നുണകൾക്ക് തീരെ കുറിയ കാലുകളാണുള്ളത്.' രണ്ടാം ലോകമഹായുദ്ധം വന്നപ്പോൾ ജർമൻ പ്രചാരണ മന്ത്രിക്ക് ഒരു കാൽ നഷ്ടപ്പെട്ടു. അന്നു രസികന്മാരായ ജർമൻകാർ മേൽപറഞ്ഞ ചൊല്ല് അല്പം പരിഷ്കരിച്ച് 'നുണകൾക്ക് ഒറ്റക്കാലേ ഉള്ളു' എന്നാക്കി. തമിഴിലേയും ജർമൻ ഭാഷയിലെയും രണ്ടു ചൊല്ലുകളുടെയും അർത്ഥം ഒന്നു തന്നെ. ബൈബിളിൽ ഈ കാര്യം ഇങ്ങനെ പറഞ്ഞിട്ടുണ്ട്- 'മൂടി വച്ചതെല്ലാം ഒരിക്കൽ വെളിവാക്കും. രഹസ്യങ്ങളെല്ലാം ഒരിക്കൽ പരസ്യമാകും' (ലൂക്കോസ് 12:2)

ആത്മാവിന്റെ ഫലമായ വിശ്വസ്തത (സത്യസന്ധത) നമ്മിൽ കുറവാണോ? നികുതി വെട്ടിക്കുന്നതിലോ സർക്കാരിനെ കബളിപ്പിക്കുന്നതിലോ തെറ്റൊന്നും കാണാത്തവരാണ് ഇന്നു ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്ന പലരും. പക്ഷേ സത്യസന്ധതയിലാണു ദൈവികമായ എല്ലാ അനുഗ്രഹങ്ങളും തഴച്ചു വളരുന്നത്. ദൈവം ഈ കാര്യങ്ങളെ ഇങ്ങനെയാണു ക്രമീകരിച്ചിരിക്കുന്നത് - എല്ലാ നുണകളും ഇന്നല്ലെങ്കിൽ നാളെ വീണു തകർന്നു പോകും. റോമാ സാമ്രാജ്യം തകർന്നു പോയതു ബാഹ്യശക്തികളുടെ ആക്രമണത്താലല്ല, മറിച്ച് ആ സാമ്രാജ്യത്തിന്റെ ഭരണാധികാരികളുടെയും ഉദ്യോഗസ്ഥരുടെയും ആന്തരികമായ ധാർമിക ജീർണത മൂലമത്രേ.

പാലിൽ വെള്ളം ചേർക്കാൻ മടിക്കാത്ത പാൽക്കാരൻ തന്റെ സത്യസന്ധത തെളിയിക്കാൻ കറവപ്പശുവിനെയും കിടാവിനെയും വീടുതോറും നടത്തിക്കൊണ്ടു വന്ന് ആവശ്യക്കാരുടെ കൺമുന്നിൽ വച്ചു പാൽ കറന്നു കൊടുക്കുന്ന കാഴ്ച ചിലയിടങ്ങളിൽ കാണാം. ഇതു കാണിക്കുന്നത് സത്യസന്ധതയില്ലായ്മ നമ്മെ കൂടുതൽ അദ്ധ്വാനത്തിലേക്കു നടത്തും എന്നതാണ്. എല്ലാ അവിശ്വസ്തതയും ആന്തരികമായ സംഘർഷത്തിലും ദുഃഖത്തിലുമേ നമ്മെകൊണ്ടുചെന്ന് എത്തിക്കു. ഇംഗ്ലീഷിലെ ചൊല്ലുപോലെ 'സത്യസന്ധത തന്നെയാണ് ഏറ്റവും നല്ല നയം.'- "നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ. ഇതിൽ അധികമായതു ദുഷ്ടനിൽ നിന്നു വരുന്നു" (മത്തായി 5:37).

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.